Reg. No. M. 2293 | ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മിഥുനം 31—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂലൈ 15 | ലക്കം 45

## *കേരളത്തിലെ പുരാതന സഭ

### ചരിത്രപരമായ ഒരവലോകനം

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

ക്രിസ്ത്വബ്ദം 1599-ൽ ഉദയംപേരൂർവെച്ചു് നടന്ന സൂന്നഹദോസിനു മുമ്പു് കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവർ ഏതു സഭയുടെ അംഗങ്ങളായിരുന്നു എന്നതു ചരിത്രകാരന്മാരുടെ ഇടയിൽ വിവാദവിഷയമായി തീർന്നിട്ടുള്ള ഒരു വസ്തുതയാണു്. കേരളത്തിലെ പുരാതനസഭയെ സംബന്ധിച്ചുള്ള ചരിത്രകാരന്മാരുടെ വിവിധാഭിപ്രായങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

വിവിധവാദഗതികൾ

1. കത്തോലിക്കാസഭ. പതിനാറാം നൂററാണ്ടിനു മുമ്പു് കേരളത്തിലെ ക്രൈസ്തവർ കത്തോലിക്കാ സഭാംഗങ്ങളായിരുന്നുവെന്നും, റോമാമാർപ്പാപ്പായെ തങ്ങളുടെ ആദ്ധ്യാത്മികതലവനായി അവർ സ്വീകരിച്ചിരുന്നുവെന്നും, പേർഷ്യ, ബാബിലോൺ ആദിയായ സ്ഥലങ്ങളിൽ നിന്നും വന്നിരുന്ന കത്തോലിക്കാ മെത്രാന്മാരായിരുന്നു അവരുടെ മേൽ ഭരണകർതൃത്വം നിർവ്വഹിച്ചുകൊണ്ടിരുന്നതെന്നും ഒട്ടനേകം ചരിത്രകാരന്മാർ വാദിക്കുന്നു.

2. യാക്കോബായസഭ. കേരളത്തിലെ പുരാതനസഭ യാക്കോബായസഭയായിരുന്നുവെന്നും അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസായിരുന്നു ഇവിടത്തെ ആദ്ധ്യാത്മികഭരണം നടത്തിയിരുന്നതെന്നും ചില യാക്കോബായ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു.

3. നെസ്തോറിയൻ സഭ. ഒന്നാം നൂററാണ്ടുമുതൽ പതിനാറാം നൂററാണ്ടുവരെയുള്ള കേരളീയസഭ നെസ്തോറിയൻ സഭയായിരുന്നുവെന്നും, ബാബേൽക്കാരായ നെസ്തോറിയൻ മെത്രാന്മാരായിരുന്നു ഇവിടെ ഭരണം നിർവ്വഹിച്ചുകൊണ്ടിരുന്നതെന്നും സമർത്ഥിക്കുന്നതിനു് ഏതാനും നെസ്തോറിയൻ ഗ്രന്ഥകാരന്മാരും പ്രൊട്ടസ്റ്റൻറു്, പാശ്ചാത്യകത്തോലിക്ക ചരിത്രകാരന്മാരിൽ ചിലരും പരിശ്രമിക്കുന്നു.

4. സ്വതന്ത്രസഭ. പതിനാറാം നൂററാണ്ടിനുമുമ്പു് ഇവിടെയുണ്ടായിരുന്ന ക്രൈസ്തവസഭ ഒരു സ്വതന്ത്രസഭയായിരുന്നുവെന്നും, യാതൊരു വിദേശാധിപത്യത്തിനും ഇവിടത്തെ സഭ കീഴ്‌വഴങ്ങിയിട്ടില്ലെന്നും, ഏതാനും പരദേശമെത്രാന്മാർ ഇവിടെ വന്നെത്തിയിട്ടുള്ളതു് കൈവയ്പ്പു് നല്കുന്നതിനുവേണ്ടി മാത്രമായിരുന്നെന്നും ഇന്നാട്ടിലെ മാർത്തോമ്മക്കാരും ഈയിടെയായി സ്വാതന്ത്ര്യരൂപം എടുത്തിരിക്കുന്ന ഓർത്തഡോക്സുകാരും വാദിക്കുന്നു.

ഏവംവിധം കേരളത്തിലെ ക്രൈസ്തവസഭയെപ്പററി ചരിത്രകാരന്മാർ വിവിധാഭിപ്രായങ്ങൾ പുറപ്പെടുവിക്കയും അവരവരുടെ വാദങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി പുരാതനചരിത്രരേഖകൾ വ്യാഖ്യാനിക്കുകയും ചെയ്യുന്നതുനിമിത്തം നിഷ്പക്ഷവാദികളായ സത്യാന്വേഷികൾ യഥാർത്ഥസത്യം ഗ്രഹിക്കുന്നതിനു നിവൃത്തിയില്ലാതെ വിഷമിക്കയാണു് ചെയ്യുന്നതു്. ചരിത്രം എഴുതുന്നതിലോ അവ സൂക്ഷിക്കുന്നതിലോ പുരാതന കേരളീയർക്കുണ്ടായിരുന്ന അശ്രദ്ധനിമിത്തം ഇതു സംബന്ധിച്ചുള്ള പ്രാചീനരേഖകൾ അപൂർവ്വമായിമാത്രമേ ലഭിച്ചിട്ടുള്ളുവെന്ന വാസ്തവം തുറന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഏതായാലും ഇതു സംബന്ധിച്ചു ലഭിച്ചിട്ടുള്ള ഏതാനും രേഖകൾ സത്യാന്വേഷികളായ വായനക്കാരുടെ മുമ്പാകെ നിരത്തിവെക്കുന്നതിനത്രേ ഇവിടെ ഞാൻ ഉദ്ദേശിക്കുന്നതു്.

സ്വതന്ത്രസഭാസ്ഥാപനം അസാദ്ധ്യം

ഏതത്കൃത്യത്തിലേക്കു പ്രവേശിക്കുന്നതിനുമുമ്പു് മലങ്കരസഭ ഒരു സ്വതന്ത്രസഭയായിരുന്നുവെന്നുള്ള ചിലരുടെ വാദം സ്വീകാര്യമല്ലെന്നു് ആദ്യമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സഭാസ്ഥാപകനായ ക്രിസ്തു ഓരോ ദേശത്തേക്കും രാജ്യത്തേക്കും വേണ്ടി ഓരോ സ്വതന്ത്രസഭയെ സ്ഥാപിച്ചുകൊള്ളുവാൻ തൻെറ ശിഷ്യന്മാരോടു കല്പിച്ചിട്ടില്ലെന്നും പ്രത്യുത, താൻ സ്ഥാപിച്ച ഏകസഭയുടെ—അതേ, ആ കടുകുവൃക്ഷത്തിൻെറ — ശാഖകളെ ഓരോ രാജ്യത്തും സ്ഥാപിക്കുന്നതിനുമാത്രമേ അനുവദിച്ചിട്ടുള്ളുവെന്നുമത്രേ വേദപുസ്തകം സാക്ഷിക്കുന്നതു്. ഓരോ ദേശത്തിനും രാജ്യത്തിനും ഓരോ സ്വതന്ത്രസഭയെ ക്രിസ്തുനാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ലോകത്തിൽ ഇന്നുള്ള ദേശങ്ങളുടേയും രാജ്യങ്ങളുടേയും സംഖ്യയനുസരിച്ചു് പതിനായിരക്കണക്കിനു സ്വതന്ത്രസഭകൾ ഇന്നു കാണപ്പെടുമായിരുന്നു. ഐക്യത്തിൻേറയും സമാധാനത്തിൻേറയും നാഥനായ ക്രിസ്തു ഏകവിശ്വാസത്തോടുകൂടിയ ഏകദൃശ്യസഭയെ മാത്രമേ ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളുവെന്നത്രേ വേദപുസ്തകവും പിതാക്കന്മാരുടെ സാക്ഷ്യങ്ങളും തെളിയിക്കുന്നതു്. ആ ഏകസഭയെ ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനത്രേ അവിടുന്നു ശിഷ്യന്മാരോടു് ആജ്ഞാപിച്ചിട്ടുള്ളതും. ആകയാൽ വി. തോമ്മാശ്ലീഹാ മലങ്കരയിൽ സ്ഥാപിച്ചതും തുടർന്നു് ഇവിടെ ഉണ്ടായിരുന്നതുമായ സഭ സ്വതന്ത്രമായിരുന്നുവെന്നുള്ള വാദം അടിസ്ഥാനരഹിതമെന്നു സിദ്ധിക്കുന്നു.

അടുത്ത പ്രശ്നം മലങ്കരയിലെ സഭ യാക്കോബായസഭയോ നെസ്തോറിയൻസഭയോ ആയി



കർമ്മലനാഥ. തിരുനാൾ ജൂലൈ 16.

* "കേരളത്തിലേ ക്രൈസ്തവസഭകൾ" എന്ന ഗ്രന്ഥത്തിൽ നിന്നു്. അത്യന്തം വിജ്ഞാനപ്രദവും വിപുലവുമായ ഈ ഗ്രന്ഥം തുച്ഛമായ വിലയ്ക്കു (1 രു. 8 ണ.) ഫാദർ തോമസ് ഇഞ്ചയ്ക്കലോടി, പന്തളം എന്ന മേൽവിലാസത്തിൽ എഴുതിയാൽ കിട്ടുന്നതാണു്.

സുപ്രസിദ്ധങ്ങളായ 3 സിദ്ധൗഷധങ്ങൾ

നിംബാസവം, ദ്രാക്ഷാംഘ്റതം, ശാരിബാതൈലം

കൂടുതൽ വിവരങ്ങൾ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൽ.

കാളൻ, നെല്ലായി

രുന്നുവോ എന്നുള്ളതത്രേ. പതിനാറാം നൂറ്റാണ്ടിനുശേഷം മാത്രമാണ് യാക്കോബായസഭയും നെസ്തോറിയൻ സഭയും ഇക്കേരളത്തിൽ പ്രവേശം സിദ്ധിച്ചതു് എന്നുള്ള ചരിത്രസത്യം തുടർന്നുള്ള ഭാഗങ്ങളിൽ തെളിയിക്കപ്പെടുന്നതാണു്. ക്രിസ്ത്വാബ്ദം 431-ൽ നടന്ന എഫേസോസ് സൂന്നഹദോസിനു ശേഷമാണ് നെസ്തോറിയൻ സഭ ആരംഭിച്ചതെന്നും, ക്രിസ്തുവർഷം 451-ൽ കൂടിയ കൽക്കദോനിയാ സൂന്നഹദോസിനു അനേകവർഷങ്ങൾ കഴിഞ്ഞു മാത്രമാണ് യാക്കോ



ബായസഭ ലോകത്തിൽ ആവിർഭവിച്ചതു് എന്നുമുള്ളതു് ചരിത്രത്തിന്റെ പുറങ്ങളിൽ തെളിഞ്ഞു കിടക്കുന്ന വാസ്തവമാണു്. ആകയാൽ കുറഞ്ഞപക്ഷം ആദ്യത്തെ നാലുനൂറ്റാണ്ടുകാലത്തേക്കു കേരളത്തിൽ നെസ്തോറിയൻസഭയോ യാക്കോബായസഭയോ ഉണ്ടായിരുന്നില്ല എന്ന വാസ്തവം സമ്മതിക്കാതെ നിവൃത്തിയില്ല. ഏതായാലും 16-ാം നൂറ്റാണ്ടിനുമുമ്പ് കേരളീയക്രൈസ്തവർ ഏതു സഭയിൽ ഉൾപ്പെട്ടുനിന്നിരുന്നുവെന്നുള്ള പ്രശ്നത്തിനുത്തരമായി ഏതാനും ചരിത്രരേഖകൾ എന്റെ വായനക്കാരുടെ മുമ്പാകെ നിരത്തിവയ്ക്കുന്നതിനത്രേ ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്.

### 1. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭ

A. D. 52-ൽ മലങ്കരയെത്തിയ വി. തോമ്മാശ്ലീഹാ തന്റെ നാഥന്റെ ആജ്ഞയ്ക്കും അഭീഷ്ടത്തിനും വിരുദ്ധമായി ഒരു സ്വതന്ത്രസഭ ഇവിടെ സ്ഥാപിക്കയില്ലെന്നുള്ളതു് സുനിശ്ചിതമത്രേ. നാലാംനൂറ്റാണ്ടിനുശേഷം മാത്രം ആവിർഭവിച്ച നെസ്തോറിയൻസഭയോ യാക്കോബായസഭയോ ഒന്നാംനൂറ്റാണ്ടിൽ ഈ മലങ്കരയിൽ ഉണ്ടായിരിക്കുവാൻ നിവൃത്തിയുമില്ല. ക്രിസ്തുവിന്റെ ശിഷ്യന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലും പോയി ഏതൊരു സഭയെ പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുവോ—ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ആദ്യനൂറ്റാണ്ടിൽ ഏതൊരുസഭ ഉണ്ടായിരുന്നുവോ—ആ സഭതന്നെ ആയിരിക്കണം വി. തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ചതും ആദ്യനൂറ്റാണ്ടിൽ ഇവിടെ ഉണ്ടായിരുന്നതും. ആ സഭ കത്തോലിക്കാസഭ മാത്രമായിരുന്നെന്നു് നിഷ്പക്ഷവാദികളായ സകല ചരിത്രകാരന്മാരും സമ്മതിക്കയും ചെയ്യുന്നു.

### 2. പന്തേനൂസ് ഉൾപ്പെട്ടുനിന്ന സഭ

രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഇവിടത്തെ ക്രൈസ്തവരുടെ അപേക്ഷയനുസരിച്ചു് അലക്സാണ്ഡ്റിയായിലെ ദിമത്രയോസ് മെത്രാൻ വേദപണ്ഡിതനായ പന്തേനൂസിനെ ഇവിടേക്കു് അയച്ചുതായി വി. യൗസേബിയസ്, വി. ജറോം എന്നീ പിതാക്കന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. പന്തേനൂസ് ഇവിടെയെത്തി ക്രൈസ്തവമതവിശ്വാസത്തിനെതിരായി അക്കാലത്തു വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരുന്ന ഹൈന്ദവപണ്ഡിതന്മാരെ തോല്പിക്കയും ഇവിടത്തെ ക്രൈസ്തവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഭാരതത്തിലെ ക്രൈസ്തവർ അലക്സാണ്ഡ്റിയാ മെത്രാനോടു് മതപരമായ സഹായത്തിനായി അപേക്ഷിച്ച സ്ഥിതിക്കു് അലക്സാണ്ഡ്റിയാ മെത്രാനും അദ്ദേഹത്താൽ അയക്കപ്പെട്ട പന്തേനൂസും ഏതൊരു സഭയുടെ അംഗങ്ങളായിരുന്നുവോ ആ സഭയുടെ അംഗങ്ങളായിരുന്നു ഇവിടത്തെ ക്രൈസ്തവരുമെന്നുള്ളതു് സുസ്പഷ്ടമാണു്.

രണ്ടാം നൂറ്റാണ്ടിൽ ലോകരംഗത്തു് ആവിർഭവിച്ചിട്ടില്ലാതിരുന്ന നെസ്തോറിയൻസഭയും യാക്കോബായസഭയും അലക്സാണ്ഡ്റിയായിൽ അക്കാലത്തു് ഇല്ലായിരുന്നു എന്നുള്ളതു് നിസ്തർക്കമാണല്ലോ. തന്നെയുമല്ല, അലക്സാണ്ഡ്റിയാ പാത്രിയർക്കീസ്സിംഹാസനം റോമാസിംഹാസനത്തിനു കീഴ്‌വഴങ്ങിയിരുന്നുവെന്നു ചരിത്രം തെളിയിക്കയും ചെയ്യുന്നു. ആകയാൽ അലക്സാണ്ഡ്റിയായിലെ ദിമത്രയോസ് മെത്രാനും പണ്ഡിതനായിരുന്ന പന്തേനൂസും കത്തോലിക്കാ സഭാംഗങ്ങളായിരുന്നുവെന്നു സിദ്ധിക്കുന്നു. ഭാരതക്രൈസ്തവരും കത്തോലിക്കരായിരുന്നുവെന്നത്രെ ഈ സത്യം തെളിയിക്കുന്നതു്.

### 3. ഇൻഡ്യയുടെ മെത്രാപ്പോലീത്താ മാർ യോഹന്നാൻ

ക്രിസ്ത്വാബ്ദം 325-ൽ നിഖ്യായിൽ സമ്മേളിച്ച പ്രഥമ സാർവ്വത്രിക സൂന്നഹദോസിൽ ഒപ്പിട്ടവരുടെ കൂട്ടത്തിൽ പേർഷ്യയുടേയും വലിയ ഇൻഡ്യയുടേയും മെത്രാനായ മാർ യോഹന്നാൻ പേരെഴുതി ഒപ്പിട്ടിരിക്കുന്നതായി കാണുന്നു. നിഖ്യാസൂന്നഹദോസിൽ കൂടിയ പിതാക്കന്മാർ റോമാ മാർപ്പാപ്പായുടെ അധികാരത്തിനു വിധേയരായിരുന്നുവെന്നു പ്രസ്തുത സൂന്നഹദോസിന്റെ ചരിത്രംതന്നെ തെളിയിക്കുന്നു. സൂന്നഹദോസിൽ ആദ്ധ്യക്ഷം വഹിച്ച ഹോസിയോസ് മെത്രാൻ അതിലെ നിശ്ചയങ്ങൾക്കു് ഒപ്പിട്ടശേഷം മാർപ്പാപ്പായുടെ പ്രതിനിധികളായ വിത്തസ്സ്, വിന്നസന്തിയോസ്സ് എന്നീ രണ്ടു വൈദികന്മാർ ഒപ്പിട്ടിരിക്കുന്നതായി കാണുന്നു. അതിനുശേഷം മാത്രമാണ് അന്ത്യോക്യയിലേയും അലക്സാണ്ഡ്റിയായിലേയും പാത്രിയർക്കീസന്മാർ പ്രസ്തുത സൂന്നഹദോസുനിശ്ചയങ്ങൾക്കു് ഒപ്പിടുന്നതു്. മാർപ്പാപ്പായുടെ പ്രതിനിധികളായ പട്ടക്കാർ ഒപ്പിട്ടതിനുശേഷം പാത്രിയർക്കീസന്മാർ, മെത്രാന്മാർ ആദിയായ സൂന്നഹദോസ് പിതാക്കന്മാർ ഒപ്പിട്ടതിൽനിന്നും മാർപ്പാപ്പായുടെ പ്രഥമസ്ഥാനം പ്രസ്തുത സൂന്നഹദോസിലെ പിതാക്കന്മാർ അംഗീകരിച്ചുവെന്നല്ലയോ തെളിയുന്നതു്. ആ സ്ഥിതിക്കു് ഇൻഡ്യയുടെ മെത്രാനായ മാർ യോഹന്നാനും മാർപ്പാപ്പായുടെ പരമാധികാരത്തിനു് കീഴ്‌വഴങ്ങിയിരുന്ന ഒരു കത്തോലിക്കാ മെത്രാൻ ആയിരുന്നുവെന്നു തെളിയുന്നു. തന്മൂലം അദ്ദേഹത്താൽ ഭരിക്കപ്പെട്ടിരുന്ന ഭാരതത്തിലേയും മലങ്കരയിലേയും ക്രൈസ്തവർ കത്തോലിക്കരായിരുന്നുവെന്നു സിദ്ധിക്കുന്നു.

### 4 ക്നായിത്തൊമ്മൻ ഏതു സഭാംഗം?

ഏ. ഡി. 345-ൽ സിറിയായിൽനിന്നും കേരളത്തിൽ കുടിയേറിപ്പാർത്ത ക്നായിത്തൊമ്മനും അദ്ദേഹത്തോടൊന്നിച്ചു് ഇവിടെ വന്നെത്തിയ മെത്രാനും, വൈദികരും, ജനങ്ങളും ഇവിടത്തെ ക്രൈസ്തവരുമായി മതപരമായ വിഷയങ്ങളിൽ സഹകരിച്ചു പ്രവർത്തിച്ചതിനാൽ അവരെല്ലാം ഏകസഭയുടെ അംഗങ്ങളായിരുന്നുവെന്നു തെളിയുന്നു. സിറിയായിൽ യാക്കോബായസഭയോ നെസ്തോറിയൻസഭയോ അക്കാലത്തില്ലായിരുന്നുവെന്നതു നിസ്തർക്കമാണല്ലോ. ആകയാൽ ക്നായിത്തൊമ്മനും അദ്ദേഹത്തോടൊരുമിച്ചുവന്ന മെത്രാനും, ജനങ്ങളും, വൈദികന്മാരുമെല്ലാം കത്തോലിക്കരായിരുന്നുവെന്നു തെളിയുന്നു. തന്മൂലം അവരോടു സഹകരിച്ച ഇവിടത്തെ ക്രൈസ്തവരും കത്തോലിക്കരായിരുന്നുവെന്നു സിദ്ധിക്കുന്നു.

### 5. കോസ്മാസിന്റെ വിവരണം

ഏ. ഡി. 522-ൽ കോസ്മോസ് എന്ന വിദേശസഞ്ചാരി ഇൻഡ്യാ, സിലോൺ ആദിയായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഇവിടത്തെ ക്രൈസ്തവരെപ്പറ്റി താഴെക്കാണുംവിധം തന്റെ കൃതികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. "സഭ ക്ഷയോന്മുഖമായിട്ടില്ല. എന്നാലോ നാനാഭാഗങ്ങളിലും വിസ്തീർണ്ണപ്പെട്ടും വ്യാപിച്ചും, ഭൂമി മുഴുവൻ ക്രിസ്തീയതത്വങ്ങളാൽ നിറഞ്ഞും അവ ദിനംപ്രതി എന്നവണ്ണം അഭിവൃദ്ധിപ്രാപിച്ചും, സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെട്ടും വരുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു..........കുരുമുളകു വിളയുന്ന മെയിൽ (മലബാർ) രാജ്യത്തും ക്രൈസ്തവസഭയുണ്ടു്. എന്നു മാത്രമല്ല, "കല്യാണ" എന്ന സ്ഥലത്തു് പേർഷ്യയിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു മെത്രാനും ഉണ്ടു്."(Bibliothica Veterum Patrum t. 2 liber III pp. 449—450.)

കോസ്മോസ് ഇൻഡ്യയിലേയും പ്രത്യേകിച്ചു കേരളത്തിലേയും സഭയെക്കുറിച്ചു് ഇപ്രകാരം പറയുന്ന സ്ഥിതിക്കു് കോസ്മോസ് ഉൾപ്പെട്ടിരുന്ന സഭയിലെ അംഗങ്ങളായിരുന്നു ഇവിടത്തെ ക്രൈസ്തവർ എന്നതിനു സംശയമില്ല. കോസ്മോസിന്റെ സ്വദേശമായ അലക്സാണ്ഡ്റിയായിൽ നെസ്തോറിയൻസഭയോ യാക്കോബായസഭയോ അക്കാലത്തു പ്രവേശിച്ചിട്ടില്ലായിരുന്നു. പിന്നെയോ, കത്തോലിക്കാസഭയായിരുന്നു അവിടെ പ്രചരിച്ചിരുന്നതു്. തന്മൂലം കോസ്മോസ് കത്തോലിക്കനായിരുന്നു എന്നും കേരളത്തിലെ സഭ കത്തോലിക്കാ സഭയായിരുന്നുവെന്നും സിദ്ധിക്കുന്നു.

### 6. കൊല്ലത്തെ കുടിയേറ്റം

ക്രിസ്ത്വാബ്ദം 880-ൽ ബാബേലിൽനിന്നും സബറീശോ എന്ന വണിക്ചരനും അദ്ദേഹത്തോടൊന്നിച്ചു് സാബോർ, പ്രോത്ത് എന്നീ രണ്ടു മെത്രാന്മാരും ഒട്ടനേകം ജനങ്ങളും കപ്പലിൽ കൊല്ലത്തു വന്നിറങ്ങുകയും അവിടെ താമസമാരംഭിക്കയും ചെയ്തു. സാബോർ മെത്രാൻ ഉദയംപേരൂർ ആസ്ഥാനമാക്കിയും പ്രോത്ത് മെത്രാൻ കൊല്ലം ആസ്ഥാനമാക്കിയും മലങ്കരനസ്രാണികളെ ഭരിച്ചുകൊണ്ടിരുന്നതായി കാണുന്നു. ഈ രണ്ടു മെത്രാന്മാരും നെസ്തോറിയരായിരുന്നുവെന്നു ചില ചരിത്രകാരന്മാർ എഴുതിയിട്ടുണ്ടെങ്കിലും അതു വാസ്തവമല്ലെന്നുള്ളതു് നിസ്തർക്കമാണു്. കാരണം, അന്നത്തെ നെസ്തോറിയൻ പാത്രിയർക്കീസായിരുന്ന തീമോത്തിയോസ്സ് മലങ്കരയ്ക്കു് അയച്ചിട്ടുള്ള മെത്രാന്മാരുടെ പട്ടികയിൽ സാബോർ, പ്രോത്ത് എന്നീ നാമങ്ങൾ കാണുന്നില്ലെന്നുള്ളതുതന്നെ. പ്രസ്തുത മെത്രാന്മാരെ മലങ്കരയിലേക്കയച്ചതു് ബാബേലിലെ കത്തോലിക്കനായ "കാതോലിക്കോസ്" ആയിരുന്നു. അതിനാൽ പ്രസ്തുത മെത്രാന്മാരുടെ ഭരണത്തിൻകീഴിലായിരുന്ന ഇവിടത്തെ ക്രൈസ്തവരും കത്തോലിക്കരായിരുന്നുവെന്നു സിദ്ധിക്കുന്നു.

### 7. ആൽഫ്റഡ് രാജാവിന്റെ നേർച്ച

ഇംഗ്ലണ്ടിലെ കത്തോലിക്കാ രാജാവായിരുന്ന ആൽഫ്റഡ് A. D. 885-ൽ സീങ്കളം എന്ന കത്തോലിക്കാ മെത്രാൻവഴി ഏതാനും കാഴ്ചദ്രവ്യങ്ങൾ മൈലാപ്പൂരിലെ മാർത്തോമ്മാശ്ലീഹായുടെ കബറിടത്തിലേക്കു് കൊടുത്തയച്ചതായി ചരിത്രത്തിൽ കാണുന്നു. തോമ്മാശ്ലീഹായുടെ കബറിടം കത്തോലിക്കർക്കു് അധീനമായിരുന്നെന്നും തന്മൂലമാണ് കത്തോലിക്കനായിരുന്ന ആൽഫ്റഡ് രാജാവു് കത്തോലിക്കാ മെത്രാൻവശം കാഴ്ചകൾ കൊടുത്തയച്ചതു് എന്നുമുള്ളതു സ്പഷ്ടമാണു്. ഒരു അകത്തോലിക്കാ ദൈവാലയത്തിൽ കാഴ്ചകൾ കൊടുത്തയക്കുന്നതിനു കത്തോലിക്കനായ ഒരുവൻപോലും സന്നദ്ധനാകുന്നതല്ല. അപ്രകാരംതന്നെ ഒരു കത്തോലിക്കാമെത്രാൻ ഒരു അകത്തോലിക്കാ ദൈവാലയത്തിൽ കാഴ്ചകൾ സമർപ്പിക്കുന്നതുമല്ല. ആകയാൽ മൈലാപ്പൂരിലെ ദൈവാലയവും അവിടത്തെ ക്രൈസ്തവരും കത്തോലിക്കാസഭയിലായിരുന്നുവെന്നു സിദ്ധിക്കുന്നു. മൈലാപ്പൂരിലെ ക്രിസ്ത്യാനികളും കേരളത്തിലെ ക്രൈസ്തവരും അനേകശതവർഷക്കാലത്തേക്കു് പരസ്പരബന്ധം പരിപാലിച്ചുപോന്നു എന്നും, ഇവിടെനിന്നും മൈലാപ്പൂരിലേക്കു് തീർത്ഥയാത്രയായി ക്രിസ്ത്യാനികൾ പോയ്ക്കൊണ്ടിരുന്നുവെന്നും, മൈലാപ്പൂരിലെ ക്രിസ്ത്യാനികൾ ഇവിടെ കുടിയേറിപ്പാർക്കുക ഉണ്ടായി എന്നും, പരസ്പരം ആത്മീയകാര്യങ്ങളിൽ സഹകരിച്ചിരുന്നുവെന്നുമുള്ളതു് ചരിത്രസത്യമാണു്. ആകയാൽ മൈലാപ്പൂരിലെ ക്രൈസ്തവരും ഇവിടത്തെ ക്രൈസ്തവരും ഒരു സഭയുടെ അംഗങ്ങളായിരുന്നുവെന്നു തെളിയുന്നു. മൈലാപ്പൂർ ക്രൈസ്തവർ കത്തോലിക്കരായിരുന്നതിനാൽ ഇവിടത്തെ ക്രൈസ്തവരും കത്തോലിക്കരായിരുന്നു എന്നുള്ളതു് അനർഗ്ഗളസിദ്ധമാണല്ലോ.

### 8. അന്ത്യോക്യയിലെ കത്തോലിക്കാ പാത്രിയർക്കീസന്മാരുടെ ഭരണം

അന്ത്യോക്യയിലെ കത്തോലിക്കാ പാത്രിയർക്കീസ് (ഗ്രീക്കുമല്ക്കായിറു്) പന്ത്രണ്ടാം ശതകത്തിനുശേഷം ബാഗ്ദാദിലെ കാതോലിക്കോസ് മുഖേന പൗരസ്ത്യദേശത്തെ ഭരിച്ചുകൊണ്ടിരുന്നുവെന്നും പ്രസ്തുത കാതോലിക്കോസന്മാർ ഇൻഡ്യയിലേക്കു മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നുവെന്നും "റൗളിൻ" എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു. പന്ത്രണ്ടാം ശതകത്തിലും അതിനുശേഷവും ഇൻഡ്യയിലേയും അക്കൂട്ടത്തിൽ മലങ്കരയിലേയും സഭ അന്ത്യോക്യാ കത്തോലിക്കാ പാത്രിയർക്കീസിന്റെ കീഴിലുണ്ടായിരുന്ന കത്തോലിക്കാസഭയായിരുന്നുവെന്നു ഇതിൽനിന്നും തെളിയുന്നു.

### 9. ഇൻഡ്യയുടെ പാത്രിയർക്കീസ് മാർ യോഹന്നാൻ

ക്രിസ്ത്വാബ്ദം 1122-ൽ "ഇൻഡ്യയുടെ പാത്രിയർക്കീസ്" എന്ന അപരാഭിധാനമുള്ള മാർ യോഹന്നാൻ കുസ്തന്തീനോസ്പോലീസുവഴി മാർപ്പാപ്പായുടെ പ്രതിനിധികളൊന്നിച്ചു് റോമിൽ എത്തി "രണ്ടാം കലിക്സ്റ്റസ്" മാർപ്പാപ്പായെ സന്ദർശിക്കയുണ്ടായി. ഇൻഡ്യയിലെ വിവരങ്ങൾ മാർ യോഹന്നാൻ മാർപ്പാപ്പായെ ധരിപ്പിക്കയും പരിശുദ്ധ പിതാവിൽനിന്നു് "പാലിയവസ്ത്രം" സ്വീകരിക്കയും ചെയ്തു. ഇൻഡ്യയിലെ സഭയെ അന്നു ഭരിച്ചിരുന്ന യോഹന്നാൻ മെത്രാപ്പോലീത്താ കത്തോലിക്കാ മെത്രാനായിരുന്നുവെന്നും തദ്വാരാ, ഇവിടത്തെ സഭ കത്തോലിക്കാസഭയായിരുന്നുവെന്നുംഈ ചരിത്രസത്യവും വിളിച്ചുപറയുന്നു. (Roulin O. C. P. 435)

### 10. ഒഡോറിക്കൂസിന്റെ സാക്ഷ്യം

ക്രിസ്ത്വാബ്ദം 1145-നു മുമ്പ് ഒഡോറിക്കൂസ് വിത്താലിസ് എന്ന ചരിത്രകാരൻ എഴുതിയ കൃതിയിൽ തോമ്മാശ്ലീഹാ സ്ഥാപിച്ച ഇവിടത്തെ സഭയെക്കുറിച്ചു് ഇപ്രകാരം എഴുതിയിരിക്കുന്നു. "അവിടെ തോമ്മാശ്ലീഹായുടെ സിംഹാസനമുണ്ടു്. ഇന്നുവരെ കത്തോലിക്കാവിശ്വാസവും അവിടെയുണ്ടു്." ഇവിടത്തെ ക്രൈസ്തവർ കത്തോലിക്കരായിരുന്നുവെന്നു് ഈ രേഖയും തെളിയിക്കുന്നു. (Mgr. Zaleski. Saints of India P. 144)

### 11. ഡീക്കൻ സക്കറിയാസിന്റെ എഴുത്തു്

ക്രിസ്ത്വാബ്ദം 1301-ൽ ഡീക്കൻ സക്കറിയാസ് എന്ന ആളിനാൽ എഴുതപ്പെട്ട ഒരു പ്രാചീന സുറിയാനിരേഖയിൽ കിഴക്കിന്റെ കാതോലിക്കോസും പാത്രിയർക്കീസുമായ "മാർ എബദ്ജഹാ (v) യുടെയും അദ്ദേഹത്തിന്റെ വികാരിയായ മാർ യാക്കോബുമെത്രാന്റെയും ഭരണത്തിൻ കീഴിലായിരുന്നു ഭാരതീയക്രിസ്ത്യാനികളുടെ സിംഹാസനം—വി. തോമ്മാശ്ലീഹായുടെ സിംഹാസനം—ഇരുന്നതെന്നു് രേഖപ്പെടുത്തിയിരിക്കുന്നു. മാർ എബദ്ജഹാ പാത്രിയർക്കീസ് റോമാമാർപ്പാപ്പായുടെ അധികാരത്തിൻ കീഴിലുള്ള ഒരു ദേഹമായിരുന്നെന്നു 1304-ൽ റോമിലേക്കു് അദ്ദേഹം അയച്ച വിശ്വാസപ്രതിജ്ഞയിൽനിന്നും തെളിയുന്നു. ആകയാൽ ഭാരതീയസഭ അക്കാലത്തു കത്തോലിക്കാ സഭയായിരുന്നുവെന്നു സിദ്ധിക്കുന്നു.

(തുടരും)

# തോമസ് മേർട്ടൻ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

മുൻപൊരിക്കൽ "സത്യദീപ"ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനത്തിൽനിന്നു തോമസ് മേർട്ടനു (സിസ്റ്റേഴ്സിയൻ സഭയിൽ ളൂയീസച്ചൻ)മായി വായനക്കാർ പരിചയപ്പെട്ടിരിക്കുമല്ലോ. ആ ലേഖനം അദ്ദേഹത്തിന്റെ പ്രസിദ്ധമായ Seven Storey Mountain എന്ന ഗ്രന്ഥത്തെപ്പററിയായിരുന്നു. ആ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ ജീവിതകഥാകഥനം



അവസാനിപ്പിക്കുന്നേടത്തുനിന്നു ആരംഭിച്ച്, അദ്ദേഹത്തിന്റെ ആശ്രമജീവിതത്തെപ്പററി പ്രതിപാദിക്കുന്ന മറെറാരു ഗ്രന്ഥമാണ് The Sign of Jonas.

ട്രാപ്പിസ്റ്റ് ആശ്രമത്തിലെ ജീവിതത്തിന്റെ ഒരു ഡയറിയാണ് ഈ ഗ്രന്ഥം. അദ്ദേഹത്തിന്റെ വ്രതവാഗ്ദാനം, ഗ്രന്ഥശാലയിലും പാടങ്ങളിലും പ്രദർശിപ്പിക്കുന്ന കൃത്യനിർവ്വഹണവ്യഗ്രത, ആശ്രമജീവിതത്തിലൂടെ ഒരാത്മാവിന്റെ ഈശ്വരനിലേക്കുള്ള ഉദ്ഗമനം—ഇവയെല്ലാം ഈ ഗ്രന്ഥത്തിൽ ആത്മാർത്ഥതയോടും ഏകാഗ്രവിശ്വാസത്തോടുംകൂടി സരളമായ രീതിയിൽ ഇടയ്ക്കിടെ ഫലിതംകലത്തി പ്രതിപാദിക്കുന്നു. ആറു കൊല്ലക്കാലത്തെ അസാധാരണമായ ആശ്രമജീവിതത്തിന്റെ ഉള്ളുകള്ളികളിലേക്കു നമ്മുടെ കണ്ണുകളെ തിരിക്കുന്നതോടൊപ്പം, ഈ ഗ്രന്ഥം ഒരു അസാധാരണമനുഷ്യന്റെ ഹൃദയവും മനസ്സും നമ്മുടെ മുൻപിൽ വിടർത്തിപ്പിടിക്കുന്നുമുണ്ട്.

വിഷമമേറിയ നിയമങ്ങൾകൊണ്ടു നിറഞ്ഞ, ധ്യാനനിരതമായ, ട്രാപ്പിസ്റ്റ് ജീവിതത്തെക്കാൾ, ധ്യാനപൂർണ്ണമായ ഒരു ജീവിതംകഴിക്കുവാനുള്ള ആഗ്രഹത്തെ അമർത്തുവാനുള്ള ളൂയീസച്ചന്റെ യത്നങ്ങളാണു് ഈ ഡയറിയിലെ പ്രധാന പ്രതിപാദ്യവിഷയം. നോക്കണം, ട്രാപ്പിസ്റ്റ് ആശ്രമത്തിലെ ധ്യാനജീവിതത്തിന്റെ കാർക്കശ്യം അദ്ദേഹത്തിനു പോരാപോലും!

അതൊരു പ്രലോഭനമായിരുന്നുവെന്നു അദ്ദേഹം പറയുന്നു. സാഹിത്യത്തോടു യാത്രപറഞ്ഞു, പൂർണ്ണമായ പ്രാർത്ഥനാജീവിതത്തിൽ മുഴുകുവാൻ ആശ്രമാധികാരികൾ അദ്ദേഹത്തെ അനുവദിക്കാതിരുന്നപ്പോൾ, ആ പ്രലോഭനം പ്രബലപ്പെട്ടു. ഒടുവിൽ ഒരു അയുക്താഭാസംകൊണ്ടു—ജോനാസിന്റെ അയുക്താഭാസംകൊണ്ടു്— അദ്ദേഹം പ്രലോഭനത്തിന്റെ അലതല്ലിൽനിന്നു അകന്നുനിന്നു. അദ്ദേഹം നിനെവെയിൽനിന്നു ഓടിപ്പോയി. എന്നാൽ തിമിംഗലത്തിന്റെ അകത്തട്ടിൽ അകപ്പെട്ട്, അദ്ദേഹം നിനെവെയിലേക്കു തിരിയെ വരേണ്ടിവന്നു, ആ നഗരവാസികളോടു പ്രഭാഷണംചെയ്യുവാൻ. "ദൈവം ഹരിച്ചു കരുതീട്ടുകിൽ" — അദ്ദേഹം എന്തുചെയ്യും? അതായിരുന്നു ഈശ്വരദത്തമായ അദ്ദേഹത്തിന്റെ കർത്തവ്യം. ഒരുകാലത്തു് അദ്ദേഹം വിചാരിച്ചിരുന്നു, ഈശ്വരശാസനങ്ങളോടു അനുരാഗിയായാലേ, ശാന്തിയും ഏകാന്തതയും ലഭ്യമാകൂ എന്നു്. എന്നാൽ തിമിംഗലത്തിന്റെ ഉള്ളിൽ ഒതുങ്ങിയിരുന്നപ്പോൾ അദ്ദേഹത്തിനു് അനുഭൂതമായി ഇവ രണ്ടും.

അദ്ദേഹം എഴുതുന്നു, ഞാൻ ആശ്രമത്തിൽ വന്നതു് ലോകത്തിൽ എനിക്കുള്ള സ്ഥാനം ഗ്രഹിക്കുന്നതിനാണ്. അതു ഗ്രഹിക്കാൻ സാധിക്കാത്തപക്ഷം, ഞാൻ ആശ്രമത്തിൽ എന്റെ സമയം വൃഥാ വ്യയം ചെയ്യുകയായിരിക്കും.

"ആശ്രമത്തിൽവന്നതു് എന്നെ സംബന്ധിച്ചേടത്തോളം, ഏററവുംപററിയ പിൻവാങ്ങലാണ്. അതെനിക്കു യാഥാർത്ഥ്യങ്ങൾ വേണ്ടപോലെ ഗ്രഹിക്കുവാനുള്ള ഒരു കഴിവുനൽകി. അതെന്നെ എങ്ങനെയാണു് ജീവിക്കേണ്ടതെന്നു പഠിപ്പിച്ചു."

അതെ, ആശ്രമജീവിതം നമ്മെ പഠിപ്പിക്കും എങ്ങനെയാണ് ജീവിക്കേണ്ടതെന്നു്.

## നോട്ടീസ

എറണാകുളം പട്ടണത്തെ ഇപ്പോൾ പ്രത്യേകം പ്രത്യേകം പോസ്റ്റൽ ഡെലിവറി വിഭാഗങ്ങളായി തിരിച്ചിരിക്കുന്നതുകൊണ്ടു എഴുത്തുകൾ വേഗത്തിൽ കിട്ടുന്നതിനുവേണ്ടി മേലാൽ ഇങ്ങോട്ടയക്കുന്ന എഴുത്തുകളെല്ലാം എറണാകുളം എന്നതിനു പകരം

**എറണാകുളം-1** എന്നെഴുതി അയക്കേണ്ടതാണ്.

മാനേജർ, സത്യദീപം

## വിനോദവീഥി




കണ്ണാശുപത്രിയിൽ ഒരാൾ: "എന്നതാ പുഹോ ഈ കാലക്കേറി ചവുട്ടീട്ടു പോണെ? ഇതെന്നാ കണ്ണു കാണാൻ പാടില്ലേ?"

മറെറയാൾ: "കണ്ണുശരിക്കു കാണാമായിരുന്നെങ്കിൽപ്പിന്നിങ്ങോട്ടു വരേണ്ടകാര്യമില്ലായിരുന്നല്ലോ?"

* * *




ഡോക്ടർ: ഈ കണ്ണാടി വച്ചാൽ നിങ്ങൾക്കു നല്ലവണ്ണം വായിക്കാൻ സാധിക്കും."

നേത്രരോഗി: "ഓഹോ! എങ്കിലതു വലിയ ആശ്ചര്യമായിരിക്കുമല്ലോ?"

ഡോ: "അതിലെന്താ ഇത്ര ആശ്ചര്യം?"

രോഗി: "ഞാൻ കളരിപോലും കാണാത്തവനാ."

* * *

പുത്രിയുടെ വിവാഹം ആലോചനയിലിരിക്കുകയായിരുന്നു. അവളെ കാണാൻ വന്ന യുവാവിനോടു് പിതാവു്: "നിനക്കൊരു കുടുംബത്തെ സംരക്ഷിക്കാൻ സാധിക്കുമോ?"

യുവാവു്: "തീർച്ചയായും."

പിതാവു്: "ഞങ്ങൾ എട്ടുപേരുണ്ടു്."

* * *

ടീച്ചർ: "ജോണീ, നീ ഇന്നുച്ചയ്ക്കു 2 മാമ്പഴവും വൈകുന്നേരം ഒരു മാമ്പഴവും തിന്നാൽ ആകെ എത്രയാകും?"

ജോണി: "ആറു്."

ടീച്ചർ: "അതെങ്ങനെയാണ്? രണ്ടും ഒന്നും മൂന്നു് എന്നല്ലേ ഞാൻ പഠിപ്പിച്ചതു്?"

ജോണി: "ഇന്നു കാലത്തു ഞാൻ മൂന്നെണ്ണം തിന്നിട്ടുണ്ടു്."

## WANTED

A Lady graduate to officiate in a temporary Vacancy. B. T. or L. T. preferred.

Manager, St. Joseph's M. S., Coonammavu

## സംഭവകഥകൾ

### കൊള്ളത്തലവന്റെ പഠനക്കളരി

അമേരിക്കാക്കാരനായ ഒരു യാത്രക്കാരൻ എന്തോ ബിസിനസ് പ്രമാണിച്ചു് സയാമിലെ ഒരു ചെറുഭവനം സന്ദർശിക്കാനിടവന്നു. ആ ഭവനത്തിന്റെ അധിപൻ ആ പട്ടണത്തിലെ ഒട്ടും അപ്രധാനനല്ലാത്ത ഒരു വ്യക്തിയാണെന്നും അയാൾ ആ നിലയിൽ എത്തിയിരിക്കുന്നതു് ഒരു കൊള്ളത്തലവനായതുകൊണ്ടാണെന്നും സന്ദർശകൻ മനസ്സിലാക്കി. ഭവനാധിപൻ അക്കാര്യമെല്ലാം ആനന്ദത്തോടും അഭിമാനത്തോടുംകൂടി സമ്മതിച്ചു. കൊള്ള, കൊലപാതകം തുടങ്ങിയ ഏതക്രമവും വിദഗ്ധമായ രീതിയിൽ അയാൾ ആവശ്യക്കാർക്കു് നടത്തിക്കൊടുക്കുമത്രെ. 15 രൂപാ മുതൽ 100 രൂപാവരെയാണു് ഫീസ്.

"നിങ്ങൾക്കറിയാമോ", ഉന്മേഷപൂർവ്വം തലയുയർത്തിക്കൊണ്ടു് ആ കൊള്ളത്തലവൻ ചോദിച്ചു, "എവിടെനിന്നാണെനിക്കു് ഇവയുടെ പ്ലാനെല്ലാം കിട്ടുന്നതെന്നു്? അമേരിക്കൻ ചലച്ചിത്രങ്ങളിൽനിന്നു്. അക്രമസംഘങ്ങളുടെ ചെയ്തികളെ ചിത്രീകരിക്കുന്ന ഒരൊററപ്പടംപോലും ഞാൻ ഉപേക്ഷിക്കാറില്ല."

### "റോമാക്കാരൻ പറഞ്ഞതുതന്നെ സത്യം"

ജിജ്ഞാസുവായ ഒരിരുപത്തഞ്ചുകാരൻ ഡോക്ടർ ലിററിൽഡെയിലിന്റെ "റോമാസഭയിൽ ചേരാതിരിക്കുന്നതിനുള്ള തെളിവായ കാരണങ്ങൾ" (Plain Reasons for not joining the Church of Rome) എന്ന ഗ്രന്ഥം വായിക്കാനിടവന്നു. കത്തോലിക്കർക്കു് അതിനെന്തു മറുപടി പറയാൻ സാധിക്കുമെന്നു് അറിയാനുള്ള ആഗ്രഹത്താൽ ഫാദർ റൈഡറിന്റെ "ഡോക്ടർ ലിററിൽഡെയിലിനുള്ള മറുപടി" (Reply to Dr. Littledale) എന്ന പുസ്തകവും വാങ്ങി വായിച്ചു. സഭാപിതാക്കന്മാരിൽനിന്നു രണ്ടു ഗ്രന്ഥങ്ങളിലും ഉദ്ധരിച്ചിരുന്ന വാക്യങ്ങൾ താരതമ്യപ്പെടുത്തിനോക്കിയപ്പോൾ ഗ്രന്ഥകർത്താക്കളിൽ ആരെങ്കിലും ഒരാൾ കൃത്രിമം ചെയ്തിട്ടുണ്ടെന്നു് അദ്ദേഹം ഗ്രഹിച്ചു. വാസ്തവസ്ഥിതി കണ്ടുപിടിക്കുവാനായി ബർമിങ്ങാം കത്തീഡ്രലിലെ വൈദികരിൽനിന്നും സഭാപിതാക്കന്മാരുടെ ഗ്രന്ഥങ്ങൾ വാങ്ങി അദ്ദേഹം പരിശോധനയും തുടങ്ങി. ഉദ്ധൃതവാക്യങ്ങളെ മൂലവുമായി തട്ടിച്ചുനോക്കിയപ്പോൾ ഫാദർ റൈഡറുടെ ഉദ്ധരണങ്ങളാണ് ശരിയെന്നു അദ്ദേഹത്തിനു ബോദ്ധ്യമായി. "റോമാക്കാരൻ പറഞ്ഞതുതന്നെ സത്യം"—ആദ്യത്തെ ഉദ്ധരണി ടിക് ചെയ്തപ്പോൾ അദ്ദേഹം ഉദീരണംചെയ്തു. "റോമാക്കാരന്റെ ഭാഗംതന്നെ ശരി"—രണ്ടാമത്തെ ഉദ്ധരണിയിൽ അടയാളമിട്ടപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു. ലിററിൽഡെയിൽ പ്രയോഗിച്ചിരുന്ന കൃത്രിമങ്ങൾ നിഷ്പക്ഷമതിയായ ഈ വിമർശകന്റെ നീതിബോധത്തിന്റേയും സത്യസന്ധതയുടേയും മുമ്പിൽ ലജ്ജിച്ചു തല താഴ്ത്തി. "റോമാക്കാര"ന്റെ നിഷ്പക്ഷത പ്രശംസിക്കപ്പെട്ടു. സത്യാന്വേഷകനായ ആ യുവാവു് ഏതാനും കത്തോലിക്കാ ഗ്രന്ഥങ്ങൾകൂടി പാരായണംചെയ്തു. 1853-ൽ അദ്ദേഹം സത്യസഭാപ്രവേശം നടത്തി. ഈ അടുത്തകാലത്തു് നിര്യാതനായ സർ ബട്രാം വിൻഡിൽ ആയിരുന്നു അതു്.

### രാജ്യതന്ത്രജ്ഞന്മാരും ഞണ്ടുകളും

മൂന്നു രാജ്യതന്ത്രജ്ഞന്മാർ ഒരെതിരാളിയെ തോല്പിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുകൊണ്ടു് കടൽത്തീരത്തുകൂടി നടക്കുമ്പോൾ കുറെ കുട്ടികൾ ഞണ്ടുപിടിക്കുന്നതു കണ്ടു. പിടിക്കുന്ന ഞണ്ടുകളെയെല്ലാം മൂടികയില്ലാത്ത ഒരു കൂടയിലേക്കു് ഇടുകയായിരുന്നു അവർ ചെയ്തിരുന്നതു്.

രാജ്യതന്ത്രജ്ഞന്മാരിലൊരാൾ കൗതുകപൂർവ്വം കൂടയുടെ ഉള്ളിലേക്കു നോക്കീട്ടു പറഞ്ഞു: "നിങ്ങളൊരു കാര്യം ചെയ്യണം. കൂടയുടെ വാ മൂടണം. അല്ലാത്തപക്ഷം ഞണ്ടുകൾ ഓരോന്നായി കയറി പുറത്തുകടന്നു് ഓടിക്കളയും."

"ഇല്ല സാറേ, കൂട മൂടേണ്ട ആവശ്യമില്ല", ഒരു ബാലൻ രാജ്യതന്ത്രജ്ഞനെ ഞണ്ടുശാസ്ത്രം പഠിപ്പിച്ചു. "ഒരു ഞണ്ടു കയറാൻ തുടങ്ങിയാൽ മററു ഞണ്ടുകൾ അവനെ പിടിച്ചുവലിച്ചു താഴെ കിട്ടുകൊള്ളും."

## അറിയിപ്പ്

ഞങ്ങളുടെ ഏജൻറുമാർവഴി പത്രം വാങ്ങുന്ന വരിക്കാർ യഥാസമയം പത്രവില മുൻകൂർ കൊടുക്കാത്തതുകൊണ്ടു് ഏജൻറുമാർക്കു് ആപ്പീസിൽ നേരത്തെ അഡ്വാൻസടച്ചു് പത്രം വരുത്തുന്നതിനു് അസൗകര്യവും താമസവും നേരിടുന്നുവെന്നും വിവരം വരിക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ടു് പല ഏജൻറുമാരും ഞങ്ങൾക്കെഴുതിയിരിക്കുന്നു. എന്നാൽ ഓരോരുത്തർക്കുമായി പ്രത്യേകം പ്രത്യേകം ഈ വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ടു് മേലാൽ ഏജൻറുമാരിൽനിന്നു യഥാസമയം പത്രം കിട്ടണമെന്നാഗ്രഹിക്കുന്നവർ പത്രവില മുമ്പേറായി കൊടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം പത്രം കിട്ടുന്നതല്ലെന്നുമുള്ള വിവരം എല്ലാ ഏജൻറുമാർക്കുംവേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യത്തിൽ ആപ്പീസുമായി യാതൊരെഴുത്തുകുത്തുകൾക്കും ആവശ്യമില്ലാത്തതാകുന്നു.

മാനേജർ, സത്യദീപം

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ വിചാരിച്ച കാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

സി. ഫ്രാങ്കു്, ബാംഗളൂർ

വേദശാസ്ത്രപംക്തി

## തിരുപ്പട്ടം

### ചെറിയ പട്ടങ്ങൾ

അഞ്ചാംപട്ടം, ആറാംപട്ടം, കുർബാനപ്പട്ടം ഇവയെ വലിയ പട്ടങ്ങൾ (major orders) എന്നു വിളിക്കുന്നു. അവയ്ക്കു മുമ്പുള്ള നാലു പട്ടങ്ങളെ ചെറിയ പട്ടങ്ങൾ (minor orders) എന്നും വിളിക്കുന്നു. ഇവ യഥാക്രമം ദ്വാരപാലകൻ (Porter), വായനക്കാരൻ (Lector), ഭൂതോച്ചാടകൻ (Exercist), പൂജാസഹായി (Acolyte) എന്ന സ്ഥാനങ്ങൾ പ്രദാനംചെയ്യുന്നു.

ശ്ലൈഹികകാലത്തു ചെറിയ പട്ടങ്ങൾ നൽകിവന്നിരുന്നില്ല. പിന്നീട്, ആവശ്യാനുസരണം അവ ഓരോന്നായി തിരുസ്സഭയാൽസ്ഥാപിക്കപ്പെടുകയാണുണ്ടായതു്. മൂന്നാം നൂററാണ്ടിലാണു് അവയുടെ ആവിർഭാവമെന്നു വിശ്വസിക്കപ്പെടുന്നു. പട്ടങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് ആദ്യം കാണുന്നതു കൊർണേലിയസ് പാപ്പാ (251—253) അന്ത്യോക്യയിലെ ഫേബിയസിനയച്ച ഒരു കത്തിലാണ്. റോമൻ സഭാമണ്ഡലത്തിൽ 42 പുരോഹിതന്മാരും 7 ഡീക്കന്മാരും 7 സബ്ഡീക്കന്മാരും 42 പൂജാസഹായികളും 52 ഭൂതോച്ചാടകരും വായനക്കാരും ദ്വാരപാലകന്മാരും ഉണ്ടെന്നു തിരുമനസ്സുകൊണ്ടു് പ്രസ്തുതകത്തിൽ പ്രസ്താവിച്ചിരിക്കുന്നു. സഭ ഏർപ്പെടുത്തിയ പട്ടങ്ങളെ നിർത്തലാക്കാനും സഭയ്ക്കു് അധികാരമുണ്ടു്. അതനുസരിച്ചു, ഗ്രീക്കുസഭ "വായനക്കാ"രുടേതൊഴികെയുള്ള ചെറിയ പട്ടങ്ങൾ നിർത്തൽചെയ്തു. അതിനെ പാശ്ചാത്യസഭ പ്രതിഷേധിച്ചുമില്ല.

"ആസ്ഥപ്പാടുപട്ടം" (Tonsure) വാസ്തവത്തിലൊരു പട്ടമല്ല. പട്ടം സ്വീകരിക്കുന്നതിനുള്ള ഒരു "ആസ്ഥപ്പാടു്" (ഒരുക്കം) മാത്രമാണതു്. തലയിലെ മുടി വെട്ടുക എന്നതാണു് അതിലെ പ്രധാനകർമ്മം. "ആസ്ഥപ്പാടുപട്ടം" സ്വീകരിക്കുന്നതോടുകൂടി വൈദികവിദ്യാർത്ഥി അത്മേനികളുടെ ഗണത്തിൽനിന്നു വേർതിരിക്കപ്പെടുന്നു. വൈദികസ്ഥാനാനുയോജ്യമായ പ്രത്യേകാനുകൂല്യങ്ങൾക്കു് അവകാശിയായി ഭവിക്കുകയും ചെയ്യുന്നു.

പ്രസ്തുതാനുകൂല്യങ്ങളിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നവയാണ്: 1) വൈദികർ വിശ്വാസികളുടെ ബഹുമാനത്തിനു് അർഹരായിരിക്കുന്നു. അവരെ ദേഹോപദ്രവമേല്പിക്കുന്നവർ ദൈവദോഷത്തിലും വൈദികമേലദ്ധ്യക്ഷന്റെ അനുമതികൂടാതെ

# * ജീവിതക്ലേശങ്ങൾ

(ഫാദർ തോമസ് മണക്കാട്ട്)

ക്ലേശം മനുഷ്യവർഗ്ഗത്തിനു് എന്നും ദുർവ്വഹമാണു്. അതിനെ മാററിക്കളയുവാൻ അവിശ്രമം അവൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ, ലോകാരംഭംമുതലുള്ള അവന്റെ ഈദൃശപരിശ്രമം ഇതുവരെയും അതിനെ നീക്കിക്കളയുവാൻ പര്യാപ്തമായിട്ടില്ല, പര്യാപ്തമാകുമെന്നു തോന്നുന്നുമില്ല. എന്നാൽ ആദ്ധ്യാത്മികനും ഈശ്വരവിശ്വാസിയുമായ മനുഷ്യനു് ക്ലേശം സദാപി സന്തോഷകരമായിട്ടാണു് അനുഭവപ്പെടുന്നതു്.

ഒരിക്കൽ ഫ്റെഡറിക്ക് ഫണ്ടർ എന്നൊരു പ്രസിദ്ധ ആസ്ത്രിയൻ പത്രപ്രവർത്തകനെ മഹായുദ്ധാവസരത്തിൽ നാസികൾ തടവിലാക്കി. അനേകകാലത്തെ തടവിനുശേഷം മഹായുദ്ധം അവസാനിച്ചപ്പോൾ സഖ്യകക്ഷികൾ അദ്ദേഹത്തെ വിമുക്തനാക്കി. അപ്പോൾ അദ്ദേഹം പറയുകയാണു് "എന്റെ ജയിൽജീവിതകാലം എന്റെ ജീവിതഘട്ടത്തിലെ ഏററം പ്രിയംകരങ്ങളായ ദിവസങ്ങളായിരുന്നു. അവ എന്റെ ആദ്ധ്യാത്മികജീവിതത്തിലെ ഫലസമൃദ്ധങ്ങളും നിത്യോപകാരപ്രദങ്ങളുമായ അവസരങ്ങളായിരുന്നു" എന്നു്. വാസ്തവത്തിൽ ക്രിസ്തീയ പരിപൂർണ്ണതയ്ക്കും വിശുദ്ധിക്കും ക്ലേശാനുഭവത്തോളം പാററിയ മാർഗ്ഗങ്ങൾ ഒരുക്രിസ്ത്യാനിക്കു മാററില്ല തന്നെ. "എന്നെ അനുഗമിക്കുവാൻ ആരെങ്കിലും ആഗ്രഹിക്കുന്നെങ്കിൽ അവൻ അവന്റെ കുരിശെടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" എന്നത്രെ ക്രിസ്തു തിരുവാമൊഴിഞ്ഞതു്.

തന്റെ ശിഷ്യന്മാരാകുവാൻ അഭിലഷിക്കുന്നവർക്കു് ക്രിസ്തു നൽകിയ വ്യവസ്ഥകൾ ക്ലേശാനുഭവങ്ങളും സ്വയപരിത്യാഗവുമാണു്.

പാപങ്ങളെ മായിച്ചുകളയുവാനും ദുഷ്ടതയെ നീക്കംചെയ്യുവാനും ക്രിസ്തുവിനെ അനുകരിക്കുവാനും ക്ലേശാനുഭവത്തെപ്പോലെ വിശിഷ്ടമായ മറെറാരു മാർഗ്ഗമില്ല. അതുകൊണ്ടാണു് അസ്സീസിയിലെ ഫ്റാൻസിസ് സ്വശരീരത്തിൽ ക്രിസ്തുവിന്റെ പീഡാനുഭവങ്ങൾ ലഭിക്കുവാൻ നിരന്തരം പ്രാർത്ഥിച്ചിരുന്നതു്. വി. പൗലോസ് ക്ലേശാനുഭവങ്ങളെപ്പററി ഇങ്ങനെ പറഞ്ഞിരുന്നു. "അതു ലോകസൃഷ്ടിയിൽനിന്നും ദൈവം മാച്ചുവച്ചിരിക്കുന്ന ഒരു ദിവ്യജ്ഞാനമാണു്. ദൈവത്തിന്റെ എളിയവർക്കു മാത്രം വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന ഒരു ഭാഗ്യദാനമാണതു്." ഫ്റാൻസീസ് പുണ്യവാളന്റെ തിരുനാളിൽവായിക്കപ്പെടുന്നപ്രാർത്ഥനയിൽ ക്രിസ്തുവിനുവേണ്ടിയും ക്രിസ്തുവിലും ഞാൻ ക്ലേശം അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ എനിക്കു് അതു് ഒരാനന്ദമായിരുന്നു" എന്നു രേഖപ്പെടുത്തിയിട്ടുണ്ടു്.

ക്ലേശത്തിൽനിന്നും ഒഴിഞ്ഞുമാറുക എന്നുള്ളതു് മനുഷ്യസഹജമാണു്. ക്ലേശവുമായി നാം ഏററുമുട്ടുമ്പോഴാണു് അതിന്റെ വൈഷമ്യം നാം അറിയുന്നതു്. സീലോയിലെ കുളത്തിൻകരയിൽ ക്ലേശിതനായിക്കിടന്ന മനുഷ്യനെപ്പോലെ ക്രിസ്തുവിന്റെ സഹായത്തോടുകൂടിയല്ലാതെ ക്ലേശവിമുക്തരാകുവാൻ നമുക്കു സാദ്ധ്യമല്ല.

"എന്നെക്കൂടാതെ നിങ്ങൾക്കൊന്നും സാദ്ധ്യമല്ല, എന്നത്രെ ക്രിസ്തു അരുൾചെയ്തിട്ടുള്ളതു്. അവിടത്തെ ആശ്രയിക്കാത്തതുനിമിത്തം മിക്കപ്പോഴും നിരാശയുടെ ഗർത്തത്തിൽ നാം വീണുപോകുന്നു. പക്ഷേ, നാം ഓർക്കണം, ഭാരമേറിയ കുരിശും വഹിച്ചുകൊണ്ടുള്ള ക്ലേശകരമായ യാത്രയിൽ വഴിയിൽ പലതവണ നിലംപതിച്ച ക്രിസ്തു നമ്മുടെ ബലഹീനതയെ കാണുന്നുണ്ടെന്നു്. അവിടുന്നു് തീർച്ചയായും നമ്മുടെ അവശതയിൽ നമ്മെ ശക്തിപ്പെടുത്താതിരിക്കയില്ലെന്നു്. "ക്രിസ്തുവിൽ എനിക്കു് എല്ലാം സാദ്ധ്യമാണെ" എന്നു പറഞ്ഞ വി. പൗലോസിന്റെ വാക്കുകൾ നാം അനുസരിക്കണം.

ദൈനംദിനമുള്ള നമ്മുടെ ജോലികളും സുഖക്കേടുകളും. മനോദുഃഖങ്ങളും വിശപ്പും, ക്ഷീണവുമെല്ലാം ക്രിസ്തുവിന്റെ കുരിശിലെ ക്ലേശത്തിന്റെ അംശങ്ങൾ തന്നെയാണു്. നാം ബലഹീനരെങ്കിൽ നമ്മുടെ സഹോദരന്മാരും മാർഗ്ഗദർശികളുമായ വിശുദ്ധന്മാരും ബലഹീനരായിരുന്നു. നാം ക്ലേശത്തെ ഭയപ്പെടുന്നതുപോലെ അവരും ഭയപ്പെട്ടിരുന്നു. അവരെപ്പോലെ നാമും സ്നേഹത്തോടും ധൈര്യത്തോടുംകൂടി കുരിശിനെ വഹിക്കുന്നപക്ഷം അവരിൽ ഒരാളായ വി. പൗലോസ് പറഞ്ഞതുപോലെ "ഞാൻ ക്രിസ്തുവിനോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇനി ഞാനല്ല ജീവിക്കുന്നതു്, പ്രത്യുത ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു പറയുവാൻ നമുക്കും കഴിയും.

വി. ഫ്റാൻസീസിന്റെ ഉജ്ജ്വലങ്ങളായ ഉപദേശങ്ങളിൽ ക്ലേശാനുഭവങ്ങൾ കൊണ്ടല്ലാതെ ക്രിസ്തുവുമായി യോജിക്കുവാൻ നമുക്കു സാദ്ധ്യമല്ലെന്നു തീർത്തു പ്രസ്താവിച്ചിട്ടുണ്ടു്. ക്രിസ്തു തന്റെ സ്നേഹം ക്ലേശാനുഭവങ്ങളിൽക്കൂടി പ്രത്യക്ഷപ്പെടുത്തിയതുപോലെ നമ്മളും അവിടുത്തോടുള്ള സ്നേഹം അവിടുത്തോടൊന്നിച്ചു ക്ലേശമനുഭവിച്ചുകൊണ്ടു് പ്രത്യക്ഷമാക്കണം. ക്രിസ്തുവിന്റെ രക്തംപുരണ്ട കാൽപ്പാടുകളെ അനുഗമിക്കുന്നതിൽ നാം ഒരിക്കലും വിമുഖരാകരുതെന്നു് ഇന്നു ഭാഗ്യമോടെ നമ്മെ ഭരിക്കുന്ന 12-ാം പീയൂസ് മാർപ്പാപ്പായും നമ്മെ ഉദ്ബോധിപ്പിക്കുന്നു.

കാൽവരിയിലേക്കുള്ള കഠിനനിർഭരമായ പാതയെ സ്വീകരിക്കുന്നതിലാണു് നമ്മുടെ നിത്യരക്ഷ നിലകൊള്ളുന്നതു്. അനന്തമായ ആനന്ദം കൺമുമ്പിൽ ദർശിച്ചുകൊണ്ടു് ഭീകരമായ ക്ലേശത്തെ ക്രിസ്തു ഏറെറടുത്തു. അതുപോലെ നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന നിത്യസൗഭാഗ്യത്തെ ദർശിച്ചുകൊണ്ടു് ലോകക്ലേശങ്ങളെ സുധീരം നാം കൈവരിക്കണം. കാരണം വി. പൗലോസ് പറയുന്നു "ഈ ലോകത്തിലെ ക്ലേശങ്ങൾ സ്വർഗ്ഗത്തിൽ നമുക്കു് അവകാശമാകാനിരിക്കുന്ന മഹത്വത്തോടു് തുലനം ചെയ്യാവുന്നതല്ലെ"ന്നു്. അതിനാൽ ദൈവത്തിലും മരണാനന്തരജീവിതത്തിലും നിത്യസൗഭാഗ്യത്തിലും വിശ്വസിക്കുന്ന മനുഷ്യനു് ജീവിതക്ലേശങ്ങൾ ആനന്ദകരങ്ങൾതന്നെയാണു്.

*ഫ്റാൻസിസ്കൻ ഹെറാൾഡ് എന്ന ഇംഗ്ലീഷ് മാസികയിൽനിന്നു്

---

മോചിക്കാൻ പാടില്ലാത്ത മഹറോൻശിക്ഷയിലും ഉൾപ്പെടുന്നു. (ലത്തീൻ കാനൺനിയമം. 119, 2343)

2) വൈദികർക്കെതിരായി, വൈദികമേലദ്ധ്യക്ഷന്റെ അനുമതികൂടാതെ സർക്കാർകച്ചേരികളിൽ സിവിലോ ക്രിമിനലോ ആയ കേസുകൾ കൊടുക്കാവുന്നതല്ല. കേസ് കൊടുക്കുന്നപക്ഷം, തൽകർത്താവു് കുററത്തിന്റെ തോതനുസരിച്ചു്, വൈദികമേലദ്ധ്യക്ഷനാൽ ശിക്ഷിക്കപ്പെടാവുന്നതാണു്. കേസ് കൊടുക്കുന്ന ആൾ ഒരു വൈദികനാണെങ്കിൽ, അദ്ദേഹം തൽക്ഷണം "അംശമുടക്കി"ൽ(Suspension) പെടുന്നു. വൈദികമേലദ്ധ്യക്ഷനുമാത്രമേ അതിൽനിന്നു മോചനം നൽകാൻ അധികാരമുള്ളൂ (ല കാ. നി. 120, 2341)

3) വൈദികർ യുദ്ധസേവനത്തിൽനിന്നും, തങ്ങളുടെ സ്ഥിതിക്കു യോജിക്കാത്ത ഗവർമ്മെൻറുദ്യോഗങ്ങളിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. (കാനൺ 121)

4) സ്വജീവസന്ധാരണത്തിനു് ആവശ്യമുള്ളതു കഴിച്ചു് ബാക്കിയുള്ളതിൽനിന്നു മാത്രമേ ഋണബദ്ധരായ വൈദികർ കടം വീട്ടാൻ നിർബന്ധിക്കപ്പെടാവൂ. ജീവസന്ധാരണത്തിനു ന്യായമായ തോതിൽ എന്തു വേണ്ടിവരുമെന്നു സഭാധികാരികളാണു തീരുമാനിക്കേണ്ടതു്. എന്നാൽ, കഴിയുന്നതും വേഗം കടം മുഴുവൻ വീട്ടാനുള്ള ചുമതലയിൽനിന്നു് വൈദികർ ഇതിനാൽ ഒഴിവാക്കപ്പെടുന്നില്ല. (കാനൺ 122)

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ വൈദികർക്കും, "ആസ്ഥപ്പാടുപട്ട"മെങ്കിലുമുള്ള ശെമ്മാശന്മാർക്കും, സന്യാസിനീസന്യാസികൾക്കുമുള്ളതാണു്. (ല. കാ. നിയമം 614) വൈദികപദവിക്കു മേലെയുള്ള മെത്രാന്മാർ, മെത്രാപ്പോലീത്തമാർ, കർദ്ദിനാളന്മാർ തുടങ്ങിയവരെ ദേഹോപദ്രവമേല്പിക്കുകയോ. കോടതികയറുകയോ ചെയ്താൽ മേൽപ്പറഞ്ഞതിനേക്കാൾ ഗുരുതരമായ ശിക്ഷകളാണുള്ളതു്.

---

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു.

---

## പുസ്തകാഭിപ്രായം

### വഴിവിളക്കുകൾ

(രണ്ടാം ഭാഗം)

[ഗ്രന്ഥകർത്താ: റവ. ഫാദർ ജേക്കബ് ചെമ്മണ്ണൂർ ബി. എ. പക്ഷം 248. വില 1 ക. 12 ണ. നീതിമാൻ പ്രസ്സ്, മുണ്ടൽ.]

ഫാദർ ചെമ്മണ്ണൂരിന്റെ നിലവിളക്കും വഴിവിളക്കുകൾ ഒന്നാംഭാഗവും പ്രകാശം വീശാൻ തുടങ്ങിയിട്ടു് ഇനിയും അധികമായിട്ടില്ല; ഇതാ വഴിവിളക്കുകൾ രണ്ടാംഭാഗവും പ്രഭാപൂരം ചൊരിയുവാൻ തുടങ്ങിയിരിക്കുന്നു. സത്യദീപത്തിന്റെ സുന്ദരപക്ഷങ്ങളെ സമലങ്കരിച്ചിരുന്ന പ്രഭാഷണങ്ങൾ തന്നെയാണു് ഇതിലേയും ഉള്ളടക്കം. ഒന്നാംഭാഗം സുവിശേഷപ്രസംഗങ്ങളുടെ സമാഹാരമായിരുന്നുവല്ലോ. രണ്ടാംഭാഗം ഞായറാഴ്ചകളിൽ വായിക്കപ്പെടുന്ന ലേഖനങ്ങളെ അധികരിച്ചു പ്രസിദ്ധീകരിച്ച പ്രഭാഷണങ്ങളുടെ ഗ്രന്ഥരൂപമാണു്.

ഫാദർ ചെമ്മണ്ണൂരിന്റെ ഭാഷാശൈലി ഇതിനകം എവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതമായിട്ടുണ്ടു്. പ്രഭാഷണഘടനയ്ക്കു് ഒരു പ്രത്യേകമേന്മയുമുണ്ടു്. ആകർഷകമായ ഒരു ചിത്രം, അല്ലെങ്കിൽ ശ്രവണമധുരമായ ഒരു സംഭവം ഉപോൽഘാതമായി സമാരംഭിക്കുന്ന ഓരോ പ്രഭാഷണവും ഗദ്യകാവ്യംപോലെ സുമധുരമായിത്തോന്നും സഹൃദയകലാകാരർക്കു്. ഓരോ പ്രഭാഷണത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്ന ഓരോ ആദ്ധ്യാത്മികപാഠം അനുവാചകരുടെ ഹൃദയത്തിൽ തുളച്ചുകയറും. ആകപ്പാടെ നോക്കുമ്പോൾ മലയാളത്തിൽ ചെമ്മണ്ണൂർ പ്രഭാഷണങ്ങളെക്കാൾ മോഹനങ്ങളായ പ്രഭാഷണങ്ങളുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

ഞായറാഴ്ചയിൽ വായിക്കപ്പെടുന്ന ലേഖനങ്ങളെ പുരസ്കരിച്ചു അധികംപേരും പ്രസംഗിക്കാറില്ല. ആ വിഷയങ്ങൾ കൈകാര്യം ചെയ്യുക സുഗമമല്ല. അതിനാൽ ലേഖനങ്ങളെ അധികരിച്ചുള്ള ഉജ്ജ്വലമായ പ്രഭാഷണങ്ങൾ കൂട്ടിച്ചേർത്തു നീതിമാൻ പ്രസ്സിലെ ബ. സഹോദരിമാർ പ്രസാധനം ചെയ്തിട്ടുള്ള വഴിവിളക്കുകൾ രണ്ടാംഭാഗം വലിയ ഒരനുഗ്രഹമായിട്ടുണ്ടു്. വഴിവിളക്കുകൾക്കു കാഴ്ചയിൽ ഭംഗിയുണ്ടു്; പ്രകാശം ഉജ്ജ്വലവുമാണു്. അതിനാൽ ഫാദർ ചെമ്മണ്ണൂരിന്റെ ഈ തൃതീയഗ്രന്ഥം അതിന്റെ മൂത്തസഹോദരിമാരോടുകൂടെ അത്യുൽകൃഷ്ടമായ ഒരു സ്ഥാനം മലയാളസാഹിത്യത്തിൽ കൈവരിച്ചിട്ടുണ്ടു്. വഴിവിളക്കുകൾ എല്ലാ ഭവനങ്ങളേയും സമൂഹങ്ങളേയും നിതരാം പ്രകാശിപ്പിക്കട്ടെ.

നിലവിളക്കും വഴിവിളക്കുകളും വാർത്തു തേച്ചുമിനുക്കി എണ്ണയൊഴിച്ചു തിരികൊളുത്തിവച്ച ഫാദർ ചെമ്മണ്ണൂരിനും അവയെ ഭവനങ്ങളിലും വഴിത്താരകളിലും നിരത്തിവയ്ക്കുവാൻ പരിശ്രമിച്ച നീതിമാൻ പ്രസ്സിലെ ബ. സഹോദരികൾക്കും ഹാർദ്ദമായ അനുമോദനങ്ങൾ. (T. M.)

### യുവജന പരിശീലനം

[ഗ്രന്ഥകർത്താ: ഫാദർ മാത്യു പുതിയിടം. വില 6 ണ.]

"Don Bosco would sing" എന്ന ഇംഗ്ലീഷ് പ്രബന്ധത്തിന്റെ സ്വതന്ത്രവിവർത്തനമാണു് ഈ ലഘുഗ്രന്ഥം. ഡോൺബോസ്കോയും യുവജനങ്ങളും തമ്മിലുള്ള ബന്ധം സുവിദിതമാണല്ലോ. ജന്മനാ ദുർവൃത്തനായി യാതൊരു വ്യക്തിയുമില്ല. ശരിയായ ശിക്ഷണത്തിന്റെയും പരിശീലനത്തിന്റെയും അഭാവംമൂലമാണു യുവലോകം വഴിപിഴച്ചുപോകുന്നതു്. ഈ തത്വം തന്റെ ഒറട്ടറിയാകുന്ന "ലാബറട്ടറി"യിലെ പരീക്ഷണങ്ങളിൽനിന്നുതന്നെ വി. ഡോൺബോസ്കോ തെളിയിച്ചിട്ടുണ്ടു്. പ്രസ്തുതസിദ്ധാന്തത്തിന്റെ വെളിച്ചത്തിലാണു യുവജനപരിശീലനത്തിലെയും പ്രതിപാദ്യം. ചാരിത്രമാഹാത്മ്യം തുടങ്ങിയുള്ള ഗ്രന്ഥങ്ങൾവഴി ഗ്രന്ഥകാരൻ ഇതിനകം കേരളീയർക്കു സുപരിചിതനാണു്. അദ്ദേഹത്തിന്റെ ഭാഷാരീതി ലളിതവും സുഗ്രാഹ്യവുമാണു്. വിഷയക്രമീകരണത്തിലും വേണ്ടത്ര ഔചിത്യം പ്രദർശിപ്പിച്ചിട്ടുണ്ടു്. 6 ണ വില ഈ പുസ്തകത്തിനു കുറച്ചു കൂടിപ്പോയെന്നു് അഭിപ്രായാന്തരമുണ്ടാകാം.

(മണിമല)

## നിങ്ങളുടെ ഷർട്ട് ബട്ടൻ ചെയ്യുക!

(ബ്രദർ അലോഷ്യസ് ഒ. ഐ. സി.)

ഈ ജൂലൈ ഒന്നാംതീയതിയിലെ "സത്യദീപ"ത്തിൽ ശ്രീ Z. E James എഴുതിയിരിക്കുന്ന "ബട്ടൺ" എന്ന ലേഖനം പൊതുജനങ്ങളുടെ സത്വരവും സവിശേഷവുമായ ശ്രദ്ധയെ അർഹിക്കുന്ന ഒന്നാണു്.

ഒരു ചുരുങ്ങിയ കാലത്തിനുള്ളിൽ ജനതാമദ്ധ്യത്തിൽ എത്രയുണ്ടു പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്ന ഒരു "ഫാഷൻ" ആണു് ഷർട്ടിനു ബട്ടൺ ഇടാതിരിക്കുക എന്നുള്ളതു്. "ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞം അറിയാം" എന്നു പറഞ്ഞതുപോലെ ഇന്നത്തെ ലോകത്തിന്റെ വഴിപിഴച്ചഗതിയെ അല്ലേ ഏതാദൃശ "ഫാഷനു"കൾ സൂചിപ്പിക്കുന്നതു്? ക്രിസ്തോഫർപ്രസ്ഥാനജനയിതാവായ ഫാദർ കെല്ലർ പറയുന്നതുപോലെ അന്ധകാരത്തെ പഴിക്കുന്നതിലുംനന്നു് ഒരു കൈത്തിരിയെങ്കിലും കത്തിച്ചുപിടിക്കുന്നതാണു് എന്ന തത്വപ്രകാരം നാടാകെ വ്യാപിച്ചിരിക്കുന്ന സന്മാർഗ്ഗവിരുദ്ധവും അച്ചടക്കരഹിതവുമായ ഈ "ഫാഷനു" എതിരായി സ്വരമുയർത്താൻ നന്മനസ്സുതോന്നിയ ശ്രീ ജയിംസിനെ ഹാർദ്ദമായി അനുമോദിക്കുന്നു.

മനുഷ്യനിൽ ദൈവദത്തമായുള്ള ആദ്ധ്യാത്മികബോധത്തേയും അതിൽനിന്നുളവാകുന്ന വിനയം, അടക്കംമൊതുക്കം ആദിയായ സൽഗുണങ്ങളേയും ഉന്മൂലനംചെയ്തു് അവനെ ഭൗതികമാത്രവാദിയായ വെറും ഒരു മൃഗീയനാക്കിത്തീർക്കാൻ കച്ചബന്ധം ചെയ്തിരിക്കുന്ന അട്ടിമറിപ്പൻപ്രസ്ഥാനക്കാരുടെ ഒരാവശ്യംകൂടിയാണു് ഏതാദൃശ "ഫാഷനു"കൾ ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുക എന്നതു്. ഹിററ്ലർ അയാളുടെ മീൻകാംഫിൽ ഇപ്രകാരമെഴുതി. "Look at these young men and boys! What material! I shall eradicate the thousands of years of human domestication. Brutal youth—that is what I am after…… I want to see once more in its eyes the gleam of the beast of prey. With these I can make a new world……and create a new order." ("ഈ യുവാക്കന്മാരെയും കുട്ടികളേയും നോക്കൂ. എത്ര പാററിയ കരുക്കൾ! സഹസ്രാബ്ദങ്ങളായി കാലം അവരിൽ വരുത്തിയിരിക്കുന്ന മാററം—മാനു

ഗ്രാമോദ്ധാരണപംക്തി

# മധുരക്കിഴങ്ങിൻെറ പോഷകഗുണം

സ്ഥലവ്യത്യാസങ്ങൾ അനുസരിച്ചു് ചീനിക്കിഴങ്ങു്, വള്ളിക്കിഴങ്ങു്, മധുരവള്ളിക്കിഴങ്ങു് മധുരക്കിഴങ്ങു്, ശക്കരക്കിഴങ്ങു് എന്നെല്ലാം ഇതിനെ പേരുപറയാറുണ്ടു്. കലോറി ഗുണം കൂട്ടതലുള്ളതിനാൽ ഇതു് ഒരു ഒന്നാംതരം ഊജ്ജഭക്ഷ്യവസ്തുവാണു്. അതുകൊണ്ടു് ഭക്ഷ്യക്ഷാമമുള്ള ഇക്കാലത്തു് ആഹാരകാര്യത്തിൽ ഗണ്യമായ ഒരു പങ്കു് നിവ്വഹിക്കാൻ അതിനു സാധിക്കും. മററു കിഴങ്ങുവഗ്ഗങ്ങളെപ്പോലെ ശക്കരക്കിഴങ്ങിലും നൂറാണു് അധികമുള്ളതു്. 100 ഗ്രാം കിഴങ്ങിൽ 396 കലോറിയാണുള്ളതു്; ഇതു് ഉരുളൻകിഴങ്ങിൽ ഉള്ളിടത്തോളമുണ്ടു്.

### പോഷകഗുണം

മധുരക്കിഴങ്ങിൽ ഉരുളൻകിഴങ്ങിൽ ഉള്ളിടത്തോളം പോഷകഗുണമുണ്ടു്. ഉരുളൻകിഴങ്ങിൽ ഉള്ളിടത്തോളം കരോട്ടീനും (carotene) ജീവകം ബി 1—ം ഇതിലില്ലെങ്കിലും, ജലാംശം നഷ്ടപ്പെടുന്നതിനു മുമ്പേ ഇതിൽ ധാതുക്കളും, സി ജീവകവും കൂട്ടതലടങ്ങിയിട്ടുണ്ടു്. 100 ഗ്രാം മധുരക്കിഴങ്ങിലടങ്ങിയിട്ടുള്ളവ: 10 I. U. (ഇൻറർ നാഷനൽ യൂണിററ്സ്) എ ജീവകം, ബി ഇല്ല, 24 മില്ലീഗ്രാം സി 1 ജീവകം, 0·02% സുധാംശം (calcium) 0·05% ഭാവകം (phosphorus), 0 8 മില്ലീഗ്രാം അയാംശം (iron); എന്നാൽ 100 ഗ്രാം ഉരുളൻ കിഴങ്ങിൽ അടങ്ങിയിട്ടുള്ളവ: 40 I. U. എ ജീവകം, 20 I. U. ബി 1, 17 മില്ലീഗ്രാം സി ജീവകം, 0 01% സുധാംശം, 0 03% ഭാവകം, 0 7 മില്ലീഗ്രാം അയാംശം. ഇങ്ങനെ മധുരക്കിഴങ്ങു് ഉരുളൻകിഴങ്ങിനു് പകരം ഉപയോഗിക്കാവുന്ന വിലയേറിയ ഭക്ഷ്യസാധനമാണു്; വിശേഷിച്ചും ഉരുളൻകിഴങ്ങു് ലഭിക്കാതെ വരുമ്പോൾ.

മധുരക്കിഴങ്ങിൽ ധാരാളം അന്നാംശവും, സാമാന്യമായി മററു പോഷകഗുണങ്ങളും ഉള്ളതിനാൽ അരി കിട്ടാൻ വിഷമമുള്ള ഇക്കാലത്തു് ചോറിൻെറ അളവു കുറച്ചു് തൽസ്ഥാനത്തു് ഇതു് ഉപയോഗിക്കാവുന്നതാണു്. തന്മൂലം ആരോഗ്യത്തിനു് ന്യൂനതകളൊന്നും സംഭവിക്കുന്നതല്ല. പടിഞ്ഞാറൻ രാജ്യങ്ങളിൽ സാധാരണമായി ഭക്ഷണത്തിൽ ആവശ്യമുള്ള അന്നാംശം അധികവും കിഴങ്ങുവഗ്ഗങ്ങളിൽനിന്നുമാണു് സിദ്ധിക്കുന്നതു്.

### മാംസ്യാംശം

അരി, കോതമ്പു് മുതലായ ധാന്യങ്ങളെ അപേക്ഷിച്ചു് മധുരക്കിഴങ്ങിൽ മാംസ്യാംശം കുറവാകുന്നു. കടല (ഇതിൽ 18-23% മാംസ്യാംശം അടങ്ങിയിട്ടുണ്ടു്) തുടങ്ങിയ ധാന്യങ്ങളും, ജന്തുജന്യമായ മാംസ്യാംശം ധാരാളമുള്ള പാലും, പാലിൽനിന്നുണ്ടാകുന്ന ഇതരപദാത്ഥങ്ങളും (സസ്യഭുക്കുകൾക്കു), മുട്ടയും മത്സ്യവും മാംസവും, (മാംസഭുക്കുകൾക്കു്) ഉപയോഗിച്ചു് മേല്പറഞ്ഞ കുറവു് നികത്താവുന്നതാണു്. മധുരക്കിഴങ്ങു് ധാരാളമായി ഉപയോഗിക്കണം. കാരണം ഇൻഡ്യയിലെ ഭക്ഷ്യസാമ്പത്തിക നിലയിൽ പ്രധാന സ്ഥാനമാണു് അതിനുള്ളതു്. ഭാരതത്തിലെ ഭക്ഷ്യോല്പാദന പരിശ്രമത്തിൽ ഇതു് കൂടിയ തോതിൽ കൃഷിചെയ്യാൻതക്കവണ്ണം ഉത്സാഹിപ്പിക്കേണ്ടതാണു്. ഒരിക്കൽ ഭൂമിയിൽ വിളയുന്ന അരിയോ, കോതമ്പോ നൽകുന്നതിനെക്കാൾ കൂടുതൽ കലോറി അത്രയും സ്ഥലത്തു് വിളയുന്ന മധുരക്കിഴങ്ങിൽനിന്നും കിട്ടുന്നതാണു്. "മധുരക്കിഴങ്ങു് കൂടുതൽ ഉല്പാദനം" എന്നതായിരിക്കണം നമ്മുടെ മുദ്രാവാക്യം. ദിവസംപ്രതിയുള്ള ആഹാരത്തിൽ മധുരക്കിഴങ്ങു് കൂടുതൽ ഉൾക്കൊള്ളിച്ചുതുടങ്ങുമ്പോൾ അരിയുടെ ആവശ്യം താരതമ്യേന കുറഞ്ഞുവരും.

മധുരക്കിഴങ്ങിൻെറ പോഷകാംശംനശിക്കാതിരിക്കാൻ, അതിൻെറ തൊലി മാററാതെ പാചകം ചെയ്യേണ്ടതാകുന്നു. വേവിച്ചതിനുശേഷം തൊലി എളുപ്പത്തിൽ മാററാൻ സാധിക്കും. ഈ അവസരത്തിൽ തൊലി മാററിയാൽ അതിലുള്ള പോഷകാംശം നശിക്കുന്നതല്ല.

എന്തെങ്കിലും ഒരു പ്രത്യേക ഭക്ഷണം പാചകം ചെയ്യാനായി മധുരക്കിഴങ്ങിൻെറ തൊലി മാററുന്നപക്ഷം, അതു് ഉപയോഗിക്കുന്നതിനു് തൊട്ടു മുമ്പു് തൊലി കളയേണ്ടതും, അപ്രകാരം തൊലി ചെത്തിയതു് കറുത്തുപോകാതിരിപ്പാൻ ഉപ്പുവെള്ളത്തിൽ ഇട്ടു് സൂക്ഷിക്കേണ്ടതുമാകുന്നു.

മധുരക്കിഴങ്ങു് അല്പസമയം കൊണ്ടു് വേവിച്ചു് വേഗത്തിൽ ചൂടോടുകൂടി ഭക്ഷിക്കണം. വേവിച്ചശേഷം വായു ഏല്ക്കുന്നതിനു് അധികസമയം അനുവദിക്കുന്നതായാൽ അതിലടങ്ങിയിരിക്കുന്ന സി ജീവകം നഷ്ടപ്പെടുന്നതാകുന്നു. (കേ ദീ)



Sr. Alphonsa, I.C.

ബ. അൽഫോൻസാമ്മയുടേയും ഫാത്തിമായിലെ ജസീന്ത, ഫ്രാൻസീസ് എന്നിവരുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

Mrs. John Thaliath,
Puthenpally

ഷികമായ ഇണക്കം, മരുങ്ങൽ—ഞാൻ അവരിൽനിന്നും ഉൻമൂലനംചെയ്യും. മൃഗീയരായ യുവജനങ്ങൾ! അതിനാണെൻെറ ശ്രമം. ഇരതേടുന്ന മൃഗത്തിൻെറ കണ്ണുകളിലെ തിളക്കമാണു് വീണ്ടും അവരുടെ നയനങ്ങളിൽ കാൺമാൻ ഞാൻ ആഗ്രഹിക്കുന്നതു്. അങ്ങനെ അവർമുഖേന ഒരു നവീനലോകം, ഒരു നവ്യവ്യവസ്ഥിതി, കെട്ടിപ്പടുക്കാൻഎനിക്കു കഴിയും.") വ്യത്യസ്ത പേരുകളിലെങ്കിലും ഭൗതികമാത്രമായ ഓരോരോ നവ്യവ്യവസ്ഥിതികൾക്കായി വെമ്പൽകൊള്ളുന്ന ഇന്നത്തെ "ഇസ"ക്കാരുടെയും ലാക്കു് ഇതുതന്നെയാണല്ലോ. "മൃഗീയരായ യുവജനങ്ങൾ!" അതേ, അവരെയാണു് ഇന്നു് അവക്കു് ആവശ്യം. മനുഷ്യൻെറ വേഷഭൂഷാദിബാഹ്യകാര്യങ്ങൾ അവൻെറ സ്വഭാവരൂപീകരണത്തെ എത്ര അധികമായി ബാധിക്കുന്നു എന്നു അവക്കു നല്ലവണ്ണമറിയാം. ആകയാൽ മനുഷ്യൻെറ അധമപ്രവണതകളെ അവർ അങ്ങേ അററം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

പക്ഷേ, മാന്യന്മാരും നിരീക്ഷികളുമായവർപോലും ഏതാദൃശകണികളിൽപ്പെട്ടു കാലത്തിൻെറ ഈ പോക്കുകാലം കെട്ടുന്നതല്ലേ കഷ്ടാൽ കഷ്ടതരം! മനുഷ്യസ്നേഹികളേവരുടെയും സത്വരശ്രദ്ധയെ ആകർഷിക്കുന്ന ഒരു കാര്യമാണിതെന്നുള്ളതിൽ തെല്ലും സന്ദേഹമില്ല. വിശിഷ്യ അദ്ധ്യാപകന്മാക്കും വൈദികക്കും മാതാപിതാക്കന്മാക്കും ഈ കാര്യത്തിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ സാധിക്കുമെന്നു ഒരദ്ധ്യാപകൻകൂടിയായ ഈ ലേഖകനു് സ്വന്ത അനുഭവത്തിൽനിന്നുതന്നെ പറയാൻ കഴിയും.

"നിങ്ങളുടെ ഷർട്ടു് ബട്ടൺ ചെയ്യുക!" എന്ന ആഹ്വാനത്തോടുകൂടിയാണു് ശ്രീ ജയിംസ് തൻെറ ലേഖനം ഉപസംഹരിക്കുന്നതു്. ഈ ആഹ്വാനം നാടിൻെറ നാനാദിഗന്തങ്ങളിലും മുഴങ്ങിയിരുന്നുവെങ്കിൽ!

### ഫാദർ ലെ ടെല്ലിയ
## ആസ്പത്രിയിൽ

സുപ്രസിദ്ധ ധ്യാനപ്രസംഗകനും തീത്ഥയാത്രാനേതാവുമായ റവ. ഫാ. എ. ലെ ടെല്ലിയേ എസ് ജെ (A. Le Tellier S. J.) ബാംഗളൂരിലെ "ഫാദർ മുള്ളർ ഹോസ്പിററ"ലിൽ രോഗബാധിതനായി കിടക്കുകയാണു്. രോഗം ആശങ്കാജനകമാണെന്നറിയുന്നു. വയസ്സു് 75 കഴിഞ്ഞിരിക്കുന്നതിനാൽ ഓപ്പറേഷൻ നടത്തുവാൻ ഡോക്ടർമാർക്കു ധൈര്യം വരുന്നില്ല. ഫാദർ ലെ ടെല്ലിയേ എല്ലാവരുടേയും പ്രാത്ഥനാസഹായം അഭ്യത്ഥിച്ചിരിക്കുന്നു.

### 74 വിവാഹങ്ങൾ അസാധു

"റോമൻറോത്ത" എന്ന വത്തിക്കാൻ കോടതി കഴിഞ്ഞവർഷത്തിൽ 74 വിവാഹങ്ങൾ അസാധുവാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു. വേറെ 114 കേസുകൾ കൂടി വിചാരണപ്പെട്ടതെങ്കിലും വിവാഹങ്ങൾ അസാധുവാണെന്നു തെളിയിക്കുവാൻ വാദികൾക്കു സാധിക്കാതെ പോയി.

### വി അന്തോനിയുടെ സ്വഹസ്തലിഖിതങ്ങൾ

പാദുവായിലെ വി. അന്തോനിയുടെ സ്വന്തം കൈപ്പടയിലുള്ള ഏതാനും രേഖകൾ ഈയിടെ കണ്ടെടുത്തിരിക്കുന്നതായി "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻപത്രം പ്രസ്താവിക്കുന്നു.

### കപ്പലുകളിൽ സായാഹ്നബലി

കപ്പലുകളിൽ സായാഹ്നബലി അപ്പിക്കുവാൻ അനുവദിക്കുന്നതിനു മെത്രാന്മാക്കു അധികാരം കൊടുക്കുന്ന ഒരു ഡിക്രി ഹോളി ഓഫീസ് തിരുസ്സംഘം ഈയിടെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.


## സുവണ്ണ കീത്തിമുദ്രകൾ ലഭിച്ച

"മാധവ ആയുവ്വേദ ഔഷധങ്ങൾ" ഉപയോഗിക്കുക.

മാധവ ബാലപീയൂഷം
മാധവ സരസപരില
മാധവ യോഷാമൃതം
മാധവ സൂതികാമൃതം
മാധവ ച്യവനപ്രാശം
ETC — ETC

എറണാകുളം മാക്കററിൽ പുതുതായി തുറന്നിട്ടുള്ള ഞങ്ങളുടെ ഡിപ്പോവിൽ എല്ലാ ആയുവ്വേദ ഔഷധങ്ങളും വില്പനക്കു തയാറുണ്ടു്.

മാധവ ഫാർമസി ലിമിററഡ്
ബാനർജി റോഡ്—PHONE No. 238—എറണാകുളം


### കട്ടിനാളിൻെറ സന്ദേശം

അടുത്തകാലത്തു്, ഇംഗ്ലണ്ടിൽ താമസിക്കുന്ന ഇന്ത്യൻ കത്തോലിക്കരുടെ വകയായി "ദി ഇൻഡ്യൻ കാത്തലിക് അസോസിയേഷൻ ഓഫ് ബ്രിട്ടൺ" എന്നപേരിൽ ഒരു സംഘടന രൂപം പ്രാപിച്ചിട്ടുണ്ടു്. ഇക്കഴിഞ്ഞ ജൂൺ 13-ാംനു- അതിൻെറ പ്രഥമവാർഷിക സോഷ്യൽ നടന്നു. 90 പേർ അതിൽ സംബന്ധിച്ചു. ഈ അവസരം പ്രമാണിച്ചു കട്ടിനാൾ ഗ്രേഷ്യസ് തിരുമേനി പ്രോത്സാഹജനകമായ ഒരു സന്ദേശം അയച്ചുകൊടുക്കുകയുണ്ടായി.

### നാസ്തികവിദ്യാലയങ്ങൾക്കു പ്രതിവിധി

"കുട്ടികളുടെ സ്നേഹിതർ" എന്നൊരു സംഘടനയുണ്ടു് പോളണ്ടിൽ. അവർ അവിടത്തെ കമ്മ്യൂണിസ്റ്റു ഗവമ്മെണ്ടിൻെറ പ്രോത്സാഹനത്തോടുകൂടി നിരവധി നാസ്തികവിദ്യാലയങ്ങൾ നടത്തിവരുന്നു. അതിനു പ്രതിവിധിയായി കത്തോലിക്കർ കുട്ടികൾക്കു ആറുകൊല്ലം തുടർച്ചയായി പള്ളികളിൽവച്ചു മതബോധനം നൽകുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നു. ആദ്യത്തെ രണ്ടു കൊല്ലം വനിതാക്യാററിക്കിസ്റ്റുകളും ശേഷിച്ച നാലുകൊല്ലങ്ങളിൽ വൈദികരുമായിരിക്കും അദ്ധ്യാപനം നടത്തുന്നതു്. പോളണ്ടിലെ സ്കൂൾ സിലബസിൽ മതബോധനം ഒരു നിർബന്ധവിഷയമാണു്. യുദ്ധത്തിനുമുമ്പാണു് ആ സിലബസ് രൂപവൽക്കരിച്ചതു്.


### രക്തംപുരണ്ട കെത്താനാ

പരിശുദ്ധ കർബാനയുടെ തിരുനാളിൽ മദ്ധ്യ ഇററലിയിലെ ഒർവിയേറ്റാ എന്ന നഗരത്തിൽ ക്രൂടി നമ്മുടെ കത്താവിൻെറ രക്തംപുരണ്ട ഒരു "കെത്താന" (Corporal) അത്യാഘോഷപൂവ്വം എഴുന്നള്ളിക്കുകയുണ്ടായി. തദവസരത്തിൽകമ്മ്യൂണിസ്റ്റുകാർപോലും രണ്ടുമണിക്കൂർനേരത്തേക്കു തങ്ങളുടെ തിരഞ്ഞെടുപ്പു പ്രചരണപരിപാടികൾ നിത്തിവച്ചു. ഘോഷയാത്രയിൽ സംബന്ധിച്ച ഭക്തജനങ്ങളുടെ സംഖ്യ ഏതാണ്ടു് 20,000 വരും.

ഈ ഘോഷയാത്രയുടെ പിന്നിൽ ഒരു ചരിത്രമുണ്ടു്. 1264-ൽ, പ. കർബാനയിലെ വസ്തുഭേദത്തെപ്പററി സംശയമുണ്ടായിരുന്ന ഒരു വൈദികൻ കർബാന ചൊല്ലുകയായിരുന്നു. കാസായിൽനിന്നും കൂദാശചെയ്യപ്പെട്ട വീഞ്ഞു ഏതാനും തുള്ളി പുറമെ വീഴുവാൻ ഇടവന്നു. കെത്താനകൊണ്ടു് വൈദികനതു മറച്ചു. തൽക്ഷണം കെത്താന രക്തം പുരണ്ടിരിക്കുന്നതായി കാണപ്പെട്ടു. ഉർബൻ നാലാമൻ മാർപ്പാപ്പായെ കെത്താന കാണിച്ചുകൊടുത്തപ്പോൾ തിരുമനസ്സുകൊണ്ടു് ലോകം മുഴുവനിലും പ. കർബാനയുടെ തിരുനാൾ ആഘോഷിക്കുവാൻ ആജ്ഞാപിച്ചു. അങ്ങനെ 1264-ൽ പ്രസ്തുത തിരുനാൾ സ്ഥാപിതമായി. മേൽപ്പറഞ്ഞ കെത്താനയാണ ഇററലിയിലെ ജനങ്ങൾ പ്രദക്ഷിണസമയത്തു സംവഹിച്ചതു്.

### വി. ബർണ്ണാർദിൻെറ 8-ാം ശതാബ്ദജൂബിലി

വി. ബർണ്ണാർദിൻെറ ശതാബ്ദജൂബിലി ഈയിടെ ഫ്രാൻസിലെ ഡിജാണിൽവച്ചു ആഘോഷപൂവ്വം കൊണ്ടാടിയിരിക്കുന്നു. തൽസംബന്ധമായി കൂടിയ കോൺഗ്രസ്സിൽ പുണ്യവാനെ അധികരിച്ചുള്ള നൂറിലധികം പ്രബന്ധങ്ങൾ വിവിധദേശക്കാരായ ചരിത്രകാരന്മാർ വായിക്കുകയുണ്ടായി.



Sr. Alphonsa, I.C.

ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു് ഉപകാരസ്മരണ.

എബ്രാഹം ജോസഫ്
നാഗമററത്തിൽ, കൊങ്ങാണ്ടൂർ

### കമ്മ്യു: സെമ്മിനരികളിൽ 800 വിദ്യാത്ഥികൾ

ചെക്കോസ്ലോവാക്യയിലെ കമ്മ്യൂണിസ്റ്റു് ഗവമ്മെൻറു രണ്ടു സെമ്മിനരികൾ നടത്തിവരുന്നതായി "അവേ മരിയ" എന്ന വാരിക പ്രസ്താവിക്കുന്നു. അവിടെ "വൈദികവിദ്യാഭ്യാസം" നടത്തുന്ന വിദ്യാത്ഥികളുടെ എണ്ണം 800 ആണത്രെ.

### 138 ാമത്തെ ഇടവക

റോമിലെ 138-ാമത്തെ ഇടവക ജൂൺ 6-ാംനു- ഉൽഘാടനം ചെയ്യപ്പെട്ടിരിക്കുന്നു. ദേവാലയം വി. മരിയ ഗൊരേത്തിയുടെ നാമത്തിലുള്ളതാണു്. പരിശുദ്ധപിതാവാണു് അതു പണി ചെയ്യുന്നതിൻെറ ചെലവു് വഹിക്കുന്നതു്. 3 മാസത്തിനകം അതിൻെറ പണിപൂത്തിയാകുന്നതായിരിക്കും. 30,000 പേക്കു ദേവാലയത്തിൽ സ്ഥലസൗകര്യമുണ്ടായിരിക്കുന്നതാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM JULY 15 1953 | No. 45

# ക്ഷേമരാഷ്ട്രം—

## കത്തോലിക്കരുടെ നില എന്തായിരിക്കണം?

ക്ഷേമരാഷ്ട്രം (Welfare State) എന്ന പദപ്രയോഗം ഇക്കാലത്തു് സർവ്വത്ര കേൾക്കുന്നുണ്ടല്ലോ. ഇന്നത്തെ സ്വതന്ത്രരാഷ്ട്രങ്ങൾ ക്ഷേമരാഷ്ട്രങ്ങളാകുവാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയുമാണു്. ഇന്ത്യാ യൂണിയന്റെ പ്രഖ്യാപിതലക്ഷ്യവും ക്ഷേമരാഷ്ട്രംതന്നെ. പ്രസിഡണ്ടും പ്രധാനമന്ത്രിയും മുതൽ കീഴോട്ടുള്ള സകല ഭരണകർത്താക്കളും ഇന്ത്യയുടെ ആ ലക്ഷ്യം അവരുടെ പ്രസ്താവനകളിൽ ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. തന്മൂലം ക്ഷേമരാഷ്ട്രത്തിന്റെ കാര്യത്തിൽ തങ്ങളുടെ നില എന്തായിരിക്കണമെന്നു് ഇന്ത്യൻ കത്തോലിക്കർ അവശ്യം മനസ്സിലാക്കേണ്ടതാണു്. ഈ ബോധത്തോടുകൂടി, സാമുദായിക തത്വശാസ്ത്രത്തിൽ പ്രത്യേക പാണ്ഡിത്യമുള്ള ചില ജസ്വിററു് വൈദികർ പൂനായിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന "സോഷ്യൽ ആക്ഷൻ" എന്ന മാസികയിൽ (ജൂലൈ 1953) അതിന്റെ ഡയറക്ടറായ ഫാദർ ജെറം ഡിസൂസാ ഒരു ലേഖനം എഴുതിയിട്ടുണ്ടു്. അതിന്റെ ഉള്ളടക്കം താഴെ ചേർക്കുന്നു:-

### കത്തോലിക്കരുടെ വിരോധം

കത്തോലിക്കർ പ്രത്യേകിച്ചും ക്ഷേമരാഷ്ട്രം എന്ന ആശയത്തെപ്പററി ശ്രദ്ധയോടും അതിന്റെ എല്ലാ വശങ്ങളേയും വേണ്ടവിധം പരിഗണിച്ചും പഠിക്കേണ്ടതു് ആവശ്യകമായിരിക്കുന്നു. കാരണം, കത്തോലിക്കാ സാമുദായിക ചിന്തകന്മാരുടെ സാമാന്യമായ മനോഭാവം പ്രസ്തുതാശയത്തെ അപലപിക്കുവാനാണു്; അതു് മൗലിക കത്തോലിക്കാ തത്വങ്ങൾക്കു് വിരുദ്ധമാണെന്നു് അവർ വിചാരിക്കുന്നു. അവർ അതിൽ കാണുന്നതു് സർവ്വാധിപത്യത്തിന്റെ (ടൊററാലിറേററിയനിസം)ഒരു രൂപമാണു്, സ്വകാര്യസ്വത്തു് ജനസാമാന്യത്തിനിടയിൽ വിതരണം ചെയ്യുന്നതിനു പകരം അതിനെ രാഷ്ട്രസാൽക്കരിക്കുവാനുള്ള ശ്രമമാണു്. പുരുഷന്മാർക്കും സ്ത്രീകൾക്കുംവേണ്ടിയുള്ള അതിന്റെ പ്രവർത്തനപരിപാടികളിലും, ആരോഗ്യവും സാമൂഹ്യരക്ഷയും സംബന്ധിച്ചുള്ള അതിന്റെ ചട്ടവട്ടങ്ങളിലും കുടുംബജീവിതത്തിന്റെ അപകടങ്ങൾ അവർ ദർശിക്കുന്നു. അതിനോടുള്ള കത്തോലിക്കരുടെ ഈ വിരോധത്തിന്റെ ഒന്നാംതരം ദൃഷ്ടാന്തം കാണണമെങ്കിൽ, "ക്രിസ്ത്യൻ ഡെമൊക്രാററു്" എന്ന പത്രികയുടെ 1951 ഡിസംബർ ലക്കത്തിൽ "ക്ഷേമരാഷ്ട്രം എനിക്കിഷ്ടമല്ല" എന്ന ശീർഷകത്തിൽ റോബു് ലൈൽ" (Rob Lyle) എഴുതിയിട്ടുള്ള ലേഖനം നോക്കിയാൽ മതി.

### മുതലാളിത്തത്തിന്റെ എതിർപ്പു്

അതുപോലെതന്നെ മുതലാളിത്തവും ക്ഷേമരാഷ്ട്രത്തെ എതിർക്കുന്നുണ്ടു്; അതായതു്, സാമ്പത്തികമായ വ്യക്തിവാദത്തിന്റെ പ്രണേതാക്കളും, സ്വതന്ത്രോദ്യമത്തിന്റേയും കിടമത്സരവ്യവസായത്തിന്റേയും പിൻതുണക്കാരും. ഈ ഗണത്തിൽ ഏററവും പ്രബലന്മാർ അമേരിക്കായിലാണു് ഇന്നു കാണപ്പെടുന്നതു്. എന്നുവരികിലും അങ്ങേ അററത്തെ വ്യക്തിവാദത്തിനു വേണ്ടിനിലകൊള്ളുന്നവരല്ല അവർ. ആ വാദത്തെയാണു് മാർപ്പാപ്പാമാർ അവരുടെ സാമുദായിക വിശ്വലേഖനങ്ങളിൽ കഠിനമായി അപലപിച്ചിട്ടുള്ളതു്. പ്രത്യക്ഷവും പരോക്ഷവുമായ രാഷ്ട്രത്തിന്റെ ഒരുതരം ഇടപെടൽ മുൻപറഞ്ഞവർക്കു സമ്മതമാണു്; ക്ഷേമരാഷ്ട്രംഎന്നതിനെക്കാൾ "അമ്പയർ രാഷ്ട്രം" എന്ന നിലയിലുള്ള ആ ഇടപെടൽ.

### അപകടം എവിടെ?

മുകളിൽ വിവരിച്ച അങ്ങേ അററത്തെ വ്യക്തിവാദം സ്വീകരിക്കുവാൻ കത്തോലിക്കർ നിർബദ്ധരല്ലെന്നു് ഉടൻതന്നെ പറയേണ്ടതു് ആവശ്യകമാണെന്നു വിചാരിക്കുന്നു. മാത്രമല്ല, ഇന്ത്യയെപ്പററി പറയുന്നപക്ഷം, ക്ഷേമരാഷ്ട്രത്തിന്റെ ന്യായമായ ആശയത്തെ വിരോധിക്കുന്നതും ക്ഷേമകരമായ പരിപാടി പ്രാവർത്തികമാക്കുവാൻ വേണ്ടിയുള്ള ഗവർമ്മെൻറിന്റെ നടപടികൾക്കു് പരിപൂർണ്ണമായ സഹകരണം നൽകാതിരിക്കുന്നതും തെററായ പ്രവൃത്തിയായിരിക്കും. ക്ഷേമരാഷ്ട്രത്തിന്റെ ആശയത്തിൽ തീർച്ചയായും അപകടമുള്ളതു്, ക്ഷേമത്തെ ഏററവും വിസ്തൃതവും സർവ്വതോമുഖവുമായ അർത്ഥത്തിൽ ധരിക്കുമ്പോഴാണു്; മനുഷ്യസൗഭാഗ്യത്തിന്റെ സകല ഉല്പത്തികളേയും—ഭൗതികവും സൗന്ദര്യാത്മകവും ആദ്ധ്യാത്മികവുമായവയെ—അതിൽ ഉൾപ്പെടുത്തുമ്പോഴാണു്. എന്നാൽ ആ അർത്ഥമല്ല ക്ഷേമരാഷ്ട്രത്തിനു് സാമാന്യമായി നൽകപ്പെടുന്നതു്. ക്ഷേമരാഷ്ട്രം എന്നു പറഞ്ഞാൽ, വളരെയധികം സാമൂഹ്യസേവനങ്ങൾ— വിദ്യാഭ്യാസം, ആരോഗ്യം, ദരിദ്രരുടേയും ദുർഗ്ഗതരുടേയും സംരക്ഷണം —പ്രദാനംചെയ്യുന്ന രാഷ്ട്രം എന്നാണർത്ഥം. ഈ സേവനങ്ങൾക്കു വേണ്ട ചെലവുകൾ നികുതികളും ഇൻഷ്വറൻസും വഴിയായുള്ള ധനശേഖരണത്താൽ രാഷ്ട്രത്തിനു വഹിക്കാൻ കഴിയും. തന്മൂലം രാഷ്ട്രസാൽക്കരണമോ സാമ്പത്തികശക്തിയെ കീഴ്മേൽ മറിക്കുന്ന പുനർവിതരണമോ ഉണ്ടാകണമെന്നില്ല. ഒരുദാഹരണം പറഞ്ഞാൽ, ഇംഗ്ലണ്ടു്, വളരെ മുന്നോട്ടുപോയിരിക്കുന്ന ക്ഷേമരാഷ്ട്രമാകുന്നു; എങ്കിലും അതു് സർവ്വാധിപത്യരാഷ്ട്രമായിത്തീർന്നിട്ടില്ലതന്നെ.

### രാഷ്ട്രം ഇടപെടാൻ കാരണം


സാമൂഹ്യസേവനങ്ങൾ പ്രദാനംചെയ്യുന്ന ചുമതല രാഷ്ട്രം തന്നെ ഏറെറടുക്കുന്നതിനു് മൗലികമായ ഒരു കാരണമുണ്ടു്. കാര്യങ്ങൾ അടിയോളം അന്വയിക്കുമ്പോൾ അതു കാണാം. വ്യക്തികളുടെ ജീവിതം സംരക്ഷിക്കുന്നതിനും, വ്യക്തിമാഹാത്മ്യം നിലനിർത്തുന്നതിനും, വ്യക്തിക്കു് അവന്റെ പ്രകൃത്യനുസൃതവും പ്രകൃത്യതീതവുമായ ലക്ഷ്യം പ്രാപിക്കുവാൻ അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അത്തരം ഇടപെടൽ ആവശ്യകമാകുന്നു. ഈ കോണത്തിൽനിന്നു നോക്കുമ്പോൾ കാണാം, ക്ഷേമരാഷ്ട്രം സർവ്വാധിപത്യത്തിന്റേയോ സ്വേച്ഛാധിപത്യത്തിന്റേയോ ശത്രുവാണു്, അല്ലാതെ മിത്രമല്ല, എന്നു്. പണ്ടുകാലങ്ങളിൽ, രാഷ്ട്രീയാധികാരം ഇന്നത്തെപ്പോലെ കേന്ദ്രീകൃതമല്ലാതിരുന്നപ്പോൾ, വ്യക്തിയുടെ സംരക്ഷണം മററു സംഘടനകളാൽ നിർവ്വഹിക്കപ്പെടുവാൻ സാധിച്ചിരുന്നു; ജാതിയുടേയോ സാമുദായികവർഗ്ഗത്തിന്റേയോ പട്ടണത്തിന്റേയോ മതസഭയുടേയോ മററോ വകയായുള്ള സഹായകസംഘടനകളാലോ, ഒററപ്പെട്ടവരോ ആവശ്യത്തിലിരിക്കുന്നവരോ ആയ വ്യക്തികളെ സഹായിക്കാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വാധീനത്തിലുണ്ടായിരുന്ന ഇതരസ്വതന്ത്രസംഘടനകളാലോ. ഇത്തരം സംഘടനകളോടുകൂടിയ സമുദായസംവിധാനത്തെ വ്യവസായവിപ്ലവം തകർത്തുകളഞ്ഞു. മുമ്പുണ്ടായിരുന്ന മനുഷ്യോചിതമായ ബന്ധങ്ങളുടെ സ്ഥാനത്തു് ഏററവും നിർദ്ദയമായ കിടമത്സരത്തിന്റെ കാർക്കശ്യത്തേയും ക്രൂരതയേയും ആ വിപ്ലവം പ്രതിഷ്ഠിച്ചു. ഈ സ്വാർത്ഥതല്പരതയെ നേരിടുവാൻ സാമൂഹ്യമായ ഉത്തരവാദിത്വം ആവശ്യമാണെന്നുള്ള ബോധത്തിന്റെ പ്രേരണയിൽനിന്നാണു്. ക്ഷേമരാഷ്ട്രം സൃഷ്ടിക്കുവാനുള്ള ആഗ്രഹം സംജാതമായിരിക്കുന്നതു്.

### തിരുസ്സഭ അംഗീകരിക്കുന്നു

ക്ഷേമം പുലർത്തുന്നതിൽ രാഷ്ട്രത്തിനുള്ള വർദ്ധമാനമായ ചുമതല തിരുസ്സഭയും അംഗീകരിച്ചിട്ടുള്ളതാണു്. മാർപ്പാപ്പാമാർ, രാഷ്ട്രത്തിന്റെ ധർമ്മങ്ങൾ ക്ലിപ്തമായി വിശദീകരിച്ചിട്ടുള്ളപ്പോൾ, ലിബറലിസത്തിന്റെ (സ്വാതന്ത്ര്യവാദത്തിന്റെ) സിദ്ധാന്തങ്ങളും പരിപൂർണ്ണമായ "ഇടപെടാനയവും" ശക്തിയായ ഭാഷയിൽ നിരാകരിച്ചിട്ടുണ്ടു്; സംരക്ഷണവും ക്രമപാലനവും ഉറപ്പുള്ളതാക്കുകയെന്ന നിഷേധാത്മകമായ ജോലിമാത്രമല്ല രാഷ്ട്രത്തിനുള്ളതെന്നും പിന്നെയോ "നല്ലജീവിതത്തിന്റെ" ഘടകങ്ങളിൽ ഉൾപ്പെടുന്നതും സഹായകസംഘടനകളുടെ കഴിവിനും ധനാഗമമാർഗ്ഗങ്ങൾക്കും അതീതവുമായ കാര്യങ്ങൾ സാധിച്ചുകൊടുക്കുവാനുള്ള കടമയും അതിനുണ്ടെന്നും തിരുമേനിമാർ തുറന്നു സമ്മതിച്ചിട്ടുണ്ടു്. 13-ാം ലെയോയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ടു് 11-ാം പീയൂസു് ഊന്നിപ്പറഞ്ഞിട്ടുള്ളതിങ്ങനെയാണു്:- "സിവിൽ അധികാരത്തെ സംബന്ധിച്ചു്, ലിബറലിസം ചുമത്തിയിരുന്ന നിയന്ത്രണങ്ങൾ തട്ടിനീക്കി 13-ാം ലെയോ ധൈര്യസമേതം കടന്നുപോയിട്ടുണ്ടു്; സിവിൽ അധികാരം നിയമത്തേയും ക്രമത്തേയും കാത്തുസൂക്ഷിച്ചാൽമാത്രം പോരെന്നും, രാജ്യത്തിലെ നിയമങ്ങളും സ്ഥാപനങ്ങളും ഭരണത്തിന്റെ സാമാന്യമായ പ്രകൃതവും അവയുടെ സ്വഭാവത്താൽത്തന്നെ പൊതുജനക്ഷേമത്തേയും പൊതുജനത്തിന്റെ അഭിവൃദ്ധിയേയും കൈവരുത്തുമെന്നു് ഉറപ്പുണ്ടാക്കുവാൻ ഏററവുമധികം തീക്ഷ്ണതയോടുകൂടി പരിശ്രമിക്കേണ്ടതാണെന്നുമുള്ള തത്വത്തെ തിരുമേനി നിർഭയം പ്രഖ്യാപിച്ചിട്ടുമുണ്ടു്. .......ധനികവർഗ്ഗങ്ങൾക്കു് സ്വയം സംരക്ഷിക്കുവാൻ പല മാർഗ്ഗങ്ങളുമുള്ളതിനാൽ രാഷ്ട്രത്തിന്റെ സഹായം അത്രതന്നെ അവർക്കാവശ്യമില്ല; ദരിദ്രവർഗ്ഗങ്ങൾക്കാകട്ടെ,ആശ്രയം തേടുവാൻ തക്കവണ്ണം സ്വന്തമായി യാതൊരു രക്ഷാമാർഗ്ഗവുമില്ല; തന്മൂലം രാഷ്ട്രത്തിന്റെ സഹായമാണു് അവർക്കു് മുഖ്യമായ ആലംബമായിരിക്കേണ്ടതു്."

രാഷ്ട്രം ക്ഷേമകരപ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കാരണമാക്കിയ സ്ഥിതിവികാസത്തിന്റെ സാമാന്യരൂപമാണു് ഇതുവരെ നൽകിയതു്. അതു് സകലരാജ്യങ്ങൾക്കും ബാധകവുമാണു്. എന്നാൽ ഇന്ത്യക്കു പ്രത്യേകവും പ്രബലവുമായ ചില പരിഗണനകളെപ്പററിയും പറയേണ്ടതുണ്ടു്. (അതു് അടുത്തതിൽ.)

## തിരുനാൾമംഗളം



തിരുവനന്തപുരംമെത്രാൻ റൈററു് റവ. ഡോ. വിൻസെൻറു് ഡെരീര ഒ. സി. ഡി.

നാമഹേതുകദിനം ജൂലൈ 19-ാംനു-.

## പ്രസാധകക്കുറിപ്പുകൾ

### കേന്ദ്രമന്ത്രി വിദേശമിഷനറിപ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു

ഇൻഡ്യായൂണിയനിലെ കമ്മ്യൂണിക്കേഷൻസ് വകുപ്പുമന്ത്രി ശ്രീ ജഗ്ജീവൻ റാം സധൈര്യം പ്രസ്താവിച്ചു, ഭരണഘടന മതസ്വാതന്ത്ര്യത്തിനു് ഉറപ്പുനൽകിയിട്ടുണ്ടെന്നും തന്മൂലം ഇന്ത്യയിൽ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ആക്ഷേപകരങ്ങളെന്നു കാണപ്പെട്ടാലല്ലാതെ അവയെ തടഞ്ഞുനിർത്തുവാൻ ഗവർമ്മെൻറിനു് അധികാരമില്ലെന്നും യു. പി. കോൺഗ്രസ്സു് കമ്മിററിയിലെ, മേയ് 25-ാംനു- കൂടിയ കോൺഗ്രസ്സു് പ്രവർത്തകരുടെ യോഗത്തിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കു് മന്ത്രിമറുപടിപറയുകയായിരുന്നു. വിദേശമിഷനറിമാർ മനുഷ്യകുലത്തിനുവേണ്ടി ഏററവും വലിയ സേവനങ്ങൾ ചെയ്തിട്ടുണ്ടെന്നും അവരുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങളാണു് ജനങ്ങളെ ആകർഷിച്ചിട്ടുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മതപരിവർത്തനം അവരുടെ പ്രവർത്തനങ്ങളിൽ ഒരംശമായിരിക്കാമെന്നു് അദ്ദേഹം തുടർന്നു സമ്മതിച്ചു. എങ്കിലും അനേകവർഷങ്ങൾ തുടരെ മിഷനറിമാർ പ്രവർത്തനങ്ങൾ നടത്തിയിട്ടും യാതൊരുത്തരും മതപരിവർത്തനം ചെയ്തിട്ടില്ലാത്ത ഉദാഹരണങ്ങളുണ്ടെന്നു പറഞ്ഞു് അദ്ദേഹം അവയെ ചൂണ്ടിക്കാണിച്ചു. മാത്രമല്ല, മിഷനറിമാരുടെ പ്രവർത്തനങ്ങൾക്കുള്ള പ്രത്യേകവൈശിഷ്ട്യത്തെപ്പററി മന്ത്രി ഊന്നിപ്പറഞ്ഞു: "കഷ്ടപ്പെടുന്ന മനുഷ്യവർഗ്ഗത്തിനു് അവർ ചെയ്യുന്ന സേവനങ്ങളോടു് താരതമ്യപ്പെടുത്തുവാൻ മറെറാന്നുമില്ല. ജനങ്ങൾക്കുവേണ്ടി അത്രമാത്രം സേവനങ്ങൾ നിർവ്വഹിക്കുവാൻ യാതൊരു ഔദ്യോഗിക ഇന്ത്യൻ ഏജൻസിക്കും സാദ്ധ്യമല്ല. മിഷനറിമാരുടെ പ്രവർത്തനം ക്രമീകൃതവും പരിപാടിയനുസരിച്ചുള്ളതുമാണു്. അവരുടെ സേവനങ്ങൾക്കു് പ്രേരണ നൽകുന്നതു് പണംമാത്രമല്ലതാനും."

മന്ത്രി ജഗ്ജീവൻ റാം ഹരിജൻവർഗ്ഗത്തിൽപ്പെട്ട ആളായതുകൊണ്ടു് സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് അദ്ദേഹം പറയുന്നതു്. ഹരിജന്മാരുടെയിടയിലാണല്ലോ മിഷനറിമാർ പ്രധാനമായും സേവനം നടത്തുന്നതു്. ആകയാൽ അദ്ദേഹത്തിന്റെ സാക്ഷ്യം ഏതൊരു എതിരാളിയുടേയും കണ്ണു തുറപ്പിക്കുവാൻ തികച്ചും പര്യാപ്തമാണു്.

### അഖിലലോക ആരോഗ്യസംഘടന (W. H. O.) മതസംഘടനകൾക്കും പ്രവേശനംനൽകുന്നു

ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം നടത്തിവരുന്ന അഖിലലോക ആരോഗ്യ സംഘടനയിൽ (World Health Organisation) മതപരമോ അല്ലാത്തതോ ആയ വിഭാഗീയസംഘടനകൾക്കു് പ്രവേശനം ഇതുവരെ നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ ഈയിടെ ജനീവായിൽ കൂടിയ അതിന്റെ സമ്മേളനത്തിൽ ഈ നിരോധനം നീക്കിയിരിക്കുന്നതായി തീരുമാനംചെയ്തു. ഇതിന്റെ ഫലമായി പല കത്തോലിക്കാ ആരോഗ്യസംഘടനകൾക്കും പ്രസ്തുതസംഘടനയോടു ചേർന്നു് ആലോചനകൾ നടത്തുവാൻ സാധിച്ചിരിക്കുന്നു. "കത്തോലിക്കാ നേഴ്സുകളുടേയും മെഡിക്കൽ സോഷ്യൽ വർക്കേഴ്സിന്റേയും ഇൻറർനാഷണൽ കമ്മിററി" മുതലായ സംഘടനകൾ ഇപ്രകാരം പ്രവേശനം നിഷേധിക്കപ്പെട്ടിരുന്ന വിഭാഗീയസംഘടനകളായിരുന്നു. നിരോധനം പിൻവലിക്കുന്നതിൽ പ്രധാനമായി പരിശ്രമിച്ചതു് ലബനൺ, സ്പെയിൻ, ബൽജിയം, ഇററലി, ക്യാനഡാ, നെതർലൻഡ്സു് എന്നീ രാജ്യങ്ങളിൽനിന്നു് സമ്മേളനത്തിൽ സംബന്ധിച്ച പ്രതിനിധികളാണു്. യു. എസ്സു്. എ. യിലെ സർജൻ ജനറൽ W. H. O. യുടെ അംഗരാജ്യങ്ങളെ ഉദ്ബോധിപ്പിച്ചു, ആരോഗ്യസംബന്ധമായ പ്രവർത്തനങ്ങളിൽ വോളൻററി സംഘടനകളുടെ ഭാഗഭാഗിത്വം വർദ്ധിപ്പിക്കണമെന്നു്. "പബ്ലിക് ഹെൽത്തിന്റെ ഏററവും ശക്തരായ സഹായികളാണു് അവർ" എന്നദ്ദേഹം പറഞ്ഞു. അടുത്ത മാസത്തിലേക്കു് W. H. O. യുടെ നേതൃത്വം വഹിക്കുന്നതു് ബ്രസീലിലെ പ്രസിദ്ധ ഡോക്ടറായ ഒരു കത്തോലിക്കനായിരിക്കും. ജനീവായിൽ കൂ

ടിയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതു് സിറിയായിലെ ആരോഗ്യവകുപ്പുമന്ത്രിയായ കത്തോലിക്കനാണു്. സമ്മേളനത്തിൽ 67 രാജ്യങ്ങളുടെ പ്രതിനിധികൾ സന്നിഹിതരായിരുന്നു.

മതപരമോ മററുവിധത്തിലുള്ളതോ ആയ വിഭാഗത്തിൽപ്പെട്ട പ്രശസ്തങ്ങളായ അനേകം ആരോഗ്യസംഘടനകൾ ഇന്നു ലോകത്തിലുണ്ടു്. "വിഭാഗീയങ്ങൾ" എന്ന കാരണംപറഞ്ഞു് അവയെ W. H. O. യിൽനിന്നു് അകററിനിർത്തിയിരുന്നതു് ആ മഹാസംഘടനയ്ക്കുതന്നെ ദോഷകരമായിരുന്നു. പ്രസ്തുത നിരോധനം ഇപ്പോഴെങ്കിലും നീക്കിയതു് ഏററവും വിവേകപൂർവ്വകമായി. അതിൻെറ ഗുണം W. H. O. യ്ക്കുതന്നെ അനുഭവിക്കുവാൻ കഴിയും.

### സെൻറു് വിൻസെൻറു്ഡിപോൾ സംഘത്തിൻെറ ഒരു രൂപതയിലെ മഹത്തായ സേവനം,

അമേരിക്കയിൽ ബ്രൂക്ലിൻ രൂപതയിലെ സെൻറു്വിൻസെൻറു് ഡി പോൾസംഘം 1952 സെപ്റ്റംബർ 30-ൽ അവസാനിക്കുന്ന ഒരു കൊല്ലത്തിനിടയിൽ 5,19,981 ഡോളർ പാവങ്ങൾക്കും കഷ്ടപ്പെടുന്നവർക്കും നേരിട്ടു സഹായം നൽകുവാൻ ചെലവഴിക്കുകയുണ്ടായി. എന്നാൽ സംഘത്തിൻെറവീക്ഷണകോണത്തിൽ ഇതിലും പ്രധാനമായ സേവനം ചെയ്തതു്, 25.006 ആളുകൾക്കു് ആദ്ധ്യാത്മികമായ സഹായവും ആശ്വാസവും കാര്യബോധവും സംഘാംഗങ്ങൾ നൽകിയെന്നുള്ളതാണു്. പാവങ്ങൾക്കും ദുഃഖിതർക്കും "ഒരു സുഹൃത്തിൻെറ നേരിട്ടുള്ള സമ്പർക്കം" നൽകുവാനുള്ള തങ്ങളുടെ പരിശ്രമങ്ങൾക്കിടയിലെ ഉപസഹായം മാത്രമാണു് തങ്ങൾ ചെലവഴിച്ച പണത്തുക എന്നു് അവർ വിചാരിക്കുന്നു. സംഘാംഗങ്ങൾ ആകെക്കൂടി 125,767 സന്ദർശനങ്ങൾ സഹായാർഹരായ കുടുംബങ്ങളിലേക്കു് നടത്തിയിട്ടുണ്ടു്. അംഗങ്ങൾ ഈരണ്ടുപേരായിവേണം സകല സന്ദർശനങ്ങളും നടത്തുവാനെന്നുള്ള സംഘത്തിൻെറ ചട്ടം ആലോചിക്കുമ്പോൾ ഈ സന്ദർശനസേവനത്തിൻെറ വൈപുല്യം മനസ്സിലാക്കാമല്ലൊ. കുടുംബസന്ദർശനങ്ങൾക്കും പുറമെ സംഘത്തിൻെറ ആസ്പത്രി സന്ദർശനക്കമ്മിററി അംഗങ്ങൾ നിയമേന2210 സന്ദർശനങ്ങൾ ആസ്പത്രികളിലേക്കു നടത്തി. ലോംഗ് അയിലണ്ടിലെ 4 കൗണ്ടികളിലായി സംഘത്തിൻെറ വക 183 ഇടവകകോൺഫറൻസുകൾ ഉണ്ടു്. 1,566 പ്രവർത്തകാംഗങ്ങളും 348 ബഹുമാന്യാംഗങ്ങളും അവയോടു് ബന്ധപ്പെട്ടിരിക്കുന്നു. 130 ക്രമവിരുദ്ധമായ വിവാഹങ്ങൾ ക്രമപ്പെടുത്തുവാൻ (പള്ളിയിൽവച്ചു് ശരിപ്പെടുത്തുവാൻ) സംഘം ചെയ്ത വിജയകരമായ പരിശ്രമങ്ങൾ മതപരമായ വീക്ഷണത്തിൽ പ്രത്യേകം ശ്രദ്ധാർഹങ്ങളാണു്. 309 കുഞ്ഞുങ്ങളേയും മുതിർന്നവരേയും മാമ്മോദീസാ മുക്കുവാൻ ഏർപ്പാടു ചെയ്യുക, 1135 ചെറുപ്പക്കാരെ ഇടവകസ്കൂളിൽ ചേർന്നു പഠിക്കുവാൻ പ്രേരിപ്പിക്കുക, 670പേരെ മതകർത്തവ്യങ്ങളുടെ അനുഷ്ഠാനത്തിലേക്കു് തിരിച്ചുകൊണ്ടുവരിക, എന്നിവയും സംഘാംഗങ്ങളുടെ സേവനങ്ങളിൽ ഉൾപ്പെടുന്നു. മതപരവും മതേതരവുമായ വായനയ്ക്കുതകുന്ന 13,329 പ്രസിദ്ധീകരണങ്ങൾ അക്കൊല്ലത്തിനിടയ്ക്കു് സംഘം വിതരണം ചെയ്തിട്ടുണ്ടു്. മുൻകൊല്ലത്തിൽ സംഘം ചെലവുചെയ്തതിനെക്കാൾ 26,885ഡോളർ കൂടുതൽ പ്രസ്തുതകൊല്ലം ചെലവുചെയ്യുകയുണ്ടായി. അംഗങ്ങളല്ലാത്തവരിൽനിന്നു് വാങ്ങിയിട്ടുള്ള ഓരോ സെൻറും (അമേരിക്കയിലെ ഏററവും ചെറിയനാണയം) ദരിദ്രർക്കും ദുഃഖിതർക്കും വേണ്ടിയാണു് ചെലവുചെയ്തിട്ടുള്ളതു്. സംഘത്തിൻെറ ഭരണച്ചെലവിനുവേണ്ടി ഒരു സെൻറു്പോലും അവരിൽനിന്നു് എടുത്തിട്ടില്ല.

ബ്രൂക്ലിൻ രൂപതയിലെ വിൻസെൻറു്ഡിപോൾ സംഘത്തിൻെറ ഈ സേവനം നമ്മുടെ സംഘങ്ങൾക്കു് മാതൃകയും ഉത്തേജനവും നൽകുവാൻ തികച്ചും പര്യാപ്തമാകുന്നു. അവരുടെ സേവനത്തിൻെറ വൈവിദ്ധ്യവും, ആദ്ധ്യാത്മികവശത്തിനു് അവർ കൊടുക്കുന്ന പ്രാധാന്യവും ശേഖരിക്കുന്ന സംഭാവനകൾ പാവങ്ങൾക്കും ദുഃഖിതർക്കും വേണ്ടിമാത്രം ചെലവുചെയ്യുന്നതിലുള്ള ഉത്തരവാദബോധവും അനുകരണീയംതന്നെ.

### തിരു-കൊച്ചിഗവമ്മെൻറിലെ തൊഴിൽവകുപ്പിൻെറ ചില സ്ഥിതിവിവരങ്ങൾ

തിരു-കൊച്ചി സംസ്ഥാനത്തിലെ ലേബർ കമ്മീഷണർ 1955-ലെ ആദ്യത്തെ മൂന്നുമാസങ്ങളിലെ സ്ഥിതിവിവരങ്ങൾ ഉള്ളടക്കി ഒരു റിപ്പോർട്ടു് പ്രസിദ്ധീകരിച്ചു. അതനുസരിച്ചു് ആ കാലഘട്ടത്തിൽ 24 പണിമുടക്കങ്ങൾ ഉണ്ടായി. അതിൽ 6,337 തൊഴിലാളികൾ പങ്കെടുത്തു. 58,112½ ദിവസവേല നഷ്ടപ്പെട്ടു. 937 തൊഴിൽത്തക്കങ്ങളുണ്ടായതിൽ തൊഴിൽവകുപ്പിലെ അനുരഞ്ജകസമിതിയുടെ മദ്ധ്യസ്ഥതമൂലം 586 എണ്ണം സൗഹാർദ്ദപരമായി തീരുമാനിച്ചു. 6എണ്ണം അഡ്ജ്യുഡിക്കേഷനും, ഒന്നു് ആർബിട്രേഷനും ഏല്പിച്ചുകൊടുത്തു.

11 പുതിയ യൂണിയനുകൾ രജിസ്റ്റർ ചെയ്തതുൾപ്പെടെ സംസ്ഥാനത്തിലെ ട്രെയ്ഡ് യൂണിയനുകളുടെ എണ്ണം 7,000 ആയി പൊന്തി. ഫാക്ടറീസ്സു് ആക്ടിൻെറ കീഴിൽ 12 ഫാക്ടറികൾ പുതുതായി രജിസ്റ്റർ ചെയ്തു. ക്ഷേമസമിതി ഉദ്യോഗസ്ഥന്മാർ വിവിധവ്യവസായശാലകളിലും തോട്ടങ്ങളിലും നിരന്തരം നടത്തിയ സന്ദർശനങ്ങളുടെ ഫലമായി തൊഴിലാളികളുടെ സുഖസൗകര്യങ്ങൾ ഗണ്യമായ തോതിൽ മെച്ചമാക്കുവാൻ ഏർപ്പാടുകൾ ചെയ്തു. വിവിധവ്യവസായശാലകളിൽ സ്ഥാപിച്ചിട്ടുള്ള വർക്ക്സ് കമ്മിററികളും യൂണിററു് പ്രൊഡക്ഷൻ കമ്മിററികളും ആരോഗ്യകരമായി പ്രവർത്തനങ്ങൾ നടത്താൻ പ്രസ്തുതോദ്യോഗസ്ഥന്മാർ ഇടയാക്കി. മൂന്നുപ്രദേശങ്ങളിൽ പുതുതായി സ്ഥാപിച്ച ഇൻറസ്ട്രിയൽ റിലേഷൻസ്കമ്മിററി വയോജനവിദ്യാഭ്യാസത്തിനും വെളിയിലുള്ള കളികൾക്കും സൗകര്യങ്ങൾ ഏർപ്പെടുത്തി. ഷോപ്പ്സ് ആൻറു് എസ്റ്റാബ്ലിഷ്മെൻറ്സ് ആക്ടിലെ വ്യവസ്ഥകൾ സനിഷ്കർഷം അനുഷ്ഠിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തുവാൻവേണ്ടി, ആക്ടനുസരിച്ചു് ഇൻസ്പെക്ടറന്മാരുടെ ചുമതല വഹിക്കേണ്ട, ലേബറാഫീസറന്മാർ 4,300 പരിശോധനകൾ നടത്തുകയുണ്ടായി. ചേർത്തലയിലും പെരുമ്പാവൂരും പുതുതായി പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പൽ പ്രദേശങ്ങളിലേക്കും പ്രസ്തുത ആക്ടു് ബാധകമാക്കി. മരണകരവും മരണകരമല്ലാത്തതുമായ അപകടങ്ങൾ സംബന്ധിച്ചുള്ള അവകാശവാദങ്ങൾ തീരുമാനിച്ചുകൊണ്ടു്, വർക്കേഴ്സു് കോമ്പൻസേഷൻ കമ്മീഷണർ എന്ന നിലയിൽ, ലേബർ കമ്മീഷണർ 10,141 രൂപാ തൊഴിലാളികൾക്കു് നഷ്ടപരിഹാരം നൽകണമെന്നു വിധിച്ചു. തിരു-കൊച്ചിയിലെ മെറേണിററി ബെനഫിററു് റൂളുകളുടെ രൂപീകരണം പ്രസ്തുത കാലഘട്ടത്തിൽ പൂർണ്ണമാക്കി.

ഈ വിവരങ്ങളിൽനിന്നു കാണാം തിരു-കൊച്ചിയിലെ ലേബർഡിപ്പാർട്ടുമെൻറു് തൊഴിലാളികളുടെ കാര്യത്തിൽ കഴിയുന്നത്ര ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിച്ചു കൊണ്ടിരിക്കുകയാണെന്നു്. എന്നിട്ടും ഗവമ്മെൻറു് മുതലാളികളുടേതാണെന്നും തൊഴിലാളികൾക്കുവേണ്ടി കാര്യമായൊന്നും ചെയ്യുന്നില്ലെന്നും കമ്മ്യൂണിസ്റ്റുകാരും കൂട്ടരും മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണു്! റിപ്പോർട്ടിൽ പറയുന്ന പണിമുടക്കുകളും അതിൻെറ ഫലമായി അരലക്ഷത്തിലധികം ജോലിദിവസങ്ങൾ തൊഴിലാളികൾക്കു നഷ്ടപ്പെട്ടതുമാണു് കമ്മ്യൂണിസ്റ്റുകാരും മററും തൊഴിലാളിവർഗ്ഗത്തിനു നൽകിയ സംഭാവന!!

### എ. ഐ. സി. സി. സമ്മേളനത്തിൽ ഭൂനയപ്രമേയം പാസ്സായി

ഈ ജൂലൈ ആദ്യവാരത്തിൽ ആഗ്രായിൽ നടന്ന എ. ഐ. സി. സി. (അഖിലേന്ത്യാ കോൺഗ്രസ്സു് കമ്മിററി) സമ്മേളനത്തിൽ ഭൂനയത്തിൽ ഭേദഗതി വരുത്തണമെന്നുള്ള പ്രമേയം കേന്ദ്ര റയിൽവേമന്ത്രി മി. ലാൽ ബഹദൂർ ശാസ്ത്രി അവതരിപ്പിച്ചു. നിർദ്ദിഷ്ടകണക്കനുസരിച്ചുള്ള ഭൂമിശേഖരിക്കുന്നതിനും, ഭൂവുടമയുടെ പരിധി നിർണ്ണയിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കണമെന്നു് സ്റ്റേററു് ഗവർമ്മെൻറുകളെ പ്രസ്തുത പ്രമേയംമുഖേന എ. ഐ. സി. സി. ആഹ്വാനംചെയ്യുന്നു. പ്രസ്തുത പ്രമേയത്തെ അധികരിച്ചു മി. ശാസ്ത്രി പറഞ്ഞു: രാഷ്ട്രീയമോചനം പ്രാപ്തമായതിനാൽ, ഇനിയത്തെ യത്നം സാമ്പത്തിക സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ളതായിരിക്കണം. വാസ്തവത്തിൽ സാമ്പത്തികമോക്ഷം രാഷ്ട്രീയ സ്വാതന്ത്ര്യത്തെക്കാൾ കൂടുതൽ ദുഷ്കരവും കൂടുതൽ പ്രാധാന്യമർഹിക്കുന്നതും ആകുന്നു. രാഷ്ട്രീയവിപ്ലവം നേടിക്കഴിഞ്ഞു. ഏതൊരു രാഷ്ട്രീയപാർട്ടിയുടേയും അനന്തരലക്ഷ്യം സാമ്പത്തിക വിപ്ലവവിജയമായിരിക്കണം. അതു സാധിക്കാത്തിടത്തോളം കാലം വിജയം അപൂർണ്ണമായി അവശേഷിക്കും.

ഇന്ത്യയിൽ ഭൂപരിഷ്കാരം സാധിക്കുക എന്നതു കോൺഗ്രസ്സിൻെറ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്നാണു്. മിക്ക സ്റ്റേററുകളിലും സെമിന്ദാരിസമ്പ്രദായം നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു. മററു ചിലതിൽ അതിനുള്ള മാർഗ്ഗങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ സെമിന്ദാരി നിർത്തലാക്കൽകൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല. ഭൂമിരഹിതർക്കു് ഭൂമി വിതരണം ചെയ്യുക മുതലായ നിരവധി പ്രശ്നങ്ങൾ പിന്നെയും അവശേഷിക്കുന്നു.

### അമേരിക്കൻ പ്രസിഡൻറിൻെറ ഉറച്ച മതവിശ്വാസവും ദൈവാശ്രയനിഷ്ഠയും

ഐസനോവർ "ലളിതവിശ്വാസമുള്ള മനുഷ്യനാണു്; അദ്ദേഹം ആത്മാർത്ഥമായിട്ടാണു് തൻെറ മതതത്വങ്ങൾ സ്വീകരിച്ചിരിക്കുന്നതു്" എന്നു് അമേരിക്കൻ പ്രസിഡൻറിനു് വൈദികശുശ്രൂഷ ചെയ്തുകൊടുക്കുന്ന നാഷണൽ പ്രിസ്ബിറേററിയൻ സഭയിലെ വൈദികൻ പ്രസ്താവിക്കുകയുണ്ടായി. ആ അഭിപ്രായത്തോടു് വാഷിംഗ്ടണ്ണിലെ പത്രലേഖകന്മാർ യോജിക്കുന്നുണ്ടു്. ദേശീയകാര്യങ്ങളുടെ അടിസ്ഥാനം മതപരമായിരിക്കണമെന്നു് പ്രസിഡൻറു് ഊന്നിപ്പറഞ്ഞുകൊണ്ടിരിക്കുകയാണു്. "ഏതൊരു സ്വതന്ത്രഗവർമ്മെൻറും ആഴമായ ബോധത്തോടുകൂടിയ മതവിശ്വാസത്തിലാണു് ശരിയായിഅടിയുറച്ചിരിക്കുന്നതു്, അല്ലെങ്കിൽ സ്വതന്ത്രഗവർമ്മെൻറെന്നു പറയുന്നതിനു യാതൊരർത്ഥവുമില്ല" എന്നാണു് നിയമസഭാംഗങ്ങളുടേയും വിദേശപ്രതിനിധികളുടേയും സന്നിധിയിൽവച്ചുള്ള അനൗപചാരികപ്രഭാഷണത്തിൽ അദ്ദേഹം പറഞ്ഞതു്. അദ്ദേഹംഇങ്ങനെ തുടർന്നു:-"സ്വതന്ത്രമനുഷ്യർക്കുവേണ്ടി ഒരു ഗവമ്മെൻറുസ്ഥാപിക്കുവാനും അതിൻെറ നിലനില്പിനായി ഒരു പ്രഖ്യാപനവും ഭരണഘടനയും രൂപീകരിക്കുവാനും നാം നിശ്ചയിച്ചപ്പോൾ, ആ ഭരണസമ്പ്രദായത്തിൻെറ സ്വഭാവം വിശദീകരിക്കുവാൻ നാം ഇങ്ങനെ പ്രസ്താവിക്കേണ്ടിവന്നു:(എന്നു പറഞ്ഞു് അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനത്തിലെ "സകല മനുഷ്യർക്കും അവരുടെ സ്രഷ്ടാവിൽനിന്നു്" എന്നു തുടങ്ങുന്ന വാക്യങ്ങൾ ഉദ്ധരിച്ചു.) ഇന്നു് ഈ സംഗതികൾ നാം ഓർമ്മയിൽ വരുത്തുകയും, അവയുടെ താല്പര്യമനുസരിച്ചു് നമ്മുടെ പ്രശ്നങ്ങളിൽനിന്നു അല്പം പിൻതിരിഞ്ഞു് നമ്മെക്കാൾ ശക്തനായ ദിവ്യപുരുഷനെ ആശ്രയിക്കാൻ നമുക്കു കഴിവുണ്ടാകയും ചെയ്യുന്നപക്ഷം പ്രസ്തുത പ്രശ്നങ്ങളെ യഥാസ്ഥാനങ്ങളിൽ കൊണ്ടുചെന്നു നിർത്തുവാൻ നാം തുടങ്ങുകയായിരിക്കുമെന്നാണു് എൻെറ വിശ്വാസം." പ്രസിഡൻറിൻെറ "അത്യുന്നതനിൽനിന്നു് മാർഗ്ഗദർശനം തേടുന്ന ഈ പുതിയ മനോഭാവം" രാജ്യത്താകമാനമുള്ള പത്രങ്ങൾ അഭിനന്ദിക്കുകയാണു ചെയ്തിട്ടുള്ളതു്.

### ഔദ്യോഗിക ചടങ്ങുകളിലും പ്രസിഡൻറു് പ്രാർത്ഥനയെ ആശ്രയിക്കുന്നു

പ്രസിഡൻറിൻെറ ഈ ദൈവാശ്രയബോധം വാഷിംഗ്ടണിലെ ഔദ്യോഗികചടങ്ങുകളിൽ നവമായ രീതിയിൽ പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. തൻെറ സ്ഥാനാരോഹണം ഉൽഘാടനം ചെയ്തയവസരത്തിൽ അദ്ദേഹംതന്നെയാണു് ഇതിനു് ആരംഭമിട്ടതു്. അതിനുശേഷം ആഴ്ചതോറുമുള്ള ക്യാബിനററുയോഗം അദ്ദേഹം തുടങ്ങാറുള്ളതു് ഒരു മിനിട്ടു നേരത്തെ മൗനപ്രാർത്ഥനയോടുകൂടിയാണു്. പ്രസിഡൻറിൻെറ മാതൃകയാൽ ദൈവസഹായം തേടിക്കൊണ്ടുള്ള പ്രാർത്ഥനകൾക്കു് വാഷിംഗ്ടണിലെ ഔദ്യോഗികചടങ്ങുകളിൽ കൂടുതൽ കൂടുതലായി പ്രവേശനം ലഭിച്ചിട്ടുണ്ടു്. ക്യാബിനററു് അംഗങ്ങളായ ചില വ്യക്തികൾ അവരുടെ സ്വന്തം ഉദ്യോഗസ്ഥയോഗങ്ങൾ പ്രാർത്ഥനയോടുകൂടി തുടങ്ങുന്നു. കൃഷിവകുപ്പുസെക്രറി (മന്ത്രി) അവരിലൊരാളാണു്. പ്രസിഡൻറിൻെറ അസിസ്റ്റൻറായ ഷെർമൻ ആഡംസിൻെറ വൈററു് ഹൗസിലുള്ള (പ്രസിഡൻറിൻെറ വസതി) ഡെസ്കിൽ ഒരു പ്രാർത്ഥന അച്ചടിച്ചു് പ്രകാശം വീശിവച്ചിട്ടുണ്ടു്. "എന്നെ അങ്ങയുടെ സമാധാനത്തിൻെറ നീർച്ചാൽ ആക്കേണമെ" എന്നു് ദൈവത്തോടുള്ള ഫ്രാൻസീസു് അസീസി പുണ്യവാൻെറ പ്രാർത്ഥനയാണതു്.

അമേരിക്കൻ സ്വാതന്ത്ര്യദിനം കൊല്ലംതോറും ജൂലൈ 4-ാംനു ആഘോഷിക്കുന്നുണ്ടല്ലൊ. ഇക്കൊല്ലത്തെ ആഘോഷം പ്രമാണിച്ചു് ഐസനോവർ പുറപ്പെടുവിച്ച വിളംബരത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു:—

"ദൈവത്തിൻെറ പരമശക്തിയിൽ ദൃഢമായി ആശ്രയിച്ചുകൊണ്ടു നാം സ്വാതന്ത്ര്യപ്രഖ്യാപനം അംഗീകരിച്ചതിൻെറ ഒരു നൂററി എഴുപത്തേഴാമതു വാർഷികദിനമായ 1953 ജൂലൈ 4-ാംനു ശനിയാഴ്ച പ്രാർത്ഥനയുടേയും അനുതാപത്തിൻെറയും ദിനമായി അമേരിക്കയൊട്ടുക്കാചരിക്കണമെന്നു് യുണൈററഡ് സ്റ്റേററ്സിലെ പ്രസിഡൻറായ ഞാൻ നിർദ്ദേശിക്കുന്നു. അന്നേദിവസം നമ്മുടെ സർവ്വജനങ്ങളും അവരവരുടെ വീടുകളിലോ ആരാധനാസ്ഥലങ്ങളിലോ ഇരുന്നു് ദൈവസന്നിധിയിലേക്കു് ദൃഷ്ടികളയർത്തി, വിനീതഹൃദയരായി പ്രാർത്ഥിക്കണമെന്നു് ഞാനപേക്ഷിച്ചുകൊള്ളുന്നു. നമ്മെ എതിരിടുന്ന ഗുരുതരപ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ദൈവസഹായമുണ്ടാകുവാൻ അനുതാപഹൃദയത്തോടെ നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ രാഷ്ട്രത്തെ കാത്തുപാലിച്ചുപോരുന്നതിനു് നാം ദൈവത്തോടു് കൃതജ്ഞത പറയുക."

തന്നെ ആശ്രയിക്കുന്ന ഈ ഭരണകർത്താക്കൾക്കു് കാരുണ്യവാനായ ദൈവം തൻെറ സഹായം സമൃദ്ധമായി നൽകുമാറാകട്ടെ!


സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |


## അടുത്തയാഴ്ചയിൽ

ജൂലൈ

19 ഞാ: പന്തക്കുസ്താ 8-ാം ഞായർ
20 തി: മർഗരീത്താ
21 ചൊ: പ്രക്സേദിസ്
22 ബു: മറിയം മഗ്ദലൈത്ത
23 വ്യാ: അപ്പോളിനാരിസ്
24 വെ: ക്രിസ്ത്യാനോസ്
25 ശ: യാക്കോബ്

## ഇടവകവാർത്തകൾ

### മാർത്തോമ്മാദിനം

ചേരാനല്ലൂർ, പള്ളുരുത്തി, പൊൻകുന്നം, കോക്കമംഗലം, ഉഴവ, തീക്കോയി, അരുവിത്തുറ എന്നിവിടങ്ങളിൽ ജൂലൈ 3-ാംനു മാർത്തോമ്മാദിനം സാഘോഷം കൊണ്ടാടിയിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

—എൽത്തുരുത്തു്: ബോർഡിംഗിലെ മരിയാസഖ്യത്തിൻെറ ഉൽഘാടനം ജൂലൈ 5-ാംനു വെരി റവ. ഫാദർ ജനെസിയൂസ് ടി. ഒ. സി. ഡി. നിർവ്വഹിച്ചിരിക്കുന്നു.

—വായ്പൂരു്: പഴയപള്ളിയിൽനിന്നും മാറിപ്പോകുന്ന റവ. ഫാ. അഗസ്റ്റിൻ മണ്ണൂക്കുളം അവർകൾക്കു് ജൂലൈ 4-ാംനു ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—ഒല്ലൂർ: എം. സി. എസ്സ്. എൽ. ൻെറ സൂഹൽസമ്മേളനത്തോടനുബന്ധിച്ചു് ജനറൽ ഡയറക്ടർ മോൺ. പോൾ കാക്കശ്ശേരിക്കു് അദ്ദേഹത്തിൻെറ നാമഹേതുകത്തിരുനാൾ സംബന്ധിച്ച അനുമോദനങ്ങൾ നൽകിയിരിക്കുന്നു.

## ചോദ്യോത്തരപംക്തി

**ചോ:** "നീ പത്രോസാകുന്നു; ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും" (മത്തായി 16, 18) എന്ന വാക്യത്തിൽനിന്നു സഭ പത്രോസിന്റെമേൽ പണിയപ്പെട്ടിരിക്കുന്നു എന്നു വാദിക്കാമെങ്കിൽ, "സാത്താനേ, എന്നെ വിട്ടു പോ. നീ എനിക്കു് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റേതല്ല, മനുഷ്യരുടേതത്രെ കരുതുന്നതു്" (മത്തായി 16, 23) എന്ന വാക്യത്തിൽനിന്നു സഭ സാത്താന്റെ മേലാണു പണിയപ്പെട്ടിരിക്കുന്നതു് എന്നു വാദിച്ചുകൂടെയോ?

**ഉ:** ക്രിസ്തു "നീ പത്രോസ് (പാറ) ആകുന്നു; ഈ പാറമേൽ എന്റെ സഭയെ ഞാൻ പണിയും" എന്നു് അരുളിച്ചെയ്തതുപോലെ, "നീ സാത്താനാകുന്നു; ഈ സാത്താന്റെമേൽ എന്റെ സഭയെ ഞാൻ പണിയും" എന്നുകൂടി അരുളിച്ചെയ്തിരുന്നെങ്കിൽ ഈ വാദത്തിനു പ്രസക്തിയുണ്ടാകുമായിരുന്നു. അങ്ങനെ അരുളിച്ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു് ഈ വാദത്തിനു പ്രസക്തിയില്ല, എന്നു മാത്രമല്ല ഇതു കേവലം ബാലിശവുമാകുന്നു. ഒരു വിദ്യാർത്ഥിക്കു കണക്കുവിഷയത്തിൽ നൂറുശതമാനം മാർക്കുകിട്ടി. അതിനു് അവനൊരു മെഡൽ അധികൃതർ സമ്മാനംകൊടുത്തു. പിന്നീടു് ഇംഗ്ലീഷിനു് അവൻ തോററുപോയി. അധികൃതർ അവനെ അതിനു കുററപ്പെടുത്തുകയും ചെയ്തു. കണക്കിനു് അവനു നൂറുശതമാനം മാർക്കു കിട്ടിയതുകൊണ്ടാണു മെഡൽ കൊടുത്തതു് എന്നു പറയാമെങ്കിൽ, ഇംഗ്ലീഷിനു് അവൻ തോററതുകൊണ്ടുകൂടിയാണു് അവനു മെഡൽ കൊടുത്തതെന്നു പറയാമെന്നു് ആരും വാദിക്കുകയില്ല. ഏതാണ്ടതുപോലെ, പത്രോസ് ചെയ്ത വിശ്വാസപ്രഖ്യാപനത്തിനു്, അദ്ദേഹം ക്രിസ്തുവിന്റെ ദൈവത്വം ഏററുപറഞ്ഞതിനു്, പ്രതിസമ്മാനമായിട്ടാണു ദിവ്യനാഥൻ അദ്ദേഹത്തെ തിരുസ്സഭയുടെ തലവനായി നിയമിക്കുന്നതു്, പിന്നീടദ്ദേഹം പ്രദർശിപ്പിക്കുന്ന ബലഹീനതയേയൊ അജ്ഞതയേയൊ ആധാരമാക്കിയല്ല എന്നതു സ്പഷ്ടമാണു്.

പത്രോസിനെ ദിവ്യരക്ഷാനാഥന്റെ ശാസനയ്ക്കു പാത്രമാക്കിയ സന്ദർഭം വിശുദ്ധ ഗ്രന്ഥകാരൻ വിവരിക്കുന്നതു് ഇപ്രകാരമാണു്: "അപ്പോൾ മുതൽ ഈശോ, താൻ ഓറശ്ലേത്തേക്കു പോകുവാനും, മൂപ്പന്മാരിൽനിന്നും പ്രധാനാചാര്യന്മാർ, നിയമജ്ഞന്മാർ എന്നിവരിൽനിന്നും വളരെയൊക്കെ പീഡയനുഭവിക്കുവാനും, കൊല്ലപ്പെടുവാനും, മൂന്നാംദിവസം ഉയിർക്കുവാനും ഇരിക്കുന്നെന്നു തന്റെ ശിഷ്യന്മാരോടു് അറിയിക്കുവാൻ തുടങ്ങി. അപ്പോൾ കേപ്പ അവനെ (തനിയെ) കൂട്ടിക്കൊണ്ടുപോയി: എന്റെ കർത്താവേ, നിനക്കു് ഇതു സംഭവിക്കുവാൻ ഇടയാകാതിരിക്കട്ടെ എന്നു അവനെ വിലക്കിപ്പറയുവാൻ തുടങ്ങി. എന്നാൽ അവൻ തിരിഞ്ഞു കേപ്പായോടു്: സാത്താനേ, നീ എന്റെ പിന്നിൽ പോകുക; നീ എനിക്കു് ഇടർച്ചയാകുന്നു; എന്തെന്നാൽ നീ മാനുഷികമായിട്ടുള്ളതല്ലാതെ, ദൈവികമായിട്ടുള്ളതല്ല വിചാരിക്കുന്നതു് എന്നരുളിച്ചെയ്തു" (മത്തായി 16 21—23. സുറിയാനി പ്ശീത്തായിൽ നിന്നുള്ള വിവർത്തനം.)

ക്രിസ്തു പത്രോസിനു പരമാധികാരം വാഗ്ദാനം ചെയ്തശേഷം നടന്ന ഒരു സംഭാഷണമാണു ഉദ്ധൃതവാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. സുവിശേഷകൻ എപ്രകാരം വി. പത്രോസിനു് അനുകൂലവും പ്രതികൂലവുമായ കാര്യങ്ങൾ സത്യസന്ധതയോടും ആർജ്ജവബുദ്ധിയോടുംകൂടി രേഖപ്പെടുത്തിയിരിക്കുന്നുവെന്നു നോക്കുക. ക്രിസ്തു പത്രോസിനു പരമാധികാരം വാഗ്ദാനം ചെയ്തെന്നുകരുതി, അദ്ദേഹം വ്യക്തിപരമായ സകല പരാജയങ്ങൾക്കും ബലഹീനതകൾക്കും അതീതനായെന്നോ, യാതൊരു ശകാരവും തെററുതിരുത്തലും അർഹിക്കാത്ത നിലയിലെത്തിയെന്നോ വിചാരിക്കേണ്ടതില്ല. പ്രകൃതത്തിൽ, ക്രിസ്തു തന്റെ പീഡാനുഭവത്തേയും മരണത്തേയുംപററി പറഞ്ഞ വാക്കുകൾ പത്രോസിനു ദുർഗ്രഹവും ദുസ്സഹവുമായി തോന്നുന്നു. തന്നിമിത്തം തന്റെ ഗുരു അവയിൽനിന്നു വിമുക്തനായിരിപ്പാൻ തനിക്കുള്ള ആഗ്രഹം ആ സ്വാമിഭക്തൻ പ്രകാശിപ്പിക്കുന്നു. തദവസരത്തിലാണ ഗുരുനാഥൻ സ്വശിഷ്യന്റെ ചിന്താശൂന്യതയെ കുററപ്പെടുത്തുകയും, അയാൾ അറിയാതെ തന്നെ സാത്താന്റെ ഇംഗിതം പ്രകാശിപ്പിക്കുകയാണു ചെയ്യുന്നതെന്നു സൂചിപ്പിക്കുകയും ചെയ്യുന്നതു്. "സാത്താൻ" എന്ന ശബ്ദത്തിനു "ശത്രു" എന്നാണു മൂലാർത്ഥം. മനുഷ്യരക്ഷയുടെ സർവ്വപ്രധാനനായ വിരോധി പിശാചാകയാൽ, സാത്താൻ എന്ന ശബ്ദത്തിനു പിശാചു് എന്നു് അർത്ഥം ജനിച്ചു. "പിശാചു ചെയ്യുന്നതുപോലെ, രക്ഷയേയും, പൈശാചിക സാമ്രാജ്യത്തിന്റെ വിധ്വംസനത്തേയും പത്രോസു്, ദൈവനിശ്ചയം അറിയാതെയും തെററായ തീക്ഷ്ണതമൂലവും, തടയാൻ ശ്രമിച്ചതുകൊണ്ടു് മിശിഹ സാത്താൻ എന്നു് അവനെ വിളിക്കുന്നു" എന്നാണു വിവാദവിഷയമായ വാക്യത്തിന്റെ വ്യാഖ്യാനം. പത്രോസ് പിശാചാണെന്നോ, പിശാചുബാധിതനാണെന്നോ അതിനർത്ഥമില്ല. ഈ വാക്യത്തെ ആധാരമാക്കി സഭ സാത്താന്റെ മേലാണു പണിയപ്പെട്ടിരിക്കുന്നതെന്നു പറയാമെന്ന വാദവും തികച്ചും നിരർത്ഥകമാണു്.

—കോക്കമംഗലം: സൊഡാലിററിവാർഷികം ജൂലൈ 3-ാംനു റവ. ഫാദർ ജെ. ഫിലാരിയോൻ സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ പി. എം. കുര്യാക്കോസ് ബി. എ., ബി. എൽ. ഒരു പ്രസംഗം ചെയ്തു.

—പള്ളുരുത്തി: മരിയാസഖ്യത്തിന്റെ 5-ാമതു വാർഷികം ജൂലൈ 5-ാംനു റവ. ഫാദർ മർസിലീൻ സി. ഡി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു.

—എറണാകുളം: സെൻറ് മേരീസ് സി. വൈ. എം. എ. യുടെയും സെൻറ് സ്റ്റനിസ്ലാവോസ് ബാലസമാജത്തിന്റെയും 29-ാമതു സംയുക്തവാർഷികം ദുക്റാനാതിരുനാളിനോടനുബന്ധിച്ച് ജൂലൈ 3-ാംനു വെരി റവ. ഫാ. മാവുരുസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. യോഗാനന്തരം ഭിക്ഷു എന്ന പ്രഹസനം അഭിനയിക്കപ്പെടുകയുമുണ്ടായി.

—ചിററാട്ടുകര: പാനികുളം ബ. തോമാച്ചന്റെ നിര്യാണം പ്രമാണിച്ച് ജൂൺ 28-ാംനു സി. വൈ. എം. എ. യുടെ ആഭിമുഖ്യത്തിൽ ഒരു അനുശോചനയോഗം കൂടിയിരിക്കുന്നു.

—മണിമല പഴയപള്ളിയിലെ ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരസാധാരണയോഗം ജൂലൈ 8-ാം തീയതി ശ്രീ എം. ററി. ചാക്കോയുടെ അദ്ധ്യക്ഷതയിൽ നടന്നു. തദവസരത്തിൽ മി. കുര്യൻ ററി. കുരുവിള ഒരു പ്രസംഗംചെയ്തു.

### ചരമം

തോട്ടക്കര ഇടവക ചക്കാലക്കുടിയിൽ ഉലഹന്നൻ ഭാര്യ മറിയം ജൂൺ 27-ാംനു നിര്യാതയായിരിക്കുന്നു.

—കൊല്ലം: പട്ടത്താനം ശ്രീ കെ. പി. തോമസിന്റെ പുത്രൻ ആൽബർട്ട് (ആന്റാബായി) ജൂൺ 27-ാംനു കാറപകടംമൂലം നിര്യാതനായിരിക്കുന്നു.

—കരീങ്കുന്നം: നെടിയകാട്ട് ലിസ്യൂപള്ളി ഇടവക തോട്ടുങ്കൽ ശ്രീ ഔസേപ്പു വറുഗീസ് ജൂൺ 28-ാംനു 78-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—അരുവിത്തുറപള്ളി ഇടവക പെരുന്നിലത്തു തൊമ്മൻ ഏലി 96-ാമത്തെ വയസ്സിൽ ജൂൺ 23-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

### ശ്രീ പി. ററി. ചാക്കൊ രാജിവച്ചു

കേന്ദ്രജനസഭയിൽ തിരുകൊച്ചി പ്രതിനിധികളിലൊരാളായ ശ്രീ പി. ററി. ചാക്കൊ എം. പി. സ്ഥാനം രാജിവച്ചുകൊണ്ടു് സ്പീക്കർക്കു കത്തയച്ചിരിക്കുന്നതായറിയുന്നു.

### ഗവമ്മെൻറ് ലോൺ

പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള വികസനപരിപാടികൾക്കുവേണ്ടി തിരുകൊച്ചി ഗവമ്മെൻറ് നാലുശതമാനം പലിശയ്ക്കു് മൂന്നുകോടി രൂപാ കടമെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ജൂലൈ 15 മുതൽ 23 വരെ തീയതികളിൽ ലോൺ സ്വീകരിക്കുന്നതും 1963-ൽ മടക്കിക്കൊടുക്കുന്നതുമായിരിക്കും. നൂറും അതിന്റെ ഗുണിതങ്ങളായ സംഖ്യകളും സ്വീകരിക്കുന്നതാണു്. അപേക്ഷാഫോറങ്ങൾ റിസർവ്വ് ബാങ്ക് ശാഖകൾ, ട്രാവൻകൂർ ഫോർവേഡ് ബാങ്ക് ശാഖകൾ, ട്രഷറി ഇവിടെനിന്നെല്ലാം ലഭിക്കുന്നതാണു്.

### റേഷൻ കൂട്ടിയേക്കും

തിരുകൊച്ചിയിലെ അരിറേഷൻ 6 ഔൺസിൽനിന്നും 8 ഔൺസാക്കി വർദ്ധിപ്പിക്കുന്നതിനു് തിരുകൊച്ചി മന്ത്രിമാർ കേന്ദ്രത്തിൽ നിവേദനം നടത്തിയിട്ടുണ്ടെന്നും താമസിയാതെ അനുകൂലമായ മറുപടി ലഭിച്ചേക്കുമെന്നും പ്രസ്താവിക്കപ്പെടുന്നു.

### ഹെൽത്തു യൂണിററ്

തിരുവനന്തപുരം മെഡിക്കൽ കോളെജിനു ചുററുപാടുമുള്ള 4 പകുതികൾ ഉൾപ്പെടുത്തി ഉള്ളൂരിൽ ഒരു ഹെൽത്തു യൂണിററു സ്ഥാപിക്കുവാൻ ഗവർമ്മെൻറ് അനുമതി നൽകിയിരിക്കുന്നു. 19 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഈ പ്രദേശത്തേക്കു് അസി. സർജന്മാർ, ഹെൽത്തു് ഇൻസ്പെക്ടർ, പബ്ളിക് ഹെൽത്തു നേഴ്സ് മുതലായവരടങ്ങിയ സ്റ്റാഫും 6 ബെഡ്ഡുകളോടുകൂടിയ ഒരു ഡിസ്പെൻസറിയും ഉണ്ടായിരിക്കുന്നതാണു്. ഇതിന്റെ പ്രവർത്തനം ക്രമേണ വികസിപ്പിക്കുവാനാണുദ്ദേശിച്ചിരിക്കുന്നതു്.

"ഒരു പിതാവു് നൂറു അദ്ധ്യാപകന്മാരെക്കാൾ വിലയുള്ളവനാണു്." (ജോർജു് ഹെർബർട്ടു്)

## ഇൻഡ്യാ വാർത്തകൾ

### ആന്ധ്രാ സ്റ്റേററ്

ഒക്ടോബർ 1-ാംനു ആന്ധ്രാ സ്റ്റേററ് ഒരു പാർട്ട് എ. സ്റ്റേററ് എന്ന നിലയിൽ രൂപംപ്രാപിക്കുന്നതാണു്. മദ്രാസ് സംസ്ഥാനത്തെ ശ്രീകുളം, വിശാഖപട്ടണം, കിഴക്കേ ഗോദാവരി, പശ്ചിമഗോദാവരി, കൃഷ്ണാ, ഗുണ്ടൂർ, കർണ്ണൂർ, നെല്ലൂർ, അനന്തപുരം, കടപ്പ, ചിററൂർ എന്നീ ഡിസ്ട്രിക്റ്റുകളും ബെല്ലാരി ഡിസ്ട്രിക്ടിലെ അലൂർ, അഡോനിരായദുർഗ് എന്നീ താലൂക്കുകളും പുതിയ സ്റ്റേററിൽ പെടുന്നതാണു്. സംസ്ഥാനപുനസ്സംഘടനയോടുകൂടി മദ്രാസിനു് കേന്ദ്ര കൗൺസിൽ ഓഫ് സ്റ്റേററിലുള്ള പ്രതിനിധികളുടെ സംഖ്യ 27-ൽനിന്നു 18 ആയി കുറയുന്നതും ആന്ധ്രാ സ്റ്റേററിനു് അവിടെ 12 സീററുകൾ ലഭിക്കുന്നതുമാണു്. കേന്ദ്രജനസഭയിൽ മദ്രാസ് പ്രതിനിധികളുടെ സംഖ്യ 75-ൽനിന്നു് 46 ആയി കുറയ്ക്കുന്നതും മൈസൂർ പ്രതിനിധികളുടെ സംഖ്യ 11 എന്നതു 12 ആക്കുന്നതും ആന്ധ്രായ്ക്കു് 28 സീററുകൾ നൽകുന്നതുമായിരിക്കും. ആന്ധ്രാ നിയമസഭയിലെ അംഗസംഖ്യ 140 എന്നു ക്ലിപ്തപ്പെടുത്തുകയും മദ്രാസിലേതു് 375-ൽനിന്നു 230 ആയി കുറയ്ക്കുകയും മൈസൂർ നിയമസഭയിലേതു് 95-ൽനിന്നു 104 ആയി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. ആന്ധ്രാ സ്റ്റേററിൽ മദ്രാസിലേതുപോലെ ഉപരിസഭ ഉണ്ടായിരിക്കുന്നതല്ല. പുതിയ സ്റ്റേററിന്റെ താല്ക്കാലിക തലസ്ഥാനം കർണ്ണൂൽ ആയിരിക്കുന്നതാണു്.

### പുകയില കയററുമതിച്ചുങ്കം നിർത്തലാക്കുന്നു

പുകയിലയുടെ കയററുമതിച്ചുങ്കം ജൂലൈ 8-ാംനു മുതൽ കേന്ദ്രഗവർമ്മെൻറു നിർത്തലാക്കിയിരിക്കുന്നു.

### നിയന്ത്രണങ്ങൾ നീക്കുന്നു

1955-56 ലേക്കു് പ്ലാനിംഗ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള തുണിയുല്പാദനലക്ഷ്യത്തിൽ കവിഞ്ഞവിധം ഇപ്പോൾ പ്രതിമാസം ഇൻഡ്യയിൽ 40 കോടി വാര തുണി ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നും നൂലിന്റെ കാര്യവും തൃപ്തികരമായ നിലയിലെത്തിയിട്ടുണ്ടെന്നും തന്മൂലം തുണിയുടേയും നൂലിന്റെയും വിലനിരക്കു്, വിതരണം എന്നിവസംബന്ധിച്ച എല്ലാ നിയന്ത്രണങ്ങളും പിൻവലിക്കുവാൻ തീരുമാനിച്ചിരിക്കുന്നുവെന്നും ഇൻഡ്യാഗവർമ്മെൻറ് വിജ്ഞാപനം ചെയ്തിരിക്കുന്നു.

## വിദേശവാർത്തകൾ

### കൊറിയൻ യുദ്ധവിരാമം

ദക്ഷിണകൊറിയൻ പ്രസിഡണ്ടു് മി. സിംഗ്മൻ റീ കൊറിയൻ യുദ്ധവിരാമസന്ധിയിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചിരിക്കയാണല്ലോ. ഇതേതുടർന്നു ദക്ഷിണകൊറിയയെ കൂടാതെതന്നെ യുദ്ധവിരാമസന്ധിയിൽ ഒപ്പുവയ്ക്കാൻ യു എൻ സുപ്രീം കമാൻഡർ ജനറൽ മാക്ക്ലാക്ക് ജൂൺ 29-ാംനു ഒരു നിർദ്ദേശമയയ്ക്കുകയും കമ്മ്യൂണിസ്റ്റുകാർ അതു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഇതോടെ സന്ധിസംഭാഷണങ്ങൾ വീണ്ടുമാരംഭിച്ചിട്ടുണ്ടു്.

### അമേരിക്കൻ വൈസ് പ്രസിഡണ്ടു്

അമേരിക്കൻ വൈസ് പ്രസിഡണ്ടു് മി. നിക്സൺ അടുത്ത ഒക്ടോബർ നവമ്പർ മാസങ്ങളിൽ വിദൂരപൂർവ്വദേശങ്ങളിലും ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ഒരു സൗഹാർദ്ദപര്യടനം നടത്തുന്നതാണെന്നു് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഏഷ്യാററിക്‌രാജ്യങ്ങളുമായുള്ള അമേരിക്കയുടെ ബന്ധത്തിൽ ദൃശ്യമായിട്ടുള്ള വൈഷമ്യങ്ങൾ തുടച്ചുനീക്കുന്നതിനു് അമേരിക്കൻ പ്രസിഡണ്ടിന്റെ പ്രത്യേക പ്രതിനിധി എന്ന നിലയിലുള്ള മി നിക്സന്റെ പര്യടനം സഹായകമായിരിക്കുമെന്നു് പ്രസിഡണ്ടു് ഐസനോവർ പ്രസ്താവിച്ചിരിക്കുന്നു.

### ബറിയായെ ബഹിഷ്കരിച്ചു

സോവ്യററുമന്ത്രിസഭയുടെ ഡെപ്യൂട്ടി ചെയർമനും ആഭ്യന്തരകാര്യമന്ത്രിയുമായ ലവറന്തി ബറിയായെ പ്രസ്തുതോദ്യോഗങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും പുറംതള്ളിയിരിക്കുന്നതായി സോവ്യററു കമ്മ്യൂണിസ്റ്റ് പാർട്ടി വിജ്ഞാപനം ചെയ്തിരിക്കുന്നു. വിദേശമൂലധനതാല്പര്യങ്ങൾ സംബന്ധിച്ച സോവ്യററു രാഷ്ട്രത്തെ അധഃകരിക്കുവാനുദ്ദേശിച്ചുള്ള രാഷ്ട്രവിരുദ്ധവും പാർട്ടിവിരുദ്ധവുമായ ക്രിമിനൽ പ്രവർത്തനങ്ങളിൽ വ്യാപരിച്ചു എന്നതാണു് ബറിയായ്ക്കെതിരായി സുപ്രീം സോവ്യററു പ്രസിഡിയം ആരോപിക്കുന്ന കുററം. ബറിയായുടെ ക്രിമിനൽ നടപടികളെ സോവ്യററു സുപ്രീംകോർട്ടിന്റെ പരിശോധനയ്ക്കായി ഏല്പിക്കുവാനും പ്രസിഡിയം തീരുമാനിച്ചിട്ടുണ്ടു്. ബറിയായ്ക്കു പകരം സെർജി നാക്കിഫോറോവിച്ച് ക്രൂഗ്ലോവിനെ സോവ്യററു ആഭ്യന്തരകാര്യമന്ത്രിയായി നിയമിച്ചിരിക്കുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. മാർഷൽ സ്റ്റാലിന്റെ നിര്യാണത്തിനുശേഷം റഷ്യൻഭരണമേറെറടുത്ത മൂന്നു സോവ്യററു പ്രധാനികളിൽ ഒരാളാണു് ബറിയാ.

### "ക. സഭയെ ലിക്വിഡേററു് ചെയ്യണം"

ചെക്കോസ്ലോവാക്യയിലെ "സഭാകാര്യമന്ത്രി" മി. സ്ഡെനെക് ഫിയർലിൻജർ (Zdenek Fierlinger) ചെയ്ത ഒരു പ്രസ്താവന അമേരിക്കയിലെ "സൈൻ" മാസികയിൽ ഉദ്ധരിച്ചിരുന്നു. അതിപ്രകാരമാണു്: "1953-ലെ വസന്തകാലത്തിനു മുമ്പു കത്തോലിക്കാസഭയെ തകർക്കണം (ലിക്വിഡേററു ചെയ്യണം). വിശ്വാസികളെല്ലാം നാമാവശേഷമാകും എന്നല്ല ഇതിന്റെ അർത്ഥം. അക്കാലംകൊണ്ടു സഭാഘടനയും അതിന്റെ അടിത്തറയും ശിഥിലമാക്കപ്പെടണം എന്നേ ഇതിനർത്ഥമുള്ളൂ. സ്വാധീനശക്തിയില്ലാത്തതും റോമയുമായി ബന്ധമില്ലാത്തതുമായ ഒരു സഭയായിത്തീരണമതു്. വൈദികർ ഹൈരാർക്കിയിൽനിന്നും വേർതിരിക്കപ്പെടണം......കാലാന്തരത്തിൽ ജനങ്ങൾ പള്ളിയിൽ പോകുന്നതിനെ നിരോധിക്കുകയും വേണം."

## ലൂർദ്ദിലെ അത്ഭുത രോഗശാന്തി

കത്തോലിക്കരും അകത്തോലിക്കരുമായ 29 വൈദ്യവിദഗ്ദ്ധന്മാരുടെ പരിശോധനപ്രകാരം ഫ്രഞ്ചുസൈന്യത്തിലെ ഒരു കർണ്ണലിന്റെ കഠിനമായ രോഗം ലൂർദ്ദിലെ തീർത്ഥജലത്തിന്റെ ഉപയോഗംമൂലം പരിപൂർണ്ണമായി സുഖപ്പെട്ടിരിക്കുന്നു. രോഗശാന്തിക്കു ശേഷമുണ്ടായ പരിശോധനയിൽ ഇതൊരത്ഭുതം തന്നെയെന്നു പ്രസ്തുത വൈദ്യവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുകയുണ്ടായി.

ചെറുകഥ

# മറിയാമ്മയുടെ ജപമാല

(എൻ. എക്സ്. കുര്യൻ ബി. ഏ ബി. എൽ)

ഇക്കാലം, മാലാകലാപങ്ങളുടെ കാലം. കനകമാല, കല്ലുമാല, മുത്തുമാല, മല്ലമാല, നാട്ടിലെല്ലാം വിപ്ലവം വിതയ്ക്കുന്ന ഇങ്കിലാമാല—ആ രക്തമാലയുടെ അക്രമപ്രസക്തമായ ന്യായമാല. മാലയില്ലാത്ത കോലാഹലമില്ല, സ്വീകരണമില്ല, സമ്മേളനമില്ല, കല്യാണമില്ല, കല്യാണിയുമില്ല. ഈ വർഗ്ഗത്തിൽപ്പെട്ട മാലയുടെ കഥയൊന്നുമല്ല ഇതു്. ഒരു കുടുംബിനിയുടെ കരളിലെ തുടിപ്പുകൾക്കൊത്തു കരത്തിൽ ചലിക്കുന്ന കൊന്തമാലയുടെ കഥയാണിതു്. ഇതാ അവളുടെ കരൾത്തുടിപ്പുകളുടേയും നെടുവീർപ്പുകളുടേയും ശബ്ദം കേൾക്കുന്നു:—

"എടി കുഞ്ഞേമ്മേ, കുഞ്ഞിന്റെ കഞ്ഞി പാററിപ്പോകല്ലേ. പാവം—നന്മനിറഞ്ഞ മറിയമേ .........അപേക്ഷിക്കണമേ, ആമ്മേൻ."

എന്താ കൊള്ളാമോ മങ്ങലത്തെ മറിയാമ്മയുടെ കൊന്തജപിക്കൽ. ഒരു കരത്തിൽ കൊന്തമാല, മറേറക്കൈയിൽ ഈർക്കിൽച്ചൂല്. എന്തുകൊണ്ടു കൊള്ളുകയില്ല; രണ്ടും മാലിന്യങ്ങളെ മാററാനുള്ള ഉപകരണങ്ങളല്ലേ? ഒന്നു് മനസ്സിന്റെയും മററതു് ഭവനത്തിന്റെയും. മററുള്ളവർ എങ്ങനെ വേണമെങ്കിലും വിധിച്ചുകൊള്ളട്ടെ, ഇതാണു് ഈ കുടുംബിനിയുടെ സാധാരണമായ ജീവിതരീതി. പലപല വിചാരങ്ങളും പലപല ജോലികളും. പല വിചാരങ്ങളാണെങ്കിലും നല്ല ചിന്തകളാണു്, കേട്ടോ; ജോലികളാണെങ്കിൽ കുടുംബം പുലത്താൻ അത്യാവശ്യമായ വേലകൾ. മറിയാമ്മ ഈയിടെയായി വിചാരവ്യാകുലയായി ഭവിച്ചിരിക്കയാണു്. ഇളയകുട്ടിയുടെ ദീർഘകാലമായ സുഖക്കേടു്; കെട്ടുപ്രായമായ കുഞ്ഞമ്മയ്ക്കു് ചൊവ്വുള്ള ഒരു ചെറുക്കനെ കണ്ടുപിടിക്കാനുള്ള വൈഷമ്യം, ഇങ്ങനെ പോകുന്നു പാവത്തിന്റെ പര്യാകുലതയുടെ പട്ടിക. ഒന്നാലോചിച്ചാൽ കന്യാമാതൃത്വം കന്യാപിതൃത്വത്തെക്കാൾ കൂടുതൽ ദുഃഖഹേതുകമല്ലേ. അയൽക്കാരിയായ ചാച്ചിച്ചേട്ടത്തി, ഒരു "കുന്നായ്മക്കാരു", കഴുത്തിനു ചുററും നാക്കു്, കൊള്ളാവുന്നതിനെക്കാൾ കൊള്ളരുതാത്തവ കൂടുതൽ ജല്പിക്കുവാൻ വിരുത, കുഞ്ഞമ്മയെ കാണുമ്പോൾ തലകുലുക്കിക്കൊണ്ടു മൂളും. മറിയാമ്മ ഇതു കണ്ടിട്ടുണ്ടു്. ഒരിക്കൽ ചോദിച്ചു: "എന്തിനാ ചേട്ടത്തി, തലകുലുക്കുന്നതു്?" "അതിലൊന്നുമില്ല മറിയാമ്മേ," എന്നായിരുന്നു ചാച്ചിയുടെമറുപടി ഇതു ശരിയല്ലേ. അതിൽ വല്ലതുമുണ്ടെങ്കിൽ അർഹതയില്ലാത്ത കാര്യങ്ങളിൽ അതിട്ടു കുലുക്കുമോ, അതിനകത്തു മൂളയുണ്ടെങ്കിൽ ആ മത്തച്ചി മൂളുമോ? എന്നാൽ അതിലുംകഷ്ടം മറിയാമ്മയുടെ അടുക്കൽ അവർ തട്ടിമൂളിച്ച ഇന്നാൾ ഒരിക്കൽ ഈ ദുഷ്പ്രവാദം: "കെട്ടുപ്രായമായ പെൺകുട്ടികൾ, പൊട്ടാസുകൂട്ടിയ പടക്കങ്ങളാണു്, വീട്ടിനകത്തു് പെട്ടിക്കുള്ളിൽ വച്ചു പൂട്ടിയാലും പൊട്ടിത്തെറിക്കും, കേട്ടോ മറിയാമ്മേ." ഇതൊക്കെ കേൾക്കുമ്പോൾ മറിയാമ്മയുടെ മാറു പിളക്കും, കണ്ണുകളിൽനിന്നും ആറുകൾ ഒഴുകും. ചാച്ചിച്ചേട്ടത്തിക്കു, കുഞ്ഞമ്മ കെട്ടുപ്രായമായി നില്ക്കുന്നതു കണ്ടിട്ടുള്ള അനുകമ്പകൊണ്ടല്ല അവർ ഇങ്ങനെ ഇടപെടുന്നതും അഭിപ്രായം പുറപ്പെടുവിക്കുന്നതും. ഒരുവക ആഭാസമായ രസം അല്ലെങ്കിൽ അസൂയ. ഇത്തരക്കാരായ മുത്തച്ചിമാരും കൊച്ചാച്ചിമാരും, സമുദായാന്തരീക്ഷത്തിൽ മ്ലേച്ഛതപരത്തുന്ന ഈച്ചകളായി ചിലപ്പോഴെല്ലാം ചരിക്കാറില്ലേ. ചാച്ചിച്ചേട്ടത്തിയുടെ കാര്യത്തിൽ ഒരു സമാധാനമുണ്ടു. അവർക്കു് അയൽക്കാരിയോടു വർത്തമാനം പറയണം, ന്യൂസ് പരത്തണം. എന്നാൽ ചെല്ലുമ്പോഴൊക്കെ മറിയാമ്മയ്ക്കു് ജോലി അല്ലെങ്കിൽ കൊന്തനമസ്കാരം. ജോലിക്കിടയിലും കൊന്തയെത്തിക്കൽ. ഒരിക്കൽ ചോദിച്ചു "എന്തിനാ മറിയാമ്മേ ഈ കൊന്തയെല്ലാം എത്തിക്കുന്നതു്, മകൾക്കു ചെറുക്കനെ കിട്ടാനാണോ?" മറിയാമ്മ മറുപടിയൊന്നും പറഞ്ഞില്ല ഉത്തരം കിട്ടായ്കയാൽ പരാജിതയായി പരിഭവചിത്തയായി ചാച്ചിച്ചേട്ടത്തി പലപ്പോഴും മടങ്ങിപ്പോകേണ്ടിവരും.

കുഞ്ഞമ്മ ഒരു കൊച്ചുസുന്ദരി അച്ചക്കാരും മിടുക്കാരും. അടിക്കാനും വാരാനും അറിയാം, അടുക്കളജോലികൾക്കു മിടുക്കി, പാടാനും പഠിപ്പിക്കാനും പ്രാർത്ഥിക്കാനും സമർത്ഥ. പഠിക്കാനാണെങ്കിൽ മിടുമിടുക്കത്തി. ദൂരെദിക്കിലുള്ള ഒരു മഠംവക സ്കൂളിൽ അയച്ചു പഠിപ്പിച്ചു. സ്കൂൾഫൈനൽ ഒന്നാംക്ലാസിൽ ജയിച്ചു. ഉപരിപഠനത്തിനയക്കുവാൻ പിതാവിനു കഴിവില്ല യുവതികൾക്കു് അതാവശ്യമില്ല എന്നുള്ള അഭിപ്രായക്കാരുമായിരുന്നു അവളുടെ മാതാപിതാക്കൾ. കുഞ്ഞ ഗുണമണിയായ കുഞ്ഞമ്മയ്ക്കു് അനുരൂപനായ ഒരു വരനെ ലഭിപ്പാൻ ഇത്ര പ്രയാസമോ? അമ്മ ഇത്രമാത്രം സങ്കടപ്പെടണമോ, ഇത്രയധികം പ്രാർത്ഥിക്കണമോ? എന്നാൽ കുഞ്ഞമ്മയ്ക്കുണ്ടു്, ചില കുറവുകൾ. പണ്ടു നല്ല നിലയിൽ ഇരുന്ന പിതാവിന്റെ വ്യവസായങ്ങൾ പരാജിതങ്ങളായി, പണമെല്ലാം പോയി. നല്ല സ്ത്രീധനം വേണ്ട, യോജിച്ച മെയ്യാഭരണങ്ങളെങ്കിലും കൊടുക്കണ്ടേ. കെട്ടിക്കാറായ പെണ്ണല്ലേ; കഴുത്തിലില്ല ഒരു പുളിങ്ങാപ്പോലും. പോകട്ടെ, ഒരു പൊന്നുനൂലെങ്കിലും വേണ്ടേ. പണക്കാരന്റെ പാണിഗ്രഹണത്തിനു വരുന്ന പെണ്ണു്. അവളോളം, പോരാ, അവളോളം തൂക്കത്തിൽക്കൂടെ, കനകവും കൊണ്ടുവേണം വരാൻ. ഇതായിരുന്നു ആ നാട്ടിലെ പെൺകെട്ടുകാരുടെ ആദർശം. കന്യകയുടെ കുടുംബത്തിന്റെ കഴുത്തററുത്തുവച്ചു് ഇങ്ങനെ കനകമെല്ലാം വാങ്ങുന്ന കണവന്റെ വീട്ടുകാർ ചിലർ ചെയ്യുന്ന പണി എന്താണെന്നു കേൾക്കണമോ? പൊടിപൊടിച്ചു കല്യാണസദ്യ; ആ സദ്യയിലോ, മദ്യത്തിന്റെ പ്രവാഹവും—നാടനും, ശീമയും. എന്തുകൊണ്ടു മദ്യം പാടില്ല. ചുമ്മാ കിട്ടിയ പണമല്ലേ. കവികൾ പറയുന്നതു് കേട്ടിട്ടില്ലേ:—

"മദ്യത്തിനുള്ള ഗുണമെന്തു
പറഞ്ഞിടേണ്ടു.
സദൃക്കമായതു വിളമ്പുകിൽ
നന്നു, നന്നു."

ഇതൊക്കെ അപ്രകൃതം ഇവിടെ. കനകമില്ലാത്ത കുഞ്ഞമ്മയുടെ കല്യാണവിഷയത്തിൽ ഇതൊക്കെ എന്തിനു പറയുന്നു? എന്നാൽ കുഞ്ഞമ്മയ്ക്കു് വേറെയും ഉണ്ടു ചില കുറവുകൾ. അവൾ സുന്ദരിയാണു്, എന്നാൽ, ആ സൗന്ദര്യത്തെ കുറയ്ക്കാനോ മറയ്ക്കാനോ എന്ന മട്ടിൽ ഇതാ കഴുത്തിൽ തൂക്കിയിട്ടിരിക്കുന്നു കറുത്ത കുരുക്കളുടെ ഒരു കൊന്ത. അതുമാത്രമോ, രണ്ടു കൊച്ചുകൊച്ചു മുറങ്ങൾ ചരടിൽ കെട്ടിത്തൂക്കിയ കർമ്മലോത്തരീയവും. ഇതു വല്ലതും പരിഷ്കൃതയുവതികളുടെ ലക്ഷണമാണോ? പഠിച്ച പെണ്ണുങ്ങൾ തങ്ങളുടെ പട്ടുടുപ്പിനുള്ളിലെങ്കിലും ഈവകകൾക്കു സ്ഥലം അനുവദിച്ചുകൊടുക്കുമോ? ആരുപറഞ്ഞു കുഞ്ഞമ്മ പഠിച്ചപെണ്ണാണെന്നു്. എന്നാൽ അതിന്റെ വല്ല ഗുണവും ഈ വിഷയത്തിലും കാണിക്കേണ്ടേ. പോകട്ടെ അവൾ പാവപ്പെട്ട വല്ല ക്ലാരമഠത്തിലും. ഇതായിരുന്നു ആ നാട്ടിലെ കെട്ടുപ്രായക്കാരുടെ മാതാപിതാക്കന്മാരുടെ മനോഗതി. അവിടത്തെ യുവാക്കന്മാരുടെയോ? ആക്ഷേപം. കുഞ്ഞമ്മ ആരുടേയും മുമ്പിൽ അങ്ങനെ കുഴഞ്ഞാടാൻ പോയിട്ടില്ല. അവൾ ആരിലെങ്കിലും തന്റെ കൺകോണയക്കുകയോ, ആരെങ്കിലും തന്നിൽ കണ്ണു വയ്ക്കുവാൻ അനുവദിക്കുയോ ചെയ്തിട്ടില്ല. ഈ സാഹചര്യങ്ങളിൽ അവളുടെ മാതാവു്, മറിയാമ്മ എന്തുചെയ്യും? എന്തു ചെയ്യേണ്ടു? കൈയിൽ ഇരിപ്പില്ലേ കൊന്ത, അതുപയോഗിച്ചു നിരന്തരമായി പ്രാർത്ഥിപ്പാൻ തുടങ്ങി. ദൈവമാതാവിന്റെ വയസ്സിനൊപ്പിച്ചു അറുപത്തിമൂന്നു കൊന്ത ജപിച്ചാൽ ഏതുകാര്യവും സാധിക്കുമെന്നു ആരോ പറഞ്ഞു മറിയാമ്മ കേട്ടിട്ടുണ്ടു്. അതിനെ പരിപൂർണ്ണമായി വിശ്വസിച്ചുകൊണ്ടു ഈ മാതാവു പ്രാർത്ഥിക്കാൻ തുടങ്ങി; അറുപത്തിമൂന്നല്ല, മുന്നൂററിയറുപത്തിമൂന്നു മുഴുവൻകൊന്തകൾ, മകൾക്കു് ഒരു നല്ല മണവാളനെ ലഭിക്കാൻ. ഇങ്ങനെ ഇരിക്കെ കുഞ്ഞമ്മയുടെ പിതാവു ഒരു കല്യാണക്കാര്യം തിരക്കിക്കൊണ്ടുവന്നു. അതു കൊള്ളാമെന്നു മറിയാമ്മയ്ക്കും തോന്നി. കുന്നുംപുറത്തുകാർ പുതുമടിശ്ശീലക്കാരാണെങ്കിലും നല്ല പണക്കാരല്ലേ. പണത്തിനു പഴങ്ങൽപൂർവ്വർ പുരാതനത്വവും പറഞ്ഞുകൊണ്ടിരുന്നാൽ വിശേഷം വല്ലതുമുണ്ടോ. കുഞ്ഞോമ്മാച്ചൻ നല്ല കൊച്ചനാണെന്നാണു് എല്ലാവരും പറയുന്നതു്. സ്കൂൾഫൈനൽവരെ പഠിച്ചു. പഠിത്തത്തിലും വലിയ പഠിത്തം പണമുണ്ടാക്കൽ പഠിക്കയാണെന്നുള്ള അഭിപ്രായം പുലർത്തിയ അവന്റെ പിതാവു തന്റെ റേഷൻകട നടത്താൻ ഇത്രയോളം പഠിച്ചാൽ മതിയെന്നു് തീർച്ചയാക്കി, മകനെ അതിന്റെ മാനേജരാക്കി. മാർത്തോമ്മാശ്ലീഹാ മാർഗ്ഗംകൂട്ടിയ ഒരു കുടുംബക്കാരുടെ വംശപരമ്പരയിൽപ്പെട്ട മങ്ങലത്തുകാരോടു മംഗല്യബന്ധത്തിനു പുതുമടിശ്ശീലക്കാരൻ മടിക്കയില്ല എന്നുള്ളതായിരുന്നു ഈ കല്യാണനിർവ്വഹണത്തിനു പ്രേരകമായ പ്രത്യാശയ്ക്കു കാരണം. ആലോചന മുറുകുമ്പോൾ സ്ത്രീധനക്കാര്യത്തിൽ കുന്നുംപുറം മക്കടമുഷ്ടിപിടിക്കുമെന്നു് ചിലരൊക്കെ, പ്രത്യേകിച്ചു ചാച്ചിച്ചേട്ടത്തിയും അഭിപ്രായപ്പെട്ടു. എന്നാൽ മറിയാമ്മയ്ക്കു് ആ വക സംശയങ്ങളൊന്നുമില്ലായിരുന്നു. സ്ത്രീധനപ്പണത്തിന്റെ കുറവു കൊന്തമണികളുടെ നിറവു പരിഹരിക്കുമെന്നു തന്നെ അവർ കരുതി കൂടുതൽ കൂടുതൽ ജപമാല എത്തിക്കാൻ തുടങ്ങി. കല്യാണത്തിനു വാക്കു കൊടുക്കാതെ കുന്നുംപുറം നീട്ടിക്കൊണ്ടുപോയിരുന്നു. അങ്ങനെയിരിക്കവേ ഒരു ഞായറാഴ്ച ഉച്ചക്കർബ്ബാനയിൽ സംബന്ധിക്കാൻ മറിയാമ്മ പള്ളിയിലേക്കു പുറപ്പെട്ടു. പിറകെ തത്തിയെത്തി ചാച്ചിച്ചേട്ടത്തിയും. അവർക്കു് മറിയാമ്മയോടു് പറയാനുണ്ടു് പലകാര്യങ്ങളും. എന്നാൽ എങ്ങനെ പറയാനാണു്, വഴിക്കും അവർ കൊന്തയെത്തിക്കയാണു്. എന്തുചെയ്യും ചാച്ചിച്ചേട്ടത്തി കൊന്തയുടെ മുമ്പിൽ. മുട്ടിന്മേൽ നിന്നുകൊണ്ടു് മുഴുവൻ കുർബ്ബാനയിലും മറിയാമ്മ സംബന്ധിച്ചു. അതിനിടയിൽ ആ കുടുംബിനിയെത്ര കൊന്ത എത്തിച്ചു. ആർക്കറിയാം. കുർബ്ബാനകഴിഞ്ഞു കൊച്ചുകപ്യാർ വിളിച്ചു ചൊല്ലു തുടങ്ങി: "...... ആഞ്ഞിലിവേലിയിൽ ...... ഉന്നിച്ചാരുമ്മായുടേയും, മകൾ അന്നയെന്ന പെണ്ണിനെ,... ...കുന്നുംപുറത്തെ ...തോമ്മായെന്ന വാലിഭക്കാരനെക്കൊണ്ടു കെട്ടിക്കത്തക്കവണ്ണം നിശ്ചയിച്ചിരിക്കുന്നു. ഇതു് ഒന്നാമത്തെ അറിയിപ്പു്." കുബ്ബാന കുറയൊക്കെ ചമ്പ്രംപടിഞ്ഞിരുന്നുകൊണ്ടു, കണ്ടെന്നും കണ്ടില്ലെന്നുംവരുത്തി, വിളിച്ചു ചൊല്ലൽ കേൾക്കാൻ ഉത്സാഹഭരിതയായി എണ്ണീററുനിന്നിരുന്ന ചാച്ചിച്ചേട്ടത്തി, പള്ളിയുടെ പരിശുദ്ധിമറന്നു്, ചാടിത്തുള്ളി വിജയഭാവത്തിൽ, സാധു മറിയാമ്മയുടെ കദനംനിറഞ്ഞ കണ്ണുകളിൽ വിളിച്ചുചൊല്ലലിന്റെ രണ്ടാമത്തെ അറിയിപ്പു നടത്തി. "എന്റെ മറിയാമ്മേ, പോയല്ലോ, ചെറുക്കനെ ആ വച്ചിയക്കാർ തട്ടിക്കൊണ്ടുപോയല്ലോ ആ കൊച്ചുകപ്യാരുടെ ചെവിട്ടത്തു രണ്ടു വെച്ചുകൊടുക്കാൻ ഇനിക്കു തോന്നി. കുഞ്ഞമ്മയെ കുന്നുംപുറത്തെ കുഞ്ഞോമ്മയെക്കൊണ്ടു കെട്ടിക്കാമ്പോണെന്നു അവനങ്ങു പറഞ്ഞാലെന്തായിരുന്നു. നല്ല കല്യാണമായിരുന്നു. എന്നാചെയ്യാനാ. എന്റെ മറിയാമ്മേ, കൊന്തയെത്തിച്ചാൽ വെന്തുത കിട്ടുമോ. എന്നാ പിന്നെ പറയാനില്ലല്ലോ. വെപ്പ്രക്കാനായിൽ കിടന്നു ആത്മാവു പൊരിയാതിരിക്കാൻ, എത്രതാണെയെങ്കിലും കൊന്തനഷ്ടക്കാരം എത്തിച്ചോളൂ." മറിയാമ്മ അപ്പോഴും മുട്ടിന്മേൽനിന്നു കൊന്തജപിക്കയാണു്. സാധുവിന്റെ കരളിൽ കരവാളും കടന്നു. നയനങ്ങളിൽ കണ്ണീർ വഴിഞ്ഞു. ഈ തോമ്മയെ അല്ലായിരുന്നോ ഈ അമ്മ ആയിരം ആയിരം ജപമാലാമണികളിലേററി മകളുടെ ഭാവി മണവാളനായി സ്വർഗ്ഗത്തിലേക്കയത്തിയിരുന്നതു്. ചാച്ചിക്കു മനസ്സിലായില്ല. ഇനിയും എന്തിനാണു് മറിയാമ്മ കൊന്ത ജപിക്കുന്നതെന്നു്. എന്നാൽ ഈ ആധുനികരാമനിക്കാ, മറിയാമ്മയ്ക്കറിയാമായിരുന്നു ഒരു കാര്യം. അക്കാര്യം കൊന്തമണിയിൽ കലത്തി മനസ്സുകൊണ്ടു് അവർ ഇങ്ങനെ പ്രാർത്ഥിച്ചു: "അമ്മേ. എന്റെ ഇഷ്ടമല്ല, നിന്റെ തിരുക്കുമാരന്റെ തിരുവുള്ളം അവിടത്തെ ഇഷ്ടംപോലെ എല്ലാകാര്യങ്ങളിലും നിറവേറട്ടെ." മറിയാമ്മയ്ക്കു മറെറാരുകാര്യംകൂടി അറിയാമായിരുന്നു, വെസപ്രക്കാനായിലെ കനലാററാൻമാത്രമല്ല, കല്യാണക്കാനായിലെപച്ചവെള്ളം വീഞ്ഞാക്കിക്കാനും കന്യാമാതാവിനു് കഴിവുണ്ടെന്നുള്ള സംഗതി. ഈ അമ്മതന്നെയല്ലേ പറഞ്ഞതു്, അടുത്തകാലത്തു്, സന്താപശാന്തിക്കു കൊന്തയെടുത്തു പ്രാർത്ഥിപ്പാൻ. ഇതൊന്നും മനസ്സിലാക്കാൻ ശക്തിയും മനസ്സുമില്ലാത്ത ചാച്ചിച്ചേട്ടത്തി മറിയാമ്മയോടു പലതും പറയാൻ കുറേനേരംകൂടി കാത്തുനിന്നു. ഒടുവിൽ മനംമടുത്തു മറിയാമ്മയെക്കൂടാതെ മടങ്ങിപ്പോകയുംചെയ്തു. കുറെ കഴിഞ്ഞപ്പോൾ ആ കുടുംബിനിയും ദേവാലയത്തിൽനിന്നും തിരിച്ചുവീട്ടിലേക്കുപോയി. വഴിക്കും ഏകാന്തവും ഏകാഗ്രവുമായ കൊന്തനമസ്കാരം നടത്തിക്കൊണ്ടാണു പോയതു്. തന്റെ ആശാഭംഗമായ കുരിശിന്റെ ക്ലേശങ്ങളെ. കുരിശിൽ തൂങ്ങിക്കിടന്ന കർത്താവിന്റെയും കുരിശിൻചുവട്ടിൽനിന്ന മാതാവിന്റെയും മഹാ യാതനകളോടു സമ്മേളിപ്പിച്ചുകൊണ്ടു് മറിയാമ്മ ആ വ്യാകുലവഴി തരണംചെയ്തു് വീട്ടിൽ ചെന്നപ്പോൾ കരഞ്ഞു കണ്ണും മുഖവും വീർത്തിരുന്നു. മുഖം കഴുകിയുംവച്ചാണു് അവർ മകളേയും ഭർത്താവിനേയും ദർശിച്ചതു്. എങ്കിലും അമ്മയെന്തിനാ കരഞ്ഞതെന്നു് കുഞ്ഞമ്മ ചോദിക്കാതിരുന്നില്ല. പള്ളിയിൽവെന്നിട്ടല്ലേ നാം കൂടുതൽ പശ്ചാത്തപിക്കേണ്ടതും കരയേണ്ടതുമെന്നു അമ്മ സമാധാനംപറഞ്ഞു. കുഞ്ഞമ്മ കൊച്ചുകുഞ്ഞാണോ? അവൾക്കും കുറച്ചൊക്കെ അറിയാം ഇതൊക്കെ. എന്നാൽ ദൈവഭക്തിയും സൽസ്വഭാവസംയുക്തതയും പരിപക്വബുദ്ധിയുമായ ആ യുവതി, തന്റെ എല്ലാകാര്യങ്ങളിലും എന്നതുപോലെ തന്നെ, തന്നെ ആജീവനാന്തവും അതിനപ്പുറവും സ്പൃശിക്കുന്ന ഭാവിജീവിതപദപ്രാപ്തിയിലും വിവേകികളും അത്യന്തം തന്നെ സ്നേഹിക്കുന്നവരുമായ മാതാപിതാക്കന്മാരുടെ ഇഷ്ടത്തിനും നിശ്ചയത്തിനും സ്വയം സമർപ്പിച്ചുകൊണ്ടാണു് ജീവിച്ചുപോന്നതു്. അതു മാത്രമല്ല പരമകാരുണികനായ ദൈവത്തിന്റെ ഹിതത്തിനു് അവൾ പരിപൂർണ്ണവിധേയയുമായിരുന്നു.

മറിയാമ്മ ഉച്ചഭക്ഷണം എല്ലാവർക്കും നൽകി. താനും ഭക്ഷിച്ചു. ഇതിന്റെശേഷമാണു് പള്ളിയിൽകേട്ട വിളിച്ചുചൊല്ലലിന്റെ കാര്യം പറയാൻ ഭർത്താവിന്റെ അടുക്കലേക്കു പോയതു്. വിശ്രമിച്ചുകൊണ്ടു് സ്ഥിതിചെയ്തിരുന്നഭർത്താവിനെ നർമ്മാലാപങ്ങൾകൊണ്ടു സമ്മോദിപ്പിച്ചുകൊണ്ടു് ആ ധർമ്മദാരങ്ങൾ ഇങ്ങനെപറഞ്ഞു:

"ഇന്നു വിളിച്ചുചൊല്ലലിന്റെ ഒന്നാമത്തെ അറിയിപ്പായിരുന്നു പള്ളിയിൽ."

ചാക്കോച്ചൻ: "ആരുടെ?"

മറിയാമ്മ: "കുന്നുംപുറത്തെ കുഞ്ഞോമ്മാച്ചനും, ആഞ്ഞിലിവേലിയിൽ അന്നമ്മയും തമ്മിലുള്ള കല്യാണത്തിന്റെ."

ചാക്കോച്ചൻ സംഭ്രമത്തോടുകൂടി എണീററിരുന്നു് "അപ്പോൾ നമ്മുടെ കുഞ്ഞമ്മയുടേയോ" എന്നു ചോദിച്ചു

മറിയാമ്മ: "അതു സ്വർഗ്ഗത്തിന്റെ പര്യാലോചനയിൽ ഇരിക്കുന്നു. നല്ല കല്യാണം നിർവ്വഹിക്കപ്പെടുന്നതു് സ്വർഗ്ഗത്തിലല്ലേ."

ചാക്കോച്ചൻ: "അല്ലെങ്കിലും, ഞാനു ഓർത്തതാണു് പണക്കൊതിയന്റെ, പുതുമടിശ്ശീലക്കാരന്റെ, ബന്ധുത വേണ്ടെന്നു്."

മറിയാമ്മ: "അവിടുന്നു് അങ്ങനെ വിചാരിക്കുന്നതും പറയുന്നതും ശരിയാണോ. നിങ്ങൾ കണ്ടുകൊള്ളുക, ഇതിലും നല്ല കല്യാണം കുഞ്ഞമ്മയ്ക്കു് ദൈവമാതാവു് കണ്ടുപിടിച്ചുകൊണ്ടുവരും."

സഹധർമ്മിണിയുടെ ധർമ്മോപദേശംകേട്ടു ചാക്കോച്ചൻ ശാന്തചിത്തനായി.

എങ്കിലും ഇങ്ങനെ തുടർന്നു:

"മാതാവു കൊണ്ടുവരുമെന്നും പറഞ്ഞു—നാം കൈയുംകെട്ടി ഇരുന്നാൽ മതിയോ?"

മറിയാമ്മ: "അവിടുന്നു് അ

# സൺഡേ സ്കൂൾ

## വികാരിമാരുടെ വിശിഷ്ടകർത്തവ്യം

(ഫാ. ഫിലിപ്പ് ആലുംപറമ്പിൽ)

സച്ചരിതരായ വിശ്വാസികൾ വികാരിയുടെ കിരീടമാണ്. അവരിൽ അദ്ദേഹം അഭിമാനിക്കുന്നു; ആനന്ദിക്കുന്നു. നിരങ്കുശവൃത്തികളാകട്ടെ മനശ്ശല്യമുളവാക്കുന്നു. ഒരാൾ വിശുദ്ധകൂദാശകൾ കണ്ണെടുന്നില്ല; മറ്റൊരാൾ ഭവനത്തിൽ കലഹമുണ്ടാക്കുന്നു; മൂന്നാമതൊരാൾ യോഗത്തിൽ ഭിന്നിപ്പുണ്ടാക്കുന്നു. ഇങ്ങനെ ഭരണീയരിൽകാണുന്ന വികലതകൾ വികാരിയെ ആകുലപ്പെടുത്തുന്നു. എങ്ങനെ അവരെ നല്ലവരാക്കാമെന്നാണ് പിന്നത്തെ ചിന്ത. പക്ഷേ നേരത്തെ കരുതേണ്ടതായിരുന്നു.; നേരത്തെ അവരെ രൂപപ്പെടുത്തേണ്ടതായിരുന്നു. സൽസ്വഭാവികളായ വിശ്വാസികളെ വാർത്തെടുക്കുന്ന മൂശ വേദപാഠക്ലാസ്സാണ്. താമസിച്ച് നൽകുന്ന പ്രബോധനം കതിരിൽ വയ്ക്കുന്ന വളംപോലെ നിഷ്പ്രയോജനമത്രെ.

വിശ്വാസികൾക്കു ബാല്യാൽ പ്രഭൃതി മതബോധനം നൽകപ്പെടണം. ആത്മാക്കളുടെ ഇടയന്മാരായ വികാരിമാർ ശ്രദ്ധപതിക്കേണ്ട പ്രത്യേകവും അതിപ്രധാനവുമായ ഒരു ചുമതലയാണിത്. ഇതിൽനിന്നു ഒഴിഞ്ഞുമാറുക സാദ്ധ്യമല്ല. ത്രിദന്തീൻ തിരുസംഘത്തിന്റെ (Sess. 24. C. 4) നിശ്ചയങ്ങളിൽനിന്ന് ഇതു സ്പഷ്ടമാണ്. 1905 ഏപ്രിൽ 15-ാംതിയതി പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു പുറപ്പെടുവിച്ച Acerbo nimis എന്ന ചാക്രികലേഖനവും ഈ വസ്തുത ഊന്നിപ്പറയുന്നു. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 1923 ജൂൺ 29-ാം തീയതി പുറപ്പെടുവിച്ച Orbem Catholicam എന്ന തിരുവെഴുത്ത് ഈ കടമ സംബന്ധിച്ച കാര്യങ്ങൾ കൂടുതൽ വിശദമാക്കുന്നുണ്ട്. മേല്പറഞ്ഞ ലേഖനങ്ങളിലെ ആശയങ്ങൾക്ക് ഉപോൽബലകമാണു 1329 മുതൽ 1337 വരെയുള്ള കാനൻ നിയമങ്ങൾ. ഇവയെല്ലാം ഒരുമിച്ചുവച്ചു നോക്കുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അനുമന്തവ്യങ്ങളാണ്.

ഇടവകവികാരി (Parochus) പതിവായി നിശ്ചിതകാലങ്ങളിൽ ആണ്ടുതോറും ഏതാനും ദിവസത്തേക്കു തുടർച്ചയായി കുട്ടികളെ കുമ്പസാരം, വി. കുർബാന, സ്ഥൈര്യലേപനം ഇവയുടെ യോഗ്യതയോടുകൂടിയുള്ള സ്വീകരണത്തിനു് ഒരുക്കണം, (can. 1330). ആദ്യകുർബാന സ്വീകരിച്ച കുട്ടികളെ വീണ്ടും കൂടുതൽ പഠിപ്പിച്ച് അവരുടെ ജ്ഞാനം പൂർണ്ണമാക്കുന്ന കാര്യം വിട്ടുകളയരുതു് (can 1331). ഇതിനും പുറമേ, ഞായറാഴ്ചകളിലും മററു കടമുള്ള ദിവസങ്ങളിലും വികാരി ജനങ്ങൾക്കു ഒരുമിച്ചു കൂടാൻ ഏററം പര്യാപ്തമെന്നു തോന്നുന്ന സമയം വേദപാഠം പ്രായമായ വിശ്വാസികൾക്കും വിശദീകരിച്ചു കൊടുക്കണം. (can 1332) കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതിനു (si sit legitime impeditus) തക്കതായ കാരണത്താൽ വികാരിക്കു സാധിക്കാതെ വന്നാൽ അദ്ദേഹം മററു വൈദികരുടെയും ശെമ്മാശ്ശന്മാരുടെയും സേവനം ഉപയോഗപ്പെടുത്തണം. ഭക്തരായ അൽമേനികളുടെ സേവനവും ഉപയോഗപ്പെടുത്തണം. ഈക്കാര്യത്തിൽ സേവനംനൽകുന്നതിനു ഇടവകയിലുള്ള മററു വൈദികരേയും ശെമ്മാശ്ശന്മാരേയും രൂപതാദ്ധ്യക്ഷനു നിർബന്ധിക്കയും ചെയ്യാം. (Can. 1333) മാത്രമല്ല ശ്രേഷ്ഠന്മാർ വഴി സന്യാസികളുടെയും (etiam exempti) സേവനം ഒരുമെത്രാനു് ആവശ്യപ്പെടാം.

വികാരി തന്റെ അധീനത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ജനത്തെ അവർ അറികയും വിശ്വസിക്കയും ചെയ്യേണ്ട വിശ്വാസരഹസ്യങ്ങൾ, രക്ഷയ്ക്കു് അവശ്യം അനുസരിക്കേണ്ട സാന്മാർഗ്ഗികനിയമങ്ങൾ ഇവ വിശദമായി പഠിപ്പിക്കുവാൻ പ്രത്യേകവിധം കടപ്പെട്ടിരിക്കുന്നു. അതും ചാവുദോഷത്തിൻകീഴ് കടപ്പെട്ടിരിക്കുന്നു. മനഃപൂർവ്വമായ അവഗണന ചാവുദോഷമാകും. മക്കളേയും വേലക്കാരേയും കത്തോലിക്കാ മതപാഠത്തിനു് അയക്കുന്നതിൽ മാതാപിതാക്കളും യജമാനന്മാരും ശ്രദ്ധിക്കുന്നില്ലെന്നു കണ്ടാൽ ആ മാതാപിതാക്കളേയും യജമാനന്മാരേയും ഉപദേശിക്കാനും, അതുകൊണ്ടു മതിയാകാത്തപക്ഷം യഥോചിതം എന്തു നടപടിയാണു് അവരുടെമേൽ കൈക്കൊള്ളേണ്ടതെന്നു ഗ്രഹിക്കുന്നതിനുവേണ്ടി രൂപതാദ്ധ്യക്ഷനെ സമീപിക്കുവാനും വികാരിബാദ്ധ്യസ്ഥനാണ്.

ധാരാളം കുട്ടികളുള്ള ഇടവകയിൽ വേദോപദേശക്ലാസ്സിലേക്കു കൂടുതൽ അദ്ധ്യാപകരെ നിയമിക്കേണ്ടിവരും. അങ്ങനെ വേദോപദേശം ഭരമേല്പിക്കുന്ന അദ്ധ്യാപികാദ്ധ്യാപകന്മാർ കുട്ടികളെ ക്രിസ്തീയതത്വങ്ങളും ദൈവഭയത്തിൽ ജീവിക്കാനുള്ള മാർഗ്ഗങ്ങളും പഠിപ്പിക്കുവാൻ പ്രാപ്തരാണോ എന്നു വിവേകപൂർവ്വം പരിശോധിക്കുവാനുള്ള കർത്തവ്യവും വികാരിക്കുണ്ട്.

പത്താം പീയൂസ് തിരുമനസ്സിലെ Acerbo nimis എന്ന ചാക്രികലേഖനത്തിൽ അഭിപ്രായപ്പെട്ടിരിക്കുന്നതു് ത്രിദന്തീൻ തിരുസംഘത്തിന്റെ Roman Catechism എന്ന വേദപാഠം ഉപയോഗിക്കണമെന്നാണ്. നാലഞ്ചുകൊല്ലംകൊണ്ടു മുഴുവൻ ഒരാവർത്തി തീർക്കണമെന്നും വീണ്ടും ആരംഭിക്കണമെന്നുമാണു നിർദ്ദേശം. പ്രസ്തുത പുസ്തകത്തെ അടിസ്ഥാനമാക്കിയും, കുട്ടികളുടെ ക്ലാസ്സു മുറയ്ക്കു ശ്രദ്ധ ചെയ്തുമുള്ള "മതതത്വബോധിനി" എന്ന വേദോപദേശത്തിന്റെ അവിർഭാവം കേരളകത്തോലിക്കർക്കു ഒരു വലിയ അനുഗ്രഹമായിത്തീർന്നിട്ടുണ്ട്. അവ വാങ്ങി ഉപയോഗിക്കുന്നതിനു ക്ലാസ്സിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്നേയുള്ളു.

ഭക്തജീവിതം നയിക്കുന്നതിനു് ആവശ്യമായ കാര്യങ്ങളുടെ ഉദ്ബോധനം വികാരിമാരുടെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ചുമതലയാണ്. അവർ തങ്ങളുടെ ഭരണത്തിൽപ്പെട്ട അജഗണത്തെ തീററിപ്പോററിവളർത്തണം. അവർ നൽകുന്ന ആഹാരം രണ്ടു തരമാണ്. ഒന്നു് ക്രിസ്തീയതത്വപ്രബോധനം, മററതു് വിശുദ്ധകൂദാശകൾ. തത്വപ്രബോധനം കുട്ടികൾക്കും മുതിർന്നവർക്കും ആവശ്യമാണ്. ഏവർക്കും സുഗ്രഹമായ രീതിയിൽ വി. കൂദാശകൾ, ദൈവപ്രമാണങ്ങൾ, തിരുസഭയുടെ കല്പനകൾ, വിശ്വാസത്തിന്റെ സുപ്രധാന രഹസ്യങ്ങൾ ആദിയായവ വിശദീകരിച്ചുകൊടുക്കണം. സുവിശേഷ പ്രഭാഷണത്തിനും പുറമേ ആയിരിക്കണം ഇതു്. പ്രഭാഷണം ഞായറാഴ്ചയും കടമുള്ള ദിവസവും നടത്തണം. അതിനെക്കാൾ ഗൗരവമേറിയ കടമയാണു ടി ദിവസങ്ങളിൽ ഏവർക്കും വേദോപദേശം നൽകുകയെന്നതു്.

വേദോപദേശം അവഗണിച്ചാൽ വരുന്ന നാശം ഭയങ്കരമാണ്. ഭക്തിയും ദൈവഭയവും ഉള്ളവർ കുറയും. സത്യത്തേയും നീതിയേയും മാനിക്കുന്നവർ അംഗുലീപരിമിതമാകും. സന്മാർഗ്ഗനിലവാരം ഇടിയും. കുടുംബത്തിലും സമുദായത്തിലും അസ്വസ്ഥത വർദ്ധിക്കും. വ്യക്തിയുടെ മുക്തിക്കും സമുദായത്തിന്റെ സുസ്ഥിതിക്കും ക്രൈസ്തവധർമ്മങ്ങളുടെ അനുസരണം ആവശ്യമാണ്. പക്ഷേ അവ വികാരിയുടെ അധരങ്ങളിൽ നിന്നല്ലാതെ പിന്നെ എവിടെനിന്നു വിശ്വാസികൾ പഠിക്കും!!!

---

...ന്വേഷിക്കണം. ഞാൻ കൈയിൽ കൊന്തയെടുത്തു മനസ്സുമുട്ടി മാതാവിനോടു പ്രാർത്ഥിക്കയും ചെയ്യാം."

ഈ നിശ്ചയങ്ങളിൽ ഉറച്ചുകൊണ്ടു, ചാക്കോച്ചൻ അഭിമാനത്തിനു് ഹാനിവരാത്തുള്ള അന്വേഷണവും, മറിയാമ്മ പ്രാർത്ഥനയും നടത്തിക്കൊണ്ടിരുന്നു. എന്നിട്ടോ? ഒന്നും ആയില്ല. ഒരു എത്തുംപിടിയുമില്ല. മാസങ്ങൾ കുറച്ചുകൂടി നീങ്ങളായി. അങ്ങനെ ഇരിക്കുമ്പോൾ കവിപുരം കന്യാസ്ത്രീമഠത്തിലെ ഹെഡ്മിസ്ട്രസ്സായ കന്യാസ്ത്രീയുടെ ഒരു കത്തു കുഞ്ഞമ്മയ്ക്കു കിട്ടി. ഇതു് കുഞ്ഞമ്മ പഠിച്ചിരുന്ന സ്കൂളാണ്. ഒരു അദ്ധ്യാപികവൃത്തിക്കു് ഒഴിവുണ്ടെന്നും കുഞ്ഞമ്മ ചെന്നു് അതു് സ്വീകരിക്കണമെന്നും ആയിരുന്നു ആ കത്തു്. മാതാപിതാക്കന്മാരുടെ ആലോചനയോടും സമ്മതത്തോടുംകൂടി ആ യുവതി ആ ജോലി സ്വീകരിച്ചുകൊണ്ടു കവിപുരം മഠത്തിലേക്കു പോയി. മഠത്തിൽ താമസിക്കാൻചെന്നാൽ പിന്നത്തെ അനുഭവം ഒരു ഉത്തമയുവതിക്കുണ്ടാകുന്നതെന്താണ്? ഒരു നല്ല കന്യാസ്ത്രീയായി ഭവിക്കും, അല്ലേ? എന്നാൽ കുഞ്ഞമ്മ കവിപുരത്തു് ചെന്നിട്ടുണ്ടാകുന്ന രസാവഹമായ സംഭവവികാസം കേട്ടുകൊൾക. (തുടരും)

---

പരിശുദ്ധ അമലോത്ഭവമറിയത്തിന്റെ വിശിഷ്ട സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിൽ ഉപകാരസ്മരണ. കാലതാമസം വരുത്തിയതിൽ മാപ്പപേക്ഷിച്ചുകൊള്ളുന്നു.

Mary Fernandez

---

(11-ാം പേജ് തുടർച്ച)

ല്ലെന്നു സ്പഷ്ടമാണ്. എന്നാൽ മനുഷ്യത്വബോധം നിരാകരിച്ചിരിക്കുന്ന, മനുഷ്യൻ മൃഗത്തിന്റെ പരിഷ്കരിച്ച പതിപ്പുമാത്രമാണെന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന, ചെയ്യേണ്ട, സാക്ഷാൽ കമ്മ്യൂണിസ്റ്റുകാർ സ്ത്രീകളെ പൊതുവുടമയാക്കിവയ്ക്കുക അസംഭവ്യവും ആശ്ചര്യകരവുമായിരിക്കുമോ? റഷ്യയിലെ കമ്മ്യൂണിസ്റ്റുഭരണത്തിന്റെ ഒരു ഘട്ടത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള പെരുമാററങ്ങളുടെ കാര്യത്തിൽ ഔദ്യോഗികമായിത്തന്നെ ഏററവും വലിയ സ്വാതന്ത്ര്യം അനുവദിച്ചിരുന്ന കാലത്തു് പ്രസ്തുത സമ്പ്രദായം നടപ്പിലിരുന്നില്ലെന്നു് ആർക്കാം? ഇല്ലെന്നു തെളിയിക്കുന്ന ഭാരം ശ്രീ ഗോപാലൻതന്നെ ഏറ്റെടുക്കട്ടെ.

# വീട്ടപകടങ്ങൾ

(ശിവറാം)

പാലക്കാട്ടു് അഞ്ചുനിമിഷങ്ങൾകൊണ്ടു് രണ്ടുപേർ മരിച്ചു കറുപ്പൻ വിറകുവെട്ടാൻ മാവിൽ കേറി. ഒരു ഏരം മറിച്ചുകൊണ്ടിരുന്നു. എന്നാൽ കറുപ്പൻ നിന്നിരുന്ന ഏരം പെട്ടെന്നു് ഉരിയുകയും അയാൾ കൈക്കോടാലിയുമായി നിലത്തു വീഴുകയും തൽക്ഷണം മരിക്കയുംചെയ്തു. കറുപ്പൻ വീഴുന്നവീഴ്ച കണ്ടുകൊണ്ടുനിന്ന അയാളുടെ സ്നേഹിതൻ നിമിഷത്തിനുള്ളിൽ വീണുകിടന്ന കറുപ്പന്റെ അടുത്തെത്തി. നിർഭാഗ്യമെന്നേ പറയേണ്ടു, മുകളിൽ വെട്ടിവച്ചിരുന്ന മാവിന്റെ ഏരം ഒടിഞ്ഞു് അയാളുടെ പുറത്തു വീണു് അയാളും തൽക്ഷണം മൃതിയടഞ്ഞു. അപകടം വരുന്നതു് ആരും കാണുന്നില്ല. വന്നുകഴിഞ്ഞാലതു് പലരും കാണും. പക്ഷേ അതു് പലരും അപ്പോൾത്തന്നെ മറന്നുകളയുന്നു. അതിനാൽ പിന്നീടും അപകടങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

ഈയിടെ ധാരാളം അപകടങ്ങളുണ്ടായതായി പത്രങ്ങളിൽ എല്ലാവരും വായിച്ചുകാണും. ആണ്ടേത്തോടെന്ന സ്ഥലത്തു് ഒരു സ്കൂൾകെട്ടിടം ഇടിഞ്ഞുവീണു് പത്തുപന്ത്രണ്ടു് പിഞ്ചുകുഞ്ഞുങ്ങൾ ചതഞ്ഞരഞ്ഞു മരിച്ചു മദനപ്പിള്ളിയിൽ രണ്ടു ട്രെയിനുകൾ തമ്മിൽ കൂട്ടിയിടിച്ചു് മറിഞ്ഞതിന്റെ ഫലമായി ഏതാണ്ടെഴുപതോളം ആളുകൾ മരിക്കയും അനേകംപേർക്കു് പരിക്കേല്ക്കയും ചെയ്തു. നിത്യമെന്നോണം അനേകം അപകടങ്ങൾ ഒരിടത്തല്ലെങ്കിൽ മറെറാരിടത്തു് സംഭവിച്ചുകൊണ്ടിരിക്കുന്നു. ഏതായാലും നമ്മുടെ ഇടയിലുണ്ടാകുന്ന അപകടങ്ങൾ തടയുക എന്നതു് നമ്മുടെ കർത്തവ്യമായി കരുതേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

അപകടം വരുത്തിക്കൂട്ടിയിട്ടു് കൈ കെട്ടിവച്ചും, വടിയിലൂന്നി നടന്നും സഹായത്തിനു് അപേക്ഷിച്ചുകൊണ്ടു വരുന്ന പലരും നമ്മെയൊക്കെ സമീപിച്ചു എന്നു വന്നേക്കാം. വാസ്തവത്തിൽ അവർതന്നെയാണു് അവരെ ഇങ്ങനെ ആക്കിത്തീർത്തതു്. ഒരപകടത്തിന്റെ പേരിൽ ദൈവത്തെ പഴിക്കുന്നശീലം ഇന്നും ചിലർക്കുണ്ടു്. പക്ഷെ അതു് അറിവില്ലായ്മയുടെ കൂടുതൽകൊണ്ടു പറയുന്നതായിരിക്കും. ഏതു പ്രവൃത്തിയും ഒരപകടം വരുത്തിവെച്ചുകൊണ്ടേ ചെയ്തുതീർക്കൂ എന്ന നിർബന്ധമുള്ള ഒരു കൂട്ടം ആളുകളും നമ്മുടെയിടയിലുണ്ടു്. അവരുടെ ഏതൊരു പെരുമാററവും അപകടത്തെ ക്ഷണിച്ചുവരുത്തുന്നു എന്നു കാണികൾക്കു് തോന്നുന്നതാണ്. ഉദാഹരണം എത്ര വേണമെങ്കിലും ദൈനദിനം നാം കണ്ടുകൊണ്ടിരിക്കുന്നു.

മഴപെയ്തു് നനഞ്ഞു് വഴുതിക്കിടക്കുന്ന റോഡിൽക്കൂടി ചില കൊച്ചുകാറുകൾ പറപ്പിക്കുന്ന ഡ്രൈവറന്മാർ നേരെ സ്വർഗ്ഗത്തിലേക്കാണോ പോകുന്നതു് എന്നു നമുക്കു തോന്നിപ്പോകും. ഇതുപോലൊന്നു് അടുത്തൊരുദിവസം ആലുവാ എറണാകുളം റോഡിൽ സംഭവിച്ചു. കാറു് ബാണംപോലെ റോഡേ പറക്കുകയായിരുന്നു. ഒരു ചാറൽമഴ പെയ്തുകൊണ്ടിരുന്നു. പെട്ടെന്നു റോഡിനു കുറുകെ ഒരു കിഴവൻ ചാടി ഡ്രൈവർ "സഡൻബ്രേക്കു് ചവിട്ടി." വണ്ടി "ഫുട്ബോൾ" തെറിക്കുംപോലെ ആകാശത്തിലേക്കുയർന്നു് രണ്ടു കരണംമറിഞ്ഞു് പുറംതല്ലി വലത്തുവശത്തെ കയ്യാണിയിൽ മലർന്നുവീണു. അതിനകത്തുണ്ടായിരുന്നവരും തലകുത്തി ഞെരിഞ്ഞു് അകത്തു് പകുതിജീവൻ പോയി കിടന്നിരുന്നു കാണികൾക്കു് ഈ കാഴ്ച വളരെ നേരംപോക്കായി തോന്നുമെങ്കിലും അകത്തിരുന്ന ഡ്രൈവരുൾപ്പെടെ ആറുപേർക്കു് അതൊരു ജീവന്മരണപ്രശ്നമായിരുന്നു. ഭാഗ്യവശാലാരും മരിച്ചില്ല. ആശുപത്രിക്കട്ടിലും മരുന്നുകുപ്പികളുമായി അവരിന്നും കഴിയുന്നു. ഇനിയും ഇങ്ങനെയാകും വരാതിരിക്കാൻ ഈ ഓടുന്നവർ കരുതുന്നതുകൊള്ളാം. വർഷക്കാലമാണ്. പ്രകൃതിനിയമങ്ങൾ അനുസരിക്കാനും രക്ഷാനിയമങ്ങൾ ഓർമ്മിക്കാനും ആരും ഉപേക്ഷ വിചാരിക്കരുതു്.

ഇക്കാലത്തു് വീട്ടുകാർ പല കാര്യങ്ങളിലും ഒന്നു കൂടുതൽ ശ്രദ്ധപതിപ്പിക്കണം. ഒരു കാററു വന്നാൽ മരം ഒടിഞ്ഞു് നമ്മുടെ കെട്ടിടത്തിൽ വീഴുമോ? ശങ്കയുണ്ടെങ്കിൽ ആ മരക്കൊമ്പു് കാലേ വെട്ടിനീക്കുന്നതാണു നന്നു്. നമ്മുടെ കുട്ടികൾ മഴക്കാലത്തു് വരാവുന്ന റോഡപകടങ്ങളെക്കുറിച്ചു് വിവരമുള്ളവരാണോ? മിക്കവാറും ആയിരിക്കയില്ല. അതേസംബന്ധിച്ചു് രക്ഷാകർത്താക്കളും അദ്ധ്യാപകന്മാരും അവർക്കു് പറഞ്ഞുകൊടുക്കണം കുഞ്ഞുങ്ങൾ അതു് പഠിച്ചുവോ എന്നു ബോദ്ധ്യപ്പെടുത്തുകയും വേണം.

നനഞ്ഞു വഴുതിക്കിടക്കുന്ന മുററമാണു് നിങ്ങളുടേതെങ്കിൽ അതു് ഉടൻ അപകടരഹിതമാക്കുക. കുറെ മണൽ വിതറുകയോ വെള്ളം വാർന്നുപോകാൻ വേണ്ട ചാലുകൾ ഉണ്ടാക്കുകയോ ചെയ്യണം. ഒരു വീഴ്ചമതി, ആജീവനാന്തം നാം ഞൊണ്ടി നടക്കേണ്ടിവന്നേക്കാം.



"ഒരു വീഴ്ചമതി, ആജീവനാന്തം ഞൊണ്ടി നടക്കേണ്ടിവന്നേക്കാം."

വിമർശനവീഥി

# ശ്രീ എ. കെ. ഗോപാലന്റെ ദുഷ്പ്രചരണപ്രസ്താവങ്ങൾ

കമ്മ്യൂണിസ്റ്റ് നേതാക്കന്മാരിൽ ഒരാളായ ശ്രീ എ. കെ. ഗോപാലൻ കമ്മ്യൂണിസ്റ്റ് റഷ്യയും ചൈനയും സന്ദർശിച്ച് മടങ്ങിയെത്തിയശേഷം ഈയിടെ തിരു-കൊച്ചിയിൽ സഞ്ചരിച്ച് കമ്മ്യൂണിസ്റ്റ് സംഘടനകളിൽനിന്ന് സ്വീകരണങ്ങൾ വാങ്ങുകയും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി പ്രചരണപ്രസംഗങ്ങൾ നടത്തുകയും ചെയ്യുകയായിരുന്നല്ലോ. ആ പ്രസംഗങ്ങളിൽ റഷ്യയേയും ചൈനയേയും വാനോളം പുകഴ്ത്തുകയും കോൺഗ്രസ്സ് ഗവർമ്മെന്റിനെ വേണ്ടുവോളം ശകാരിക്കുകയും കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയെ കണക്കിനു ചീത്തപറയുകയും ചെയ്തിട്ടുണ്ട്. മാതൃകയ്ക്കായി ജൂൺ 28-ാംനു കൊല്ലത്തുവച്ചു നടന്ന സ്വീകരണയോഗത്തിൽ അദ്ദേഹം ചെയ്ത പ്രസംഗത്തിലെ ചില പ്രസ്താവങ്ങളും അവയ്ക്കുള്ള മറുപടികളും ഉദ്ധരിക്കാം.

### "മലയാളിയും" മി. വെട്ടിക്കാടനും മറുപടി പറയുന്നു

1) കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയെപ്പററിയുള്ള ശ്രീ ഗോപാലന്റെ ആക്ഷേപം അവർ യോഗങ്ങൾ കലക്കുന്നെന്നും അക്രമങ്ങൾ പ്രയോഗിക്കുന്നെന്നും അതിനെല്ലാം പോലീസ് കൂട്ടുനിൽക്കുന്നെന്നും മററുമാണ്. ഈ ആക്ഷേപങ്ങൾക്ക് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി നേതാക്കന്മാർതന്നെ പലപ്പോഴും മറുപടി പറഞ്ഞിട്ടുണ്ട്. ശ്രീ ഗോപാലനെ വെല്ലുവിളിച്ചുകൊണ്ടുതന്നെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി പ്രസിഡന്റ് ശ്രീ കെ. പി. ജോസഫ് വെട്ടിക്കാടൻ ഇപ്പോൾ മറുപടി കൊടുത്തിരിക്കുന്നു.

"സ. എ. കെ. ഗോപാലൻ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയും കോൺഗ്രസ്സും ഗുണ്ടാപ്രവർത്തനം നടത്തുന്നതായി നുണപ്രചരണം നടത്തുന്നു. സ. എ. കെ. ഗോപാലൻ ഒരു മാസം ഞങ്ങളോടുകൂടി നാടാകെ നടന്നു ആരാണ് നാട്ടിൽ ഗുണ്ടാപ്രവർത്തനങ്ങൾ നടത്തിയതെന്നു ഞങ്ങളോട് ചേർന്ന് അന്വേഷിക്കാമോ? കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു വർഷത്തിനുള്ളിൽ വിരുദ്ധമുന്നണിക്കാരുടെ പല യോഗങ്ങൾ കലക്കിയിട്ടുണ്ടെന്നും പലരേയും മർദ്ദിച്ചിട്ടുണ്ടെന്നും ചിലരെയെല്ലാം കൊന്നിട്ടുണ്ടെന്നും ചിലയിടത്തെല്ലാം കവർച്ച നടത്തിയിട്ടുണ്ടെന്നും ബോദ്ധ്യപ്പെടുത്തിയാൽ സ. എ. കെ. ഗോപാലൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും രാജിവയ്ക്കാൻ തയാറുണ്ടോ?"

ഈ വെല്ലുവിളി സ്വീകരിക്കുവാൻ ശ്രീ എ. കെ. ഗോപാലനു ധൈര്യമുണ്ടോയെന്നു ചോദിച്ചുകൊള്ളട്ടെ. തിരുവനന്തപുരത്തുനിന്നു പുറപ്പെടുന്ന നായർ പത്രമായ "മലയാളി" കുറെ ദിവസംമുമ്പ് എഴുതിയ മുഖപ്രസംഗത്തിലും പ്രസ്തുതാക്ഷേപത്തിനു മറുപടി നൽകിയിട്ടുണ്ടായിരുന്നു. ആ മുഖപ്രസംഗത്തിൽനിന്നു സംഗതമായ ഭാഗം വായനക്കാരെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

"ഈ അടുത്തകാലംവരെ കമ്മ്യൂണിസ്റ്റ് സഖാക്കൾ വിരുദ്ധമുന്നണിക്കാരുടെ അക്രമങ്ങളെപ്പററി നിലവിളിച്ചുകൊണ്ട് നടക്കുകയായിരുന്നു. ഞങ്ങളെ കല്ലെറിയുന്നേ, ഞങ്ങളുടെ യോഗം കലക്കുന്നേ എന്നൊക്കെയായിരുന്നു നിലവിളി. വിരുദ്ധമുന്നണി ഒരു റൗഡിസംഘമാണെന്നു കമ്മ്യൂണിസ്റ്റ് നേതാക്കൾ പാർലമെന്റിൽ ചെന്നു പ്രസംഗിക്കുകപോലും ചെയ്തു. വിരുദ്ധമുന്നണിക്കാർ ഇതുവരെ ആരേയും കൊന്നതായി അറിവില്ല. വിരുദ്ധമുന്നണിക്കാരെ റൗഡികൾ എന്നു വിളിക്കുന്ന കമ്മ്യൂണിസ്റ്റ് കാരാകട്ടെ നിരപരാധികളായ നിരവധിപേരെ മൃഗീയമായരീതിയിൽ വധിച്ചിട്ടുണ്ട്. ആരേയും കൊന്നിട്ടില്ലാത്ത വിരുദ്ധമുന്നണിക്കാരെ റൗഡികൾ എന്നാണ് വിളിക്കുന്നതെങ്കിൽ കൊലപാതകം ഒരു രാഷ്ട്രീയപരിപാടിയായി സ്വീകരിച്ചിട്ടുള്ളവരെ എന്താണ് വിളിക്കേണ്ടതു്?"

### ശ്രീ ശ്രീകണ്ഠൻനായർ മറുപടിപറയുന്നു

2) ശ്രീ ഗോപാലൻ തന്റെ പ്രസംഗത്തിൽ കമ്മ്യൂണിസ്റ്റ് ചൈനയെ ഇങ്ങനെ വാഴ്ത്തുന്നു: "ചൈനയിൽ 4 കൊല്ലമായി സ്വാതന്ത്ര്യം കിട്ടിയിട്ട്. അവിടെ പട്ടിണിയില്ല—പണിയുണ്ട്. ഇവിടെ 6 കൊല്ലമായി. എന്തേ പണിയില്ലാത്തതു്? അരി കിട്ടാത്തതെന്തു്?"

ഇതിനുമറുപടി ആർ. എസ്. പി. നേതാവ് ശ്രീ ശ്രീകണ്ഠൻ നായർ ജൂൺ 30-ാംനു എറണാകുളം സീവ്യൂ ഹോട്ടലിൽവച്ച് നടത്തിയ പ്രസ്സ് കോൺഫറൻസിൽ നൽകിയിട്ടുണ്ട്.

"ചൈനയിലെ ജീവിതത്തോതു് ഇന്ത്യയിലേതുപോലെപ്പോലും ഉയർന്നിട്ടില്ല. കുറെപ്പേർക്ക് സൗഭാഗ്യത്തോടെ ജീവിക്കുകയോ അഥവാ എല്ലാവർക്കും ഉള്ളോളം ഉദാരമായ സൗകര്യങ്ങളോടുകൂടി കഴിഞ്ഞുകൂടുകയോ ചെയ്യാവുന്ന രീതിയിലാണ് ചൈനയിൽ വിതരണത്തിനു ലഭ്യമാകാവുന്ന ഭൂമി. 30 കോടി ജനങ്ങൾക്കായി ആകെ വിതരണം ചെയ്തതു് 11·6 കോടി ഏക്കർ ഭൂമിയാണ്. ചൈനയിലെ മൊത്തം ജനസംഖ്യ 50 കോടിയാണ്. ഈ വിതരണക്രമംകൊണ്ട് ഒരു സാധാരണ കുടുംബത്തിനു് കഴിഞ്ഞുകൂടുവാൻ പ്രയാസമാണെന്നു കാണുവാൻ വിഷമമില്ല. ഭൂമിക്കു് ഇപ്പോൾ ഗവമ്മെന്റിലേക്കു് അടയ്ക്കേണ്ട നികുതി കൂടുതലാണ്. വടക്കുകിഴക്കുഭാഗത്തെ അഭിവൃദ്ധിക്കെല്ലാം അടിസ്ഥാനമിട്ടതു ജപ്പാനാണ്. അതിന്റെ ഫലങ്ങൾ ചൈന ഇപ്പോൾ അനുഭവിക്കുന്നു." ഔദ്യോഗികമാർഗ്ഗങ്ങളിലൂടെ ഔദ്യോഗികസ്ഥിതിവിവരങ്ങളെ അടിസ്ഥാനമാക്കി തനിക്കു ലഭിച്ചവയാണ് ഈ വിവരങ്ങളെന്നു് ശ്രീ ശ്രീകണ്ഠൻനായർ പ്രസ്താവിച്ചു. ചില സ്ഥലങ്ങൾ തനിക്കു കാണാൻ സാധിച്ചില്ലെന്നും, അഥവാ ചൈനീസ് അധികാരികൾ അതിനു സൗകര്യം ചെയ്തുകൊടുത്തില്ലെന്നും അദ്ദേഹം പറയുകയുണ്ടായി.

ശ്രീ ഗോപാലൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു: "ചൈനയിലും റഷ്യയിലും അനേകംപേർ പോകുന്നുണ്ട്. ഇക്കൊല്ലംതന്നെ ചൈനയിൽ 100-ലധികംപേർ പോയി. സ. ശ്രീകണ്ഠൻനായരും അവിടെ പോയിട്ട് മടങ്ങിയെത്തി." എന്നാൽ ശ്രീ കണ്ഠൻനായർ തനിക്കനുഭവപ്പെട്ടതായി നൽകിയ വ[illegible]ങ്ങൾ അയഥാർത്ഥങ്ങളാണെന്നു ശ്രീ ഗോപാലൻ തെളിയിക്കട്ടെ. തെളിയിക്കുവാൻ സാധിക്കയില്ലെന്നു് ജൂലൈ 3-ാംനു തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ് കോൺഫറൻസിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങൾക്കു് വളഞ്ഞും പുളഞ്ഞും ഒഴിഞ്ഞും മാറിയും അദ്ദേഹം നൽകിയ മറുപടികൾ വിളിച്ചുപറയുന്നുണ്ട്.

### ശ്രീ കേശവദേവും മറുപടി പറയുന്നു

3) കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി "ചൈനയ്ക്കും സോവ്യററിനുമെതിരായി ദുഷ്പ്രചരണം" നടത്തുന്നുണ്ടെന്നും, അതിന്റെ ഉദ്ദേശം "കോൺഗ്രസ്സിന്റെ ഭരണംമൂലം മുടിഞ്ഞുകഴിഞ്ഞ ഈ നാട്ടിലെ മുതലെല്ലാം കുറേപേർക്ക് കൊള്ളചെയ്യണം" എന്നതാണെന്നും, "ഉയർന്നുവരുന്ന ചൈനയും സോവ്യററ്യൂണിയനും നല്ലതാണെന്നു കേട്ടാൽ ജനങ്ങൾ ഇവരെ വെറുതെ വിടുകയില്ല" എന്നതുകൊണ്ടാണ് ദുഷ്പ്രചരണം നടത്തുന്നതെന്നും ശ്രീ ഗോപാലൻ പ്രസംഗത്തിൽ പ്രസ്താവിച്ചു. ചൈനയിലെ സൗഭാഗ്യത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ വാഴ്ത്തലും പുകഴ്ത്തലും ശ്രീ ശ്രീകണ്ഠൻനായർ ഖണ്ഡിച്ചുകഴിഞ്ഞല്ലോ. അവയെപ്പോലെതന്നെ റഷ്യയെപ്പററിയുള്ളതും അദ്ദേഹത്തിന്റെ ദുഷ്പ്രചരണമാണെന്നു് ശ്രീ കേശവദേവ് ലോകരെ പണ്ടേ അറിയിച്ചിട്ടുണ്ട്. ശ്രീ ദേവ് "ആക്കുവേണ്ടി" എന്ന തന്റെ ചെറിയ നോവലിന്റെ 2-ാം പതിപ്പിനു് മുഖവുരയായി എഴുതിയിട്ടുള്ളതും ഒരു ലഘുലേഖയായി പ്രസിദ്ധംചെയ്തിട്ടുള്ളതുമായ ലേഖനത്തിൽനിന്നു് ഒരു ഭാഗം ഉദ്ധരിക്കാം.

"സോവ്യററ് യൂണിയനെപ്പററി കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാൻവേണ്ടി ഞാൻ ആത്തിയോടുകൂടി അന്വേഷണം തുടങ്ങി. അനുകൂലമായും പ്രതികൂലമായും ഒട്ടേറെ വസ്തുതകൾ ഞാൻ ഗ്രഹിച്ചു. പണ്ഡിതന്മാരും ചിന്തകന്മാരുമായ ആളുകൾ അന്വേഷണം നടത്തിയതിനുശേഷം എഴുതിയിട്ടുള്ള നീതീകരണങ്ങളും നിഷേധങ്ങളുമാണ് ഞാൻ വായിച്ചതു്. അനുകൂലികൾ നീതീകരണങ്ങളോടുകൂടിയും പ്രതികൂലികൾ നീതീകരണങ്ങളില്ലാതെയും സമ്മതിക്കുന്നതായ ചില വസ്തുതകൾ ഞാൻ കണ്ടെത്തി."

തുടർന്നു് ഈ വസ്തുതകൾ അദ്ദേഹം വിവരിക്കുന്നു.

"റഷ്യൻ ഭരണം, സ്റ്റാലിൻ എന്ന വ്യക്തിയിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. റഷ്യൻ ജനതയുടെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ ജീവിതം—ലൈംഗിക ജീവിതംപോലും—അഭേദ്യമായ ആ ഇരുമ്പുമുഷ്ടിയാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു; അമർത്തപ്പെട്ടിരിക്കുന്നു. സ്റ്റാലിന്റെ സ്വേച്ഛാധിപത്യത്തെ നിലനിർത്തുവാൻവേണ്ടി ഏററവും പ്രാകൃതവും ഏററവും നവീനവുമായ കാപട്യങ്ങളേയും ക്രൂരതകളേയും വിദഗ്ദ്ധമായി പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. സ്റ്റാലിൻ, അപ്രമാദിത്വവും അജയ്യതയും സ്വയം ഏറെറടുത്തിരിക്കുന്നു. സ്റ്റാലിന്റെ വിചാരങ്ങൾക്കും വികാരങ്ങൾക്കും ചെയ്തികൾക്കും താത്വികത്വം കൊടുക്കുവാൻവേണ്ടി മാർക്സിസത്തെ വളച്ചൊടിച്ചും, തിരിച്ചുമറിച്ചും, ഞെരിച്ചുപൊടിച്ചും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. നീതീകരണത്തോടുകൂടി ആയാലും അല്ലെങ്കിലും, ഈ വസ്തുതകൾ എല്ലാവരും സമ്മതിക്കുന്നതായിട്ടാണ് കണ്ടതു്.

"റഷ്യൻ ജനതയ്ക്കു് ആഹാരവും വസ്ത്രവും പാർപ്പിടവും കൊടുക്കാമെന്നു് വാഗ്ദത്തംചെയ്തിട്ട്, മഹത്തായ ആ ജനതയുടെ ആത്മാവിനെ ഞെരിച്ചുകൊല്ലുന്നതായ ഒരു ഭീകരസ്വേച്ഛാഭരണത്തെ ഞാൻ പുകഴ്ത്തണമെന്നോ? നീതീകരിക്കണമെന്നോ—സാദ്ധ്യമല്ല. സ്റ്റാലിന്റെ റഷ്യ സോഷ്യലിസത്തിന്റെ പിതൃരാജ്യമല്ലെന്നും ലോകതൊഴിലാളിവർഗ്ഗത്തിന്റെ ആശാകേന്ദ്രമല്ലെന്നും എനിക്കു ബോദ്ധ്യമായി. റഷ്യൻ വ്യാമോഹത്തിൽനിന്നു് ഞാൻ തികച്ചും മോചിതനായി."

ഒരു ജനതയുടെ ആത്മാവിനെ ഞെരിച്ചുകൊല്ലുന്ന, മനുഷ്യവ്യക്തിയുടെ ജന്മാവകാശങ്ങളായ ചിന്താസ്വാതന്ത്ര്യവും സംസാരസ്വാതന്ത്ര്യവും മററുസ്വാതന്ത്ര്യങ്ങളും കണികാണാൻപോലുമില്ലെന്നു് പരബോദ്ധ്യമായിരിക്കുന്ന, റഷ്യൻ ഭരണത്തിനുവേണ്ടി പ്രചരണംനടത്താൻ ബദ്ധപ്പെടുന്ന ശ്രീ ഗോപാലനു് തിരു-കൊച്ചിയിൽ സംസാരസ്വാതന്ത്ര്യം ഉണ്ടായില്ലെന്നുള്ള ആവലാതി അദ്ദേഹത്തിന്റെ വായിൽനിന്നു പുറപ്പെട്ടതു് ലജ്ജാകരമല്ലയോ? "എനിക്കു് ഇന്നു് ഒരുസ്ഥലത്തു് എന്റെ അഭിപ്രായങ്ങളെ പ്രകടിപ്പിക്കാൻ സാധിച്ചില്ല. കൂകിയാക്കലാണുണ്ടായതു്. ഞാൻ കേന്ദ്രമന്ത്രിക്കു്, കഡ്ജുവിനു്, കമ്പിയടിച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രതിനിധിയായ എനിക്കു നാട്ടിലിറങ്ങി എന്തെങ്കിലും പറയാനുള്ള സ്വാതന്ത്ര്യം ഉണ്ടോ ഇല്ലയോ എന്നു് എനിക്കറിയണം. എനിക്കങ്ങനെയാണെങ്കിൽ പാർലമെന്റിനകത്തുപറയണോ പുറത്തുപറയണോ എന്നു ഞാൻ തീരുമാനിക്കും. അകത്തുപറയുന്നതു് പുറത്തു വിശദീകരിക്കാൻ ഇവിടെ സ്വാതന്ത്ര്യമില്ലെങ്കിൽ നമുക്കു മററു പരിപാടി സ്വീകരിക്കേണ്ടിവരും."

ലജ്ജയില്ലാതെ ശ്രീ ഗോപാലൻ തട്ടിവിട്ട ഈ വാക്കുകൾ കേട്ട സദസ്യരിൽനിന്നു "ഷെയിം, ഷെയിം" എന്ന വിളി അന്തരീക്ഷത്തിൽ മുഴങ്ങുന്നതിനുപകരം "ഹിയർ, ഹിയർ" എന്ന വിളിയാണ് പുറപ്പെട്ടതെന്നു് പത്രറിപ്പോർട്ടിൽ കാണുന്നതു് അതിലും ലജ്ജാകരമല്ലയോ? ശ്രീ ഗോപാലനു് സ്വീകരണം നൽകിയവരും അദ്ദേഹത്തിന്റെ ഈ ദുഷ്പ്രചരണപ്രസംഗം കേൾക്കാൻ കൂടിയവരും എത്ര അന്തസ്സാരവിഹീനരായിരുന്നുവെന്നു് കാണുക! കോൺഗ്രസ് ഗവമ്മെണ്ടിനെതിരായി ദുഷ്പ്രചരണം നടത്താൻ വന്ന ശ്രീ ഗോപാലനെ സ്വാതന്ത്ര്യപ്രേമികൾ കൂകിയാത്തുവെന്നല്ലേയുള്ളൂ! റഷ്യൻ ഭരണത്തിനെതിരായി റഷ്യയിൽ അദ്ദേഹം ശബ്ദിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ഗതി എന്താകുമായിരുന്നു? ഇവിടെ കേന്ദ്രമന്ത്രിക്കു് കമ്പിയടിക്കാൻ അദ്ദേഹം തുനിഞ്ഞല്ലോ. മന്ത്രി അതു ഗൗനിക്കുമെന്നു് അദ്ദേഹം പ്രതീക്ഷിക്കുകയും ചെയ്യുന്നുണ്ടല്ലോ. റഷ്യയിലായിരുന്നെങ്കിലോ? അദ്ദേഹത്തിന്റെ പൊടിപോലും കാണുമായിരുന്നോ? രഹസ്യപ്പോലീസിന്റെ ക്രൂരനഖങ്ങൾ അദ്ദേഹത്തെ ചീന്തിക്കീറുമായിരുന്നില്ലേ?

### കാറൾമാക്സും എങ്കൽസും മറുപടിപറയുന്നു

4) കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ വ്യാജപ്രചരണത്തിനു് ഒരു ദൃഷ്ടാന്തം ചൂണ്ടിക്കാണിച്ച് ശ്രീ ഗോപാലൻ പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു:- "സ്ത്രീകളേയും പൊതുസ്വത്താക്കിയിരിക്കുന്നുവെന്നു് വിരുദ്ധമുന്നണി പറഞ്ഞുപരത്തിയിട്ടുണ്ട്. സ്ത്രീകളും ഇതു ശരിയാണെന്നു വിശ്വസിക്കുന്നു."

ഇതു് വിരുദ്ധമുന്നണി വൃഥാ പറഞ്ഞുപരത്തുന്നതല്ല, പ്രത്യുത മാക്സും സഹചാരിയായ എങ്കൽസുംകൂടി കമ്മ്യൂണിസത്തിന്റെ പ്രമാണപത്രികയായി ഒരു നൂററാണ്ടിനു മുമ്പുതന്നെ എഴുതിവച്ചിട്ടുള്ള "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ"യിൽ ഉദ്ബോധിപ്പിച്ചിട്ടുള്ളതാണ്. ആ വസ്തുത കാറൾമാക്സ് അദ്ദേഹത്തിന്റെ ശവകുടീരത്തിൽനിന്നു് ശ്രീ ഗോപാലനോടു് വിളിച്ചുപറയുന്നുണ്ടാവും. കമ്മ്യൂണിസ്റ്റാഭിമുഖ്യത്തിൽത്തന്നെ പ്രസാധനം ചെയ്തിട്ടുള്ള മാനിഫെസ്റ്റോയുടെ മലയാളപരിഭാഷയിൽനിന്നു് ആ ഭാഗം ഉദ്ധരിക്കാം.

"കമ്മ്യൂണിസ്റ്റുകാരായ നിങ്ങൾ സ്ത്രീകളെ പൊതുസ്വത്താക്കും എന്നു മുതലാളിമാരെല്ലാം കൂട്ടമായി മുറവിളികൂട്ടുന്നു" എന്നു് അവതാരികയായി പറഞ്ഞുകൊണ്ടു് പ്രസ്തുതാക്ഷേപത്തിനു് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ സമാധാനം പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:- "ബൂർഷ്വാരീതിയിലുള്ള വിവാഹം വാസ്തവത്തിൽ ഭാര്യമാരെ പൊതുവുടമയാക്കിവയ്ക്കുന്ന ഒരുസമ്പ്രദായമാണ്. അപ്പോൾ, കമ്മ്യൂണിസ്റ്റുകാരുടെ നേർക്കു് എന്തെങ്കിലും ആക്ഷേപം കൊണ്ടുവരാൻ വകയുണ്ടെങ്കിൽ കവിഞ്ഞപക്ഷം അതിതുമാത്രമാണ്: സ്ത്രീകളെ പൊതുസ്വത്താക്കുകയെന്നതു് കാപട്യത്തിൽ മൂടിവയ്ക്കുന്നതിനുപകരം, അതു പരസ്യമായും നിയമവിധേയമായ മട്ടിലും ആവണമെന്നു് അവർ ആഗ്രഹിക്കുന്നു." (കീഴ്‌വര ഞങ്ങളുടേതു്.) ബൂർഷ്വാരീതിയിലുള്ള അതായതു് സ്വകാര്യസ്വത്തുടമയുള്ള രാജ്യങ്ങളിൽ നടക്കുന്നതും സ്വകാര്യസ്വത്തുടമകൾ നടത്തുന്നതുമായ, വിവാഹങ്ങളിൽ ഭാര്യമാരെ പൊതുസ്വത്താക്കിവയ്ക്കുന്ന സമ്പ്രദായമുണ്ടെന്നുള്ള മാക്സിന്റേയും എങ്കൽസിന്റേയും പ്രസ്താവം എത്രയോ വാസ്തവവിരുദ്ധം. അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൽപ്പോലും ബൂർഷ്വാരീതിയിലുള്ള വിവാഹം ഇങ്ങനെയുള്ളതായിരുന്നുവെന്നു പ്രസ്താവിച്ചതു് യഥാർത്ഥത്തിൽ ഏററവും വലിയ ദുഷ്പ്രചരണമായിരുന്നില്ലേ? അഥവാ അങ്ങനെയുണ്ടെന്നാണ് അവരുടെ അജ്ഞതമൂലം അവർ ധരിച്ചുവച്ചതെങ്കിൽത്തന്നെ ആ ദുഷ്ടസമ്പ്രദായം മാററാനല്ലയോ അവർ ഉദ്യമിക്കേണ്ടിയിരുന്നതു്? അതിനുപകരം അവർ ചെയ്തതെന്താണ്? ബൂർഷ്വാകൾ കാപട്യത്തിലും മൂടിവച്ചും നടത്തുന്ന ദുഷ്ടസമ്പ്രദായം പരസ്യമായും നിയമവിധേയമായ മട്ടിലും നടപ്പാക്കണമെന്നു് അവർ ഉദ്ബോധിപ്പിക്കുന്നു. ഈ ഉദ്ബോധനം മനുഷ്യത്വബോധമുള്ളവരാരും അനുസരിക്കുകയി

(ശേഷം 10-ാം പേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 26 Ernakulam July 15 1953 No. 45


### Catholics and Those in Error

To those who are apt to become bitter against Non-Catholics who attack our cherished beliefs, the following story is told of the late Lister Drummond, one of the founders of the Catholic Evidence Guild. When asked how he kept, his temper under fierce heckling, his reply was: "You are sitting in your front room, and you see a man come through the garden gate. Instead of coming up the path he goes trampling all over your precious flower-beds. You rush out indignantly to expostulate, and when you get there you find that he's blind."

### A Common Disease

"So you are a free-thinker, are you?" the famous Mgr. Dupanloup, Archbishop of Orleans, once said to a boastful young man who confronted him. "Yes," replied the young man. "I am a free-thinker." "Have you read the Bible?" "No; I have not." "Have you read Bossuet?" "No." "Nor Chateaubriand?" persisted his Grace. "No; I have never read any of these." "Oh, then, my dear sir," said the Archbishop, "I can assure you that you are not a freethinker at all. You are only an ignoramus."

We cannot love men, without hating error. Error is a disease. The less we hate the disease, the less we love men.

*Th. Henry Brianceau S. S.*

### For Rainy Sundays

John Ruskin in his writings often referred to the bad effect which adverse weather had upon him. "It takes my little wits out of me woefully" he wrote. Yet he never wrote anything brighter than his reasons for going to church when it rains. Among them are these:

"Because the 4th (third in the Catholic list) commandment does not except the rainy Lord's Day. Because I may miss exactly the sermon or prayer I need: Because the rain did not keep me from the tea last Monday, nor the dinner last Wednesday, nor the ball game last Saturday, nor the store any day in the week. Because an example which cannot stand a little wetting is of little account. Because my faith should not be a matter of thermometers. Because the man who fears the rain will soon fear the cloud, and he who fears the day soon fears the daylight itself as reason for his neglecting church."

# വിവിധവൃത്താന്തങ്ങൾ

### കമ്മ്യൂണിസ്റ്റ്കാരെ വേണ്ട വേണ്ട

ഹോളണ്ടിലെ ഇക്കഴിഞ്ഞ ജലപ്രളയദുഃഖപരിഹാരാർത്ഥം നിയമിക്കപ്പെട്ട ഗവർമ്മെൻറുകമ്മിററിയിൽ കമ്മ്യൂണിസ്റ്റ് എം. പി. മാരെ ആരെയും സംബന്ധിപ്പിക്കയുണ്ടായില്ല. പാർലമെൻറിലെ വലിയ ഭൂരിപക്ഷത്തിൻെറ വോട്ടനുസരിച്ചാണ് ഇപ്രകാരം ചെയ്തതു്. അതിന്മേൽ അവർ പരാതിപ്പെട്ടപ്പോൾ, ജനങ്ങളുടെ ജീവരക്ഷാർത്ഥമുള്ള ഗൗരവാവഹമായ ഒരു സംഗതിയാകയാലാണ് അവരെ ഉൾപ്പെടുത്താൻ നിവൃത്തിയില്ലാതെ വന്നതെന്നു് ഗവർമ്മെൻറുപക്ഷത്തുനിന്നു മറുപടികൊടുത്തു. അമേരിക്കൻ ഭടന്മാരെ ജലപ്രവാഹത്തിൽനിന്നു ജനങ്ങളെ രക്ഷിക്കാൻ നിയോഗിച്ചതിനെപ്പററി കമ്മ്യൂണിസ്റ്റ്കാർ നിശിതമായി വിമർശിച്ചു. "ഉവ്വ്. അവരെ നിയോഗിച്ചു. അനേകശതം ജനങ്ങളെ അവർ രക്ഷിച്ചെടുക്കുകയും ചെയ്തു" എന്നാണ് പ്രധാനമന്ത്രി പ്രത്യുത്തരം നൽകിയതു്.

### ഞായറാഴ്ചയാചരണം — ഹോളണ്ടിലെ പുതിയ നിയമങ്ങൾ

ഞായറാഴ്ചദിവസം ക്രിസ്തീയമായവിധത്തിൽ ആചരിക്കുന്നതിനെ നിഷ്കർഷിച്ചുകൊണ്ടു് നെതർലണ്ടു പാർലമെൻറു ചില നിശ്ചയങ്ങൾ പാസാക്കിയിരിക്കുന്നു. ഞായറാഴ്ച ഉച്ചകഴിഞ്ഞു് ഒരുമണിക്കുമുമ്പു് ആഘോഷമായ യാതൊരു പരസ്യപ്രകടനങ്ങളും നടത്താൻ പാടില്ല. 600 അടിയിൽ കൂടുതൽ ദൂരത്തിൽ കേൾക്കപ്പെടാവുന്ന ശബ്ദകോലാഹലങ്ങളൊന്നും ആ സമയത്തു അനുവദിക്കപ്പെടുന്നതല്ല. ക്രിസ്തുമസും സ്വർഗ്ഗാരോഹണവും ഈ നിയമപരിധിയിൽപ്പെടും. ദുഃഖവെള്ളിയാഴ്ച, ഉയിർപ്പും പന്തക്കുസ്തായും കഴിഞ്ഞുവരുന്ന തിങ്കളാഴ്ചകൾ, പിറവിയുടെ പിറേറദിവസം ഈ നാളുകളിൽ ദേവാലയശുശ്രൂഷകൾക്കു തടസ്സംവരത്തക്ക യാതൊരു ശബ്ദങ്ങളും കേൾപ്പിച്ചുകൂടാത്തതാകുന്നു. ആ ദിവസങ്ങളിലും ഷോപ്പുകൾ അടച്ചിരിക്കേണ്ടതാണ്. ഒരാഴ്ചത്തെ തീവ്രമായ വാദപ്രതിവാദങ്ങളുടെശേഷം 24-നു് എതിരായി 60 വോട്ടുകളോടുകൂടിയാണ് പാർലമെൻറു് ഈ നിയമം പാസ്സാക്കിയിരിക്കുന്നതു്.

### ഡോക്ടർ സലാസറിൻെറ രജതജൂബിലി

പോർട്ടുഗലിലെ പ്രധാനമന്ത്രിയായ ഡോക്ടർ അൻേറാനിയോ ദെ ഒലിവേയിരാ സലാസർ ക്യാബിനററിൽ പ്രവേശിച്ചതിൻെറ 25-ാം വാർഷികജൂബിലി പോർട്ടുഗീസുജനങ്ങൾ ഈയിടെ കൊണ്ടാടിയിരിക്കുന്നു. ലിസ്ബൺ കത്തീഡ്രലിൽ തടിച്ചുകൂടിയിരുന്ന ജനാവലിയുടെ സാന്നിദ്ധ്യത്തിൽ കർദ്ദിനാൾ പാത്രിയർക്കീസായ ചെറെജെയിരാ തിരുമനസ്സുകൊണ്ടു് തെദേവും എന്ന സ്തോത്രഗീതം ആലപിച്ചു. അനന്തരം പ്രധാനമന്ത്രിയുടെ സ്മാരകമായി തലസ്ഥാനനഗരിയിൽ പണികഴിച്ചിട്ടുള്ള ബ്രഹ്മാണ്ഡമായ ആസ്പത്രിയുടെ ഉൽഘാടനകർമ്മം നിർവ്വഹിക്കപ്പെട്ടു. 1500 കിടക്കകളുള്ള ഈ ആസ്പത്രിയോടു് അനുബന്ധിച്ചു് ഒരു മെഡിക്കൽ കോളെജും ആരംഭിച്ചിട്ടുണ്ടു്. പോർട്ടുഗൽ അധഃപതനത്തിൻെറ വക്കിൽ എത്തിയിരുന്നപ്പോൾ 1928 ഏപ്രിലിലാണ് സലാസർ ധനകാര്യമന്ത്രിയായി ക്യാബിനററിൽ പ്രവേശിച്ചതു്. 1932-ൽ പ്രധാനമന്ത്രിപദവും കൈയേററു. അന്നുമുതൽ തുടർച്ചയായി പ്രസ്തുത ജോലി നിർവ്വഹിച്ചുവരുന്നു. നാശഗർത്തത്തിൽനിന്നു രാജ്യത്തെ രക്ഷിച്ചെടുത്ത ഈ മഹാപുരുഷനെ ജനങ്ങൾ ഒന്നടങ്കം നിർവ്യാജമായി പൂജിച്ചുവരുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.

### ഓർശലേത്തെ ഗ്രീക്കുസഭക്കാരുടെ ശാഠ്യം

ഇക്കൊല്ലത്തെ ഈസ്റ്റർതിരുനാൾ സംബന്ധിച്ചുള്ള ഓർശലത്തെ ആഘോഷദിവ്യപൂജ മുതലായവ പ്രക്ഷേപണംചെയ്യുന്നതിനു ജോർഡാൻ ഗവർമ്മെൻറിൻെറ അനുമതിയോടെ ഒരു ഡച്ചുകമ്പനിക്കാർ ഏർപ്പാടുചെയ്തിരുന്നു. തിരുക്കബറിടത്തിൻെറ ബസ്ലിക്കായിലാണ് ഈ കർമ്മങ്ങൾ പതിവായി നടന്നിരുന്നതു്. എന്നാൽ ദേവാലയാതിർത്തിക്കുള്ളിൽനിന്നു് പ്രക്ഷേപണം ചെയ്യുന്നതു നിയമവിരുദ്ധമാകയാൽ അതു പാടില്ലെന്നു ഗ്രീക്കുശീശ്മസഭാധികാരികൾ ശാഠ്യം പിടിച്ചു. തന്നിമിത്തം പ്രസ്തുത ദേവാലയത്തിൽനിന്നു അരമൈൽ അകലെയുള്ള എച്ചേ ഹോമോ (ഇതാ മാനുഷൻ) എന്ന പള്ളിയിലാണ് ഒടുവിൽ തിരുകർമ്മങ്ങൾ നടത്തിയതു്. കമ്പനിക്കാർ അവിടെനിന്നു മുൻനിശ്ചയപ്രകാരം ചടങ്ങുകളെല്ലാം പ്രക്ഷേപണം ചെയ്കയും ചെയ്തു.

### വിശുദ്ധ വത്സരത്തിൻെറ ഔദ്യോഗിക റിപ്പോർട്ട്

വത്തിക്കാൻ പ്രസിദ്ധീകരണശാലയിൽനിന്നു 1950-ലെ വിശുദ്ധവത്സരത്തിൻെറ ഔദ്യോഗികറിപ്പോർട്ടു് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 1468 പേജുകളോടും 312 മനോഹര ചിത്രങ്ങളോടുംകൂടിയ ഈ വിസ്തൃത ഗ്രന്ഥത്തിൽ സംഭവബഹുലമായ വിശുദ്ധവത്സരം സംബന്ധിച്ച പ്രായേണ എല്ലാ സംഗതികളും രേഖപ്പെടുത്തിയിട്ടുണ്ടു്. പരിശുദ്ധപിതാവിൻെറ പ്രഭാഷണങ്ങളും പ്രഖ്യാപനങ്ങളും ലാററിൻ, ഇററാലിയൻ എന്നീ ഭാഷകളിൽ ചേർത്തിരിക്കുന്നു. പ്രധാന തീർത്ഥകസംഘങ്ങളുടെയെല്ലാം വിവരങ്ങളും വിശദമായി കാണിച്ചിട്ടുണ്ടു്. ഇതുകൂടാതെ പ്രൗഢങ്ങളും വിജ്ഞാനപ്രദങ്ങളുമായ പല ലേഖനങ്ങളും ഈ പ്രസിദ്ധീകരണത്തെ അലങ്കരിക്കുന്നതായി കാണാം.

## പതറാതെ.......

(ജയിംസ് തോപ്പിൽ)

അകലെയകുന്നിൻനെറുകയിൽ നാളെയും
തലപൊക്കിനില്ക്കുമുദയസൂര്യൻ.
അനുദിനമമ്പാന്നു പൈങ്കിളിക്കൂട്ടങ്ങ-
ളലതല്ലിയാക്കും വിജയഗീതം
അതു നുകന്നുനുകന്നഭിമാനരോമാഞ്ച-
മണിയേണ്ടുവോർ നമ്മളാത്മജരേ!
പുലർകാലവായുവുതിർക്കും മണിനാദ-
മയവിറക്കേണ്ടുവോർ നമ്മളെല്ലാം.
ഒരു പുതുസംസ്കാരത്തിരയേറിത്തിരിയുമ്പോ-
ളതിലുള്ളൊരഭിമാനക്കുമിളകൾ നാം!
വരുവതു സഹജാതരൊരുമയിലരുമയി-
ലരിയൊരു പുതുലോകമുയിരിടുന്നു.
സമതയും സംതൃപ്താനന്ദപ്രശാന്തിയും
തളിരിടും പുതുലോകമുയിരിടുന്നു.
മനുകുലമഹിമകൾ മഹിയിതിൽ മഹിതമായ്
മരുവിടും പുതുലോകമുയിരിടുന്നു.
കറുകയും പാലയും തെററിയും പരിമളം
ചൊരിയുന്ന പുതുലോകമുയിരിടുന്നു.
മയിലുകളഖിലവും ചിറകുവിരിച്ചാടുന്ന
മധുമധുരപ്പുതുലോകമുയിരിടുന്നു.
സരളതതൻ വീണയിൽ മധുരതതൻ കോകിലം
സരിഗമപ്പതനിസ പാടിടുന്നു.
ആടുവാൻ, പാടുവാൻ, ആനന്ദമഗ്നരാ-
യടിപതറാ,തടിപതറാതണയുക നമ്മൾ!

### പാക്കിസ്ഥാൻ പത്രത്തിൻെറ മുഖപ്രസംഗം

പാക്കിസ്ഥാനിലെ ഏക കത്തോലിക്കാ പത്രമായ "ദി ക്രിസ്ത്യൻ വോയ്സ്" അവിടത്തെ ക്രിസ്ത്യാനികളുടെ അവശതകളെപ്പററി പ്രതിപാദിക്കുന്ന ഒരു മുഖപ്രസംഗമദ്ധ്യേ പറയുന്നു: "ന്യൂനപക്ഷ സമുദായങ്ങളെ ഉന്മൂലനം ചെയ്യുന്നതിനുള്ള സംഘടിതപരിശ്രമങ്ങളൊന്നും ഇവിടെ ഉണ്ടാകുമെന്നു ഭയപ്പെടാനില്ല. എങ്കിലും രാജ്യത്തെ പൗരന്മാരെന്ന നിലയിൽ പല അവശതകൾ അവർ അനുഭവിക്കുന്നുണ്ടു്. സ്റ്റെയ്ററിൻെറ സന്താനങ്ങളായിട്ടല്ല അവർ പരിഗണിക്കപ്പെടുന്നതു്. ദത്തുപുത്രന്മാരുടെ ഒരു നിലയേ അവർക്കുള്ളു. ഇസ്ലാം സമുദായത്തിനാണ് സകലതിലും മുൻഗണനയുള്ളതു്. അമുസ്ലീമിങ്ങളായിട്ടുള്ള ഒരുഗണം പൗരന്മാർ ഇവിടെയുണ്ടെന്നുള്ള കാര്യമേ ചിലപ്പോൾ വിസ്മരിക്കപ്പെട്ടുപോകുന്നു. അടുത്തകാലത്തു പാക്കിസ്ഥാനിലേക്കു കടന്നുകൂടിയിട്ടുള്ള ഒരു മുസ്ലീമും ഒരു യഥാർത്ഥ പാക്കിസ്ഥാനിയായി ഉടനടി സ്വീകരിക്കപ്പെടുന്നു. പത്തും ഇരുപതും കൊല്ലം ഇവിടെ താമസിച്ചിട്ടുള്ള ചില അമുസ്ലീമിങ്ങളുടെ പാക്കിസ്ഥാൻ പൗരത്വം ഇനിയും സ്ഥിരീകരിക്കപ്പെടാതെ കിടക്കുന്നുണ്ടു്."

### വിശുദ്ധനായ മിഷനറി — യുദ്ധകാര്യലേഖകൻെറ പ്രസ്താവന

കൊറിയായിൽനിന്നു അടുത്ത ദിവസം വിട്ടയച്ച തടവുകാരുടെ കൂട്ടത്തിൽ ചുൺചോനിലെ പ്രീഫെക്ട് അപ്പസ്തോലിക്കയായ മോൺസിഞ്ഞോർ ക്വിൻലാനും ഉൾപ്പെടുന്നു. ഐറിഷ്കാരനായ ഒരു സെൻറു് കൊളംബൻ മിഷനറിയാണിദ്ദേഹം. അദ്ദേഹത്തോടൊന്നിച്ചു മോചിതനായ ഫിലിപ്പ് ഡീൻ എന്ന യുദ്ധകാര്യലേഖകൻ "ഏയ്ജ്" എന്ന പ്രസിദ്ധ പത്രത്തിൽ ഒരു ലേഖനം എഴുതിയിരിക്കുന്നു. "വിശുദ്ധനായ ആ മിഷനറി" എന്നാണ് ലേഖനത്തിൻെറ തലക്കെട്ടുതന്നെ. ലേഖനമദ്ധ്യേ മോൺ. ക്വിൻലാനിനെപ്പററി പറയുന്നു: "അദ്ദേഹം അവിടെ ഞങ്ങളുടെ ജയക്കൊടിയായിരുന്നു. ഒരു പരിശുദ്ധൻ ആ വിപൽഘട്ടത്തിൽ ഞങ്ങളോടൊന്നിച്ചു വരാനിടയായി. അദ്ദേഹവുമായി പരിചയപ്പെടുന്നതിനുവേണ്ടിമാത്രം ബന്ധനസ്ഥനാകേണ്ടിവന്നാലും അതൊരു ഭാഗ്യമായിരിക്കും. അദ്ദേഹവുമായി കണ്ടുമുട്ടിയാൽപ്പിന്നെ നിരാശയ്ക്കു സ്ഥാനമില്ല.......കാരാഗൃഹത്തിൽ അദ്ദേഹം ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു. ഒരു പടയാളി ഒരിക്കൽ തോക്കു നീട്ടിക്കൊണ്ടു പറഞ്ഞു: ഇനി നിങ്ങൾ പ്രാർത്ഥിച്ചുപോകരുതു്. അദ്ദേഹം മറുപടി പറഞ്ഞതിങ്ങനെയാണ്: മകനേ! ഏഴു വയസ്സുമുതൽ ഞാനിങ്ങനെ പ്രാർത്ഥിച്ചുവരുന്നതാണ്. നിൻെറ തോക്കിനെ ഭയപ്പെട്ടു അതു വിട്ടുപേക്ഷിപ്പാൻ ഞാൻ കരുതിയിട്ടില്ല."

### ഓസ്ട്രേലിയായ്ക്കു് ഐറിഷ് മെത്രാപ്പോലീത്തായുടെ ദാനം

സിഡ്നി കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനായി വന്നിരുന്ന ഡബ്ലിൻ മെത്രാപ്പോലീത്താ ഡോക്ടർ മക്ക് കെയിഡ് തിരുമനസ്സുകൊണ്ടു് ഒരു തൊഴിലാളിയായ മാററു് ടാൽബട്ടിൻെറ പൂജ്യാവശിഷ്ടം ഗിൽറോയികർദ്ദിനാളിനെ ഏല്പിച്ചിരിക്കുന്നു. വന്ദ്യനായ ആ ഐറിഷ്കാരൻ തൻെറ തലയിണയായി ഉപയോഗിച്ചിരുന്ന മുറിത്തടിയുടെ ഒരു കഷണമാണിതു്. ഓസ്ട്രേലിയായിലെ വിൻസെൻറു് ഡി പോൾ സംഘടനയ്ക്കുള്ള ഒരു ദാനമായിട്ടത്രെ അതു നൽകപ്പെട്ടതു്. കോൺഗ്രസ്സ് ഉൽഘാടനദിവസത്തിൽ, സംഘടനവകയായി പണികഴിച്ചിട്ടുള്ള ഓസാനാം മന്ദിരവും ടാൽബട്ട് ഹോസ്റ്റലും ആശീർവ്വദിച്ച അവസരത്തിലാണ് ഈ സംഭാവന സമർപ്പിക്കപ്പെട്ടതു്.